# FIRST GEOGRAPHY.

ചെന്നപട്ടണംമുതലായ

പള്ളിക്കൂടങ്ങളിൽ

ഇംഗ്ലീഷു മലയാളം തമിഴ മുതലായിട്ടുള്ള

ഭാഷകൾ പഠിക്കുന്ന കുഞ്ഞുങ്ങൾക്കു

ഉപയോഗത്തിനായിട്ടു

ഉണ്ടാക്കിയിട്ടുള്ള

# ഭൂമിശാസ്ത്രം

ഒന്നാമത പുസ്തകം

*Travancore Government Press.*

1855.

5 E
1405

NR 403

# FIRST GEOGRAPHY.

ചെന്നപട്ടണംമുതലായ

പള്ളിക്കൂടങ്ങളിൽ

ഇംഗ്ലീഷു മലയാളം തമിഴ മുതലായിട്ടുള്ള

ഭാഷകൾ പഠിക്കുന്ന കുഞ്ഞുങ്ങൾക്കു

ഉപയൊഗത്തിനായിട്ടു

ഉണ്ടാക്കിയിട്ടുള്ള

ഭൂമിശാസ്ത്രം

ഒന്നാമത പുസ്തകം

K. UNIV. BIBL. TUEBINGEN

*Travancore Government Press.*

1855.

UNIV. BIBL. TÜBINGEN

5E 1405

# ഭൂമിശാസ്ത്രം.

## ജെന്നപട്ടണത്തുചെൎന്ന പ്രദെശങ്ങളിൽ ഇംഗ്ലീഷുപള്ളിക്കൂടത്തിനും നാട്ടുപള്ളിക്കൂടത്തിനും വെണ്ടിയുള്ള ഒന്നാമത്തെ ഭൂമിശാസ്ത്രം.

---

### ഒന്നാം അദ്ധ്യായം.

൧ നാം പാൎക്കുന്ന ഭൂമിയെകുറിച്ചു വിപരിക്കുന്നത ഭൂമിശാസ്ത്രം എന്നപറയുന്നു

൨ ഭൂമിയെ ഭൂലൊകമെന്നും പറയുന്നു

൩ ചന്ദ്രനെപ്പൊലെ ഭൂമി ഉരുണ്ടിരിക്കുന്നു

൪ നക്ഷത്ത്രാ മണ്ഡലത്തിൽ നാം കാണുന്ന ചന്ദ്രനെപ്പൊലെ ഭൂമിയും ആകാശത്തിൽ നികന്നു നില്ക്കുന്നു

൫ അതു താഴെ വീണുപൊകാതെ യിരിപ്പാൻ തക്കവെണ്ണം അടിയിൽയാതൊരു ആധാരവുമില്ല ൟശ്വരൻ തന്റെ ശക്തികൊണ്ടു അതിനെ ആകാശത്തിൽ പൊങ്ങിവച്ചിരിക്കുന്നു

൬ ഭൂമി തറയും വെള്ളവുമായിട്ടിരിക്കുന്നു

൭ മൂന്നിൽ ഒരുപങ്ക തറയും ശെഷം വെള്ളവും. ആ വെള്ളം തന്നെ സമുദ്രവും ആകുന്നു

൮ സൂൎയ്യൻ ഉദിക്കുന്ന സ്ഥലം കിഴക്കെന്ന വിളിക്കപ്പെടുന്നു

൯ സൂൎയ്യൻ ഉദിക്കുന്ന സമയത്ത നിന്റെ മുഖം അതിന്റെ നെൎക്കായിട്ട നിന്നാൽ നിന്റെ എടത്തെ

കൈവശം വടക്കും വലത്തെ കൈവശം തെക്കും മുതു കിൻെറ പുറകു പടിഞ്ഞാറും ആകുന്നു

നിനവു

പഠിക്കുന്ന പൈതങ്ങളെ നിത്തിയ്യം കൊണ്ടു വടക്കു തെക്കു കിഴക്കു പടിഞ്ഞാറു കാണിക്കത്തക്കവെണ്ണവും ചിലപ്പൊൾ കിഴക്കൊട്ടു മുഖമായിട്ടും ചിലപ്പൊൾ മുതുകു കിഴക്കൊട്ടായിട്ടും നിത്തിയ്യം പുരയടത്തിൻെറയൊ ദിക്കിൻെറയൊ വടക്കെവശം എതെന്ന കാണിച്ചു തരുന്നതിനും ഒരു വീട്ടിനെയൊ വൃക്ഷത്തിനെയൊ ചൂണ്ടിക്കാണിച്ചു ആയ്തു പള്ളിക്കൂടത്തിൻെറ കിഴക്കൊ പടിഞ്ഞാറൊ എന്നും ഇപ്രകാരം വാദ്ധ്യാൻ പൈതങ്ങളൊടു ചൊതിച്ചു ശീലിപ്പിക്കയ്യും വെണം

---

## ൨ാം അദ്ധ്യായം

൧ ഭൂമിയുടെ രൂപത്തെയ്യും ഓരൊ ദിക്കുകളും കടലും എവിടെ ആകുന്നു എന്നും അറിയ്യുന്നതിന വെണ്ടി ഉണ്ടാക്കിയിട്ടുള്ളു പടം ഭൂമിപടം എന്ന പറയ്യുന്നു

൨ ആ പടത്തിൽ ചില പക്കം ചായമിട്ടു അതിൻെറ മീതെ പെരുകൾ എഴുതിയിട്ടുണ്ടു ഇതു തറയെ കാണിക്കുന്നതാകുന്നു

൩ പടത്തിൽ എതാനും പക്കം ചായമില്ലാ ആയ്തു കടലിനെ കാണിക്കുന്നതാകുന്നു

൪ പടത്തിൻെറ മുകൾ വടക്കെ വശമാകുന്നു

നിനവു

പടത്തിൽ കിഴക്കു - തെക്കു - വശംമുതലായ്തു - എതെന്നും ആശാൻ പൈതങ്ങളെകൊണ്ടു കാണിപ്പിക്കണം

൪ ചന്ദ്രനെപ്പോലെ ഭൂമിയും വട്ടമായിട്ടു ഇരിക്കുന്നപ്രകാരം നാം പറഞ്ഞിട്ടുണ്ടല്ലൊ

൫ ചന്ദ്രനെ നീ നൊക്കുംപൊൾ ഒരു ത്രപായെപ്പൊലെ പരന്നിരിക്കുന്നതായിട്ടു കാണുന്നു

൬ എന്നാലത പരന്നിരിക്കയല്ല വലിയ നാരങ്ങാപൊലെ ഉരുണ്ടിരിക്കുന്നു

൭ വളരെ ദൂരത്തിൽ ആകയാലും ഒരുവശം മാത്രം നാംകാണുന്നതിനാലുംചന്ദ്രൻപരന്നു കാണുന്നു

നിനവു

൮ വിപരം കുഞ്ഞുങ്ങൾക്കു തെളിവായിട്ടു പറഞ്ഞു കൊടുക്കണം എകദെശം അൻപതടി ദൂരത്തിൽ ഒരു ഉരുണ്ട പാത്രമൊ മററു വല്ല വസ്തുവൊ വച്ചു കാണിച്ചാൽ ചന്ദ്രനെപ്പൊലെ പരന്നു കാണുകയും ചെയ്യും

൯ വലിയ നാരങ്ങായെപ്പൊലെ കടലാസിൽ ഉരുണ്ടയായിട്ടു തീൎപ്പാൻ വഹ്യാത്തതിനാൽ ഭൂമിപ്പടത്തെ പരപ്പായിട്ടു ഉണ്ടാക്കിയിരിക്കുന്നു

൰ ഇപ്പ്രകാരം ഭൂമിയെ കാണിപ്പാൻ തക്കവണ്ണം ഭൂമിപ്പടത്തെ രണ്ടു ചക്രവട്ടമായിട്ടു ഉണ്ടാക്കിയിരിക്കുന്നു

൰൧ ഒരുചക്രവട്ടം ഒന്നുപാതി ഭൂമിയെകാണിക്കുന്നു – അതിനെ കിഴക്കെ പാതിയെന്നപറയുന്നു

൰൨ മററെ ചക്രവട്ടം പടിഞ്ഞാറെപാതിയെ കാണിക്കുന്നു

---

## ൩ാം അദ്ധ്യായം

൧ തറ അത്രയും അഞ്ചുവലിയ ഖണ്ഡങ്ങളായിട്ടു വിഭാഗിച്ചിരിക്കുന്നു

൨ ഇതിൽ ഒരുവലിയ ഖണ്ഡം യൂറൊപ്പെന്നും ഒന്ന എഷ്യ്യായെന്നും ഒന്ന ആപ്പ്രിക്കായെന്നും പെർവിളിക്കപ്പെടുന്നു

൩ യൂറൊപ്പും എഷ്യ്യാവും ആപ്പ്രിക്കാവും ഭൂമിയിൽ കിഴക്കെ പാതിയിൽ ഇരിക്കുന്നു

൪ ൟ മൂന്ന ഖണ്ഡങ്ങളും ഒന്നൊടൊന്ന ചെന്നിരിക്കുന്നു - യൂറൊപ്പ എഷ്യ്യാവിനൊടും എഷ്യ്യാ ആപ്പ്രിക്കാവിനൊടും ചെന്നിരിക്കയാൽ കരവഴി ഒന്നിൽ നിന്നും ഒന്നിൽ പൊകയും ചെയ്യാം

൫ കിഴക്കെപാതിയിൽ ആസ്ത്രെലിയായെന്ന വെറെയൊരു ഖണ്ഡം ഇരിക്കുന്നു

൬ അത മററെ ഖണ്ഡങ്ങളൊടു ചെന്നിരിക്കാതെ കുറയെ ദൂരത്തിൽ ആകയാൽ കപ്പലിൽകെറി സമുദ്രം വഴിയത്രെ അവിടെപൊകാം

൭ അമ്മെരിക്കാ എന്നും വെറെഒരു ഖണ്ഡം ഇരിക്കുന്നു

൮ അമ്മെരിക്കാ പടിഞ്ഞാറെ പാതി ഉണ്ടയിൽ ഇരിക്കുന്നു

൯ ൟ ഖണ്ഡങ്ങൾ ഒരൊന്നിലും പല പെരുകൊണ്ടു ദിക്കുകൾ ഇരിക്കുന്നു

---

## ൪ാം അധ്യ്യായം

൧ ഭൂമിയുടെ നാലുവശത്തും സമുദ്രം ചുററി യിരിക്കുന്നു - അതുകൊണ്ടു കപ്പൽവഴി ഒരുകരയിൽ നിന്നും മററു എതു കരയ്ക്കും പൊകാം

൨ സമുദ്രത്തിന്ന അടുത്തിരിക്കുന്ന ദിക്കിന്റെ കര കടൽക്കരയെന്നപറയും

൩ കടലുകൾ എല്ലാം സമുദ്രമെന്നപറയും

൪ ഒരു സമുദ്രത്തിൽനിന്നും മറ്റൊരു സമുദ്രം തിരിച്ചറിയുന്നതിന ഓരൊപങ്ക സമുദ്രത്തിന്ന വെവ്വെറെ പെർ കൊടുത്തിരിക്കുന്നു

൫ എററവും വിസ്താരമായിട്ടുള്ള പങ്കിനെ സമുദ്രമെന്നും വിളിക്കപ്പെടുന്നു — ഇതിന്മണ്ണം ഹിന്തു ദെശത്തിനു സമീപിച്ചിരിക്കുന്നപങ്കു ഹിന്തു സമുദ്രമെന്നവിളിക്കുന്നു

൬ ചെറിയപങ്കുകളെ കടൽഎന്ന വിളിക്കുന്നു— ഇപ്രകാരം തന്നെ ഹിന്തു സമുദ്രത്തിൽ ഒരുപങ്കു അറവ്യാദെശത്തിനു സമീപമായിരിക്കയാൽ ആയ്തിനെ അറവിക്കടൽ എന്നപറയുന്നു

൭ ഒരുവശത്തു യൂറൊപ്പു — ആഫ്രിക്കാ — എന്ന രണ്ടു ഖണ്ഡങ്ങളും മറുവശത്തു അമ്മെറിക്കാ ഖണ്ഡത്തിനും മദ്ധ്യെഉള്ള കടലിനെ അററിലാന്റിക്കു സമുദ്രമെന്നും വിളിക്കുന്നു

൮ എഷ്യാവിനും അമ്മെറിക്കാവിനും മദ്ധ്യെഉള്ള കടൽ പസ്സിവിക്കു — സമുദ്രം എന്നപറയുന്നു

൯ ഹിന്തുദെശത്തിന്റെ തെക്കെവശത്തിൽ ഇരിക്കുന്ന സമുദ്രത്തിനെ ഹിന്തുസമുദ്രം എന്നു പറയുന്നു

൧൦ യൂറൊപ്പു ഖണ്ഡത്തിനു വടക്കെഉള്ള സമുദ്രത്തിന്റെ വടക്കെപ്പങ്കു വടക്കെകടൽ എന്ന പറയുന്നു

൧൧ ഭൂമിയുടെ തെക്കെവശം മുഴുവനും ചുററി യിരിക്കുന്ന സമുദ്രത്തിന്റെ തെക്കെപ്പങ്കു തെക്കെകടൽ എന്നപറയുന്നു

൧൨ കടലിൽ ഉള്ളവെള്ളം എല്ലാടത്തും ഉപ്പുഉള്ളതായിരിക്കുന്നു

൧൩ നല്ലവെള്ളത്തിനെക്കാൽ ഉപ്പു വെള്ളത്തിൽ ഭാരിയായിട്ടുള്ള കപ്പൽ നീകന്നു പൊകുന്നതിനു അധികം എളുപ്പമായിരിക്കുന്നതു കൂടാതെയും സൂൎയ്യന്റെ കാന്തികൊണ്ടു നല്ല വെള്ളത്തിനെപ്പോലെ ഉപ്പുവെള്ളം എററവും വെഗത്തിൽ വററിപ്പൊകാത്തതും ആകയാൽ ൟ സംഗതിയിൽ ഒണ്ടായിരിക്കുന്ന ൟശ്വരജ്ഞാനവും കാരുണ്യവും നമുക്കു പ്രബലപ്പെടുന്നു

---

൫ാം അദ്ധ്യായം

൧ കിഴക്കു പാതി ഉണ്ടയിൽ എഷ്യാഖണ്ഡം ഇരിക്കുന്നു അതു യൂറൊപ്പു - ആപ്രിക്കാവു - അവുസ്ത്രെലിയാ - എന്നും ഖണ്ഡങ്ങളെക്കാൽ അധികം വിസ്താരമായിരിക്കുന്നു

൨ യൂറൊപ്പും ആപ്രിക്കാവും ചെൎന്നാൽ എഷ്യാവിനു സമനായിരിക്കും

൩ അമ്മെറിക്കാ ഖണ്ഡം എകദെശം എഷ്യാവിനു സമമായിരിക്കും

൪ വിസ്താരമായിട്ടുള്ള ൟ ഖണ്ഡങ്ങൾ കൂടാതെ ദ്വീവുകളെന്നും അനെകം ചെറിയസ്ഥലങ്ങൾ ഇരിക്കുന്നു

൫ കടൽ ചുററിയിരിക്കുന്നസ്ഥലം ദ്വീവ എന്നപറയുന്നു

൬ ലെങ്കാ - ഒരു ദ്വീവാകുന്നു - ഭൂമിപ്പടത്തെ നൊക്കി ഇനിയും ചില ദ്വീവുകളെ കാണിച്ചുകൊടു

നിനവു

ഭൂമിപ്പടത്തിൽ ഒള്ള പലദിക്കുകളെയും ആജ്ഞാൻ കുഞ്ഞുങ്ങൾക്കു കാണിച്ചുകൊടുത്തു - പിൻപീടു അവ

രു തന്നെ അതിനെ കാണിക്കയും വിസ്താരമായിട്ടു
ള്ള ദിക്കുകൾ എതെല്ലാമെന്നും അതിലും അധികവി
സ്താരം ഉള്ള സ്ഥലങ്ങൾ എതെല്ലാമെന്നും ഇതിന്മ
ണ്ണം കുഞ്ഞുങ്ങളൊടു വിപരിച്ചു ചൊദിച്ചു ഒരൊ
സ്ഥലത്തിന്റെ സ്ഥിതിയും പഠിപ്പിച്ചു കൊടുക്കയും
വെണം

൭ യൂറൊപ്പ ഖണ്ഡത്തിൽ ഉള്ള പല ദിക്കുകളിലെ
ആളുകളെ യൂറൊപ്യൻമാരെന്നും പറയുന്നു — അവ
രെല്ലാവരും വെള്ളനിറം ഉള്ളവരാകുന്നു

൮ ഇംഗ്ലീഷുകാറരിടെ ദെശം ഇംഗ്ലണ്ടെന്നു
പെരുവിളിക്കുന്നു

൯ എഷ്യാ ഖണ്ഡത്തിലുള്ള നാനാ ദെശത്തെ ജ
നങ്ങളും എഷ്യാട്ടിക്കു—എന്നവിളിക്കപ്പെടുന്നു — അവ
രിൽ ചിലരു ചുകപ്പുകലൎന്ന വെള്ളനിറമുള്ളവരും
അനെകംപെരു മഞ്ഞളും കറുപ്പുംകലൎന്നനിറവും അ
ല്ലെങ്കിൽ കറുപ്പുനിറവും ഉള്ളവരായിരിക്കുന്നു

൧൦ ആഫ്രിക്ക — ഖണ്ഡത്തിൽ ഉള്ളവൎക്കളെ ആ
ഫ്രിക്കൻ എന്നും വിളിക്കുന്നു — അവരിൽ ചിലടത്തു
ള്ളവരുമഞ്ഞളും കറുപ്പും കലൎന്ന നിറമായും അനെ
കം പെരു കറുപ്പു നിറമായുംഇരിക്കുന്നു

൧൧ അമ്മെരിക്കാ ഖണ്ഡത്തിൽ ഉള്ള ആളുകൾ പ
ലനിറമായിരിക്കുന്നു — ചിലരു വെള്ളനിറവും ചില
രു വെങ്കല നിറവും ചിലരുകറുപ്പു നിറവും ആകുന്നു

൧൨ വെള്ളമനുഷ്യരു അനെകംപെരു മുൻപിനാ
ലെ യൂറൊപ്പ ഖണ്ഡത്തിൽ നിന്നും അമ്മെറിക്കാ
ഖണ്ഡത്തിൽ പൊയി കുടിപാൎത്തു

൧൩ വടക്കെ അമ്മെറിക്കാവിൽ കുടിയെറിയ ഇം
ഗ്ലെഷുകാറരിടെ സന്തതികൾ തങ്ങളുടെ വകയു

ഒരുദെശത്തെ നിശ്ചയിച്ചു - അതിനെ - യൂനയിറെഡ്സ്റ്റെറ്റിസ്സ - എന്നു പെരിട്ടു ആ ദെശത്തെ ജനങ്ങളെ അമ്മെറിക്കൻസ എന്ന വിളിക്കുന്നു

൧൬ ഈ അമ്മെറിക്കാ ഖണ്ഡത്തിൽ പലസ്ഥലങ്ങളിലും ഒള്ള യൂറൊപ്പ്യൻ ജനങ്ങളെ തങ്ങൾ തങ്ങളുടെ ദെശപ്പെരാൽ വിളിക്കപെട്ടുന്നു

൧൭ ഈ യൂറൊപ്പ്യൻ സന്തതി അല്ലാതെ മറ്റും ഒള്ള ജനങ്ങളെ ഇന്ത്യൻസ - എന്നാവിളിക്കുന്നു

൧൮ ആസ്ത്രെലിയാവിൽ ഇപ്പൊൾ ഇംഗ്ലിഷുകാരു അധികമായി കുടിപാക്കുന്നു - അവർ ഏകദെശം അൻപതു സംവത്സരത്തിനു മുൻപിൽ അവിടെ ചെന്നു എത്തി - ആസ്ത്രെലിയാവിൽ പൂൎവ്വ കുടിയാനവന്മാരു കറുപ്പുനിറമായും ഹിന്തുദെശത്തുകാട്ടുമനുഷ്യരെപ്പൊലെ ഉപജീവനം ചെയ്യുന്നവരായും ഇരിന്നു

---

൩ാം അദ്ധ്യായം

൧ യൂറൊപ്പു ഖണ്ഡത്തിന്റെ തെക്കു കിഴക്കെ മൂലയിൽ തുറുക്കിഎന്നും ഒരു ചെറിയദെശംഉണ്ടു - അവിടത്തെ കുടിയാനവന്മാരെ തുറുക്കർ എന്നു വിളിക്കുന്നു - അവരു മഹമ്മതു മാൎഗ്ഗക്കാററരായിരിക്കുന്നു

൨ യൂറൊപ്പു ഖണ്ഡത്തിൽ ഒള്ളമററു എല്ലാ ജനങ്ങളും ക്രിസ്ത്യാനികളായിരിക്കുന്നു - എന്നാൽ ഇവരെ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നതല്ലാതെ അവരിൽ അനെകം പെരു ഉണ്മയായിട്ടുള്ള ക്രിസ്ത്യാനികളല്ല - ക്രിസ്ത്യാനിയെന്നുള്ള നാമം ധരിച്ചുകൊള്ളുന്നതിനും ആവകവെദപ്രമാണത്തുംപടി ചിന്തയിലും നടത്തയിലും ഇരിക്കുന്നതിനും വളരെ വ്യത്യാസംഉണ്ടു

൩ എഷ്യ്യാ ഖണ്ഡത്തിലെ ജനങ്ങളിൽ അനെകം പെരു പലമാതിരി വിഗ്രഹ ആരാധനക്കാറരായിരിക്കുന്നു - ശെഷം പെരു മഹമ്മതുമതക്കാറരായും കുറയെപ്പെരു ക്രിസ്ത്യാനികളായും ഇരിക്കുന്നു

൪ ആപ്രിക്കാ ഖണ്ഡത്തിലുള്ള ജനങ്ങൾ മിക്കതും വിഗ്രഹ ആരാധനക്കാറരും മഹമ്മതു മാൎഗ്ഗക്കാറരും ആയിരിക്കുന്നു

൫ അമ്മെറിക്കാ ഖണ്ഡത്തിൽ വെളുത്ത മനുഷ്യരു ക്രിസ്ത്യാനികളായിരിക്കുന്നു - ശെഷം പെരു വിഗ്രഹ ആരാധനക്കാറരായിരിക്കുന്നു

൬ യുറൊപ്പു ഖണ്ഡം സാധാരണമായി ഉഷ്ണം ഒള്ളതല്ല - അതിന്റെ വടദെശങ്ങൾ നീങ്കലാക ശെഷം ദെശങ്ങൾ എ,റവും കുളിർച്ചയായിട്ടുള്ളതുമല്ല

൭ വെനകാലത്തിൽ അവിടെ ഉഷ്ണമായിരിക്കും എന്നാൽ ഠരം ദെശത്തിനു സമാനം ഉഷ്ണം അവിടെയില്ല

൮ കുളിരുകാലത്തിൽ അവിടയും കുളിരായിരിക്കുന്നു - അപ്പൊൾ അവിടെ പനിക്കട്ടി ഉണ്ടാകുന്നു കുളങ്ങളിലും ആററിലും ഒള്ള വെള്ളം കുളിർച്ചയുടെ ഹെതുവാൽ കല്ലുപൊലെ കട്ടിയായിതീരുന്നതിനാൽ ജനങ്ങൾ അതിന്റെ മീതെ നടന്നുപൊകും

൯ കൽമഴയെ നീ കണ്ടിരിക്കുമെല്ലൊ - ആയ്തു പനിക്കട്ടിക്കു സമാനമായിരിക്കുന്നു - ആയ്തു കുളിച്ചു ഒള്ള കാററു കൊണ്ടിട്ടു ഒറഞ്ഞു പനിക്കട്ടിപൊലെ ആകുന്ന മഴത്തുള്ളികളാകുന്നു

൰ പനിക്കട്ടി ഒറപ്പായിരുന്നാലും എളുപ്പത്തിൽ നീ അതിനെ ഒടെക്കാം കണ്ണാടിയെപ്പൊലെ അതു തെളിവായിരിക്കുന്നു - വഴവഴപ്പായിരിക്കുന്നതിനാ

ൽ അതിന്റെ മീതെ നിൽക്കുന്നത പ്രയാസമാകുന്നു കാററു ഉഷ്ണം കൊള്ളുമ്പൊൾ ഇത വെള്ളമായിട്ട ഉരുകിപ്പൊകുന്നു

൩൩ എഷ്യാ ഖണ്ഡത്തിലും അധികം കുളിൎച്ചയായുള്ള ചില സ്ഥലങ്ങൾ ഇരിക്കുന്നു — എങ്കിലും സാധാരണമായി അത എററം ഉഷ്ണം ഒള്ള ഖണ്ഡമാകുന്നു

൩൪ ആഫ്രിക്കാ ഖണ്ഡം വളരെ ഉഷ്ണം ഒള്ളതാകുന്നു

൩൫ അമെറിക്കാ ഖണ്ഡത്തിൽ ചില ഇടങ്ങൾ എററവും കുളിൎച്ചയായും ചില ഇടങ്ങൾ എററവും ഉഷ്ണമായും ഇരിക്കുന്നു

൩൬ കുളിരുകാലത്തിൽ വടസമുദ്രവും തെക്കെസമുദ്രവും ഒറഞ്ഞുപൊകുന്നതാകയാൽ അവിടെ കപ്പൽ ചെല്ലുന്നതല്ല

൩൭ പനീക്കട്ടിയെപ്പൊലെ ഉറപ്പായിട്ട ആകുന്നത ഒറഞ്ഞു പൊകുന്നതെന്നു അൎത്ഥം

൩൮ ഭൂമിയെചുററി വടക്കെവശം അത്ത്യയും എററവും കുളിൎച്ച ഒള്ളതും അതിനടുത്ത വശം അധിക ഉഷ്ണവും അധിക കുളിൎച്ചയും അല്ലാത്തതും നടുവശം എല്ലാം അധിക ഉഷ്ണം ഒള്ളതും അതിനടുത്ത വശം അധിക കുളിൎച്ചയും അധിക ഉഷ്ണവും ഇല്ലാത്തതും തെക്കെവശം അത്ത്യയും അധിക കുളിൎച്ച ഒള്ളതും ആകുന്നു

## നിനവു

മെൽപറഞ്ഞതിനെ ആശാൻ കുഞ്ഞുങ്ങൾക്ക വിപരമായിട്ട ബൊധപ്പെടുത്തി കൊടുക്കയും വെണം

൧൮ ക്രിസ്ത്യാനികൾ - മഹമ്മതു മാൎഗ്ഗക്കാറര - വി
ഗ്രഹ ആരാധനക്കാറര - അല്ലെങ്കിൽ അജ്ഞാനി
കൾ - എന്നവരെ കുറിച്ചു ഇതിനു മുൻപിൽ പറ
ഞ്ഞിട്ടുണ്ടല്ലൊ - വെറെ ഒരുവക ജനങ്ങൾ ഒണ്ടു
അവൎക്കു ഇപ്പൊൾ സ്വന്ത ദെശമില്ലാതെ ലൊക
ത്തിൽ എല്ലാടത്തും ചിതറിയിരിക്കുന്നു - എന്നാൽ ഒ
രു ജാതിക്കാററരൊടും ചെരാതെയിരിക്കുന്നു - അനെ
കം കാലത്തിനു മുൻപിൽ എല്ലാദെശത്തുള്ള ജനങ്ങ
ളും സത്യമായിട്ടുള്ള ദെയ്വത്തിനെവിട്ടു വിഗ്രഹങ്ങളെ
വന്ദിച്ചു - അവരിൽ ചിലരു - സൂൎയ്യൻ ചന്ദ്രൻ
നക്ഷത്രങ്ങളെയും - ചിലരു മൃഗങ്ങളെയും - പാമ്പുമു
തലായ ഊരുന്ന ജെന്തുക്കളെയും ശെഷം പെരു - മരം
കല്ലു - ചെമ്പു - മുതലായവസ്തു കൊണ്ടു ചെയ്യപ്പെട്ട
സ്വരൂപങ്ങളെയും ദെയ്വങ്ങളെന്നു വന്ദിച്ചുവന്നു - ആ
സമയത്തു ജീവനുള്ള എകസാക്ഷാൽ ദെയ്വം തന്നെ
മാത്രം അറിഞ്ഞുവണങ്ങുന്നതിനവെണ്ടി ൟ ജനങ്ങ
ളിടെ ഇടയിൽ നിന്നും ഒരു ജാതിക്കാററരെ തിരിഞ്ഞെ
ടുത്തും കൊണ്ടു - അവൎക്കു തന്റെ ന്യായ പ്രമാണങ്ങ
ളെ അരുളിച്ചെയ്യുന്നതിനു ചിത്തമായി - ആ ജന
ങ്ങളെത്തന്നെ യ്യൂതൻ മാരെന്നു വിളിക്കപ്പെടുന്നു
അവരിടെ ദെശം എഷ്യാഖണ്ഡത്തിൻ മെക്കെ വശ
ത്തിൽ ഇരുന്നു - ജെരൂസലം അവരിടെ പ്രധാന
നഗരമാകുന്നു - യ്യൂതൻമാർ ദെയ്വത്തിന്റെ ന്യാ
യപ്രമാണങ്ങളെ കയ്യെററിരുന്നു - എന്നുവരികി
ലും കൂടക്കൂടെ ദെയ്വത്തിനെ മറന്നു മററു ജാതിക്കാററരെ
പ്പൊലെ വിഗ്രഹങ്ങളെ വന്ദിക്കുന്നതിനു മനസ്സു
ള്ളവരായിരുന്നു - ൟ പാവത്തിന്റെ ഹെതുവാൽ
അനെകം പ്രാവശ്യം ദെയ്വം അവരെ ശിക്ഷിച്ചു - എ

ക്കിലും അവരു ഗുണപ്പെട്ട ദെയ്വത്തിന്റെ നെൎക്ക മനസ്സു തിരിയുംപൊൾ അതതു സമയത്തു അവരിടെ പാവങ്ങളെ പൊറുക്കയും ചെയ്യു - കടശിയിൽ കൎത്താവായ എശുക്രിസ്തു - അവൎക്ക നല്ലറിവു കൊടുക്കുന്നതിനും അവരെയും തന്നെ വിശ്വസിക്കുന്ന മററു എതുജാതിക്കാരരെയും രെക്ഷിക്കുന്നതിനും പരലൊകത്തുനിന്നും വന്നു അവരിടെ ഇടയിൽ സഞ്ചരിക്കായുംചെയ്യു - എന്നാൽ കൎത്താവിനെ എററുകൊൾവാൻ മനസ്സില്ലാതെ കുലചെയ്യു-ഇതിന്വണ്ണം ഒള്ളവരിടെ വിശ്വാസക്കെട്ടിന്റെ ഹെതുവാൽ തങ്ങളിടെ സ്വന്ത ദെശത്തിൽനിന്നും ഓടിക്കപ്പെട്ടതല്ലാതെയും അപ്പൊൾ മുതൽ ഭൂലൊകത്തിൽ എല്ലാ ദെശങ്ങളിലും ചിതറിപ്പൊയി - ഇതിന്വണ്ണമായിട്ടും അവരു മററു ദെശക്കാരരൊടു കലരാതെ ഇതുവരെ പ്രത്യെകമായ ജനങ്ങളായിരിക്കുന്നു - എങ്കിലും ഇവരെ ഒന്നിച്ചു ചെൎത്തു അവരിടെ സ്വന്ത ദെശത്തു കുടി പാൎപ്പാൻ ഹെതു ചെയ്യുമെന്നു ദെയ്വം വാക്കുദത്തം ചെയ്തിരിക്കുന്നു

---

## ൫ാം അദ്ധ്യായം

## ഇന്തുദെശത്തെക്കുറിച്ചു

൧ നാം പാൎക്കുന്ന ദെശത്തെ ഹിന്തുദെശം എന്നു വിളിക്കുന്നു

൨ ഹിന്തുദെശംമുഴവനും ഠരം പെരുകൊണ്ടുതന്നെ വിളിക്കുന്നു - എംങ്കിലും ഠരംദെശം എററവും വിസ്താരം ഒള്ളതാകയാൽ അനെകം രിക്കുകൾ അതിൽ അടങ്ങിയിരിക്കുന്നതും ഓരൊന്നിനു വെവ്വെറെ പെരുകളും ഒണ്ടായിരിക്കുന്നു

൩ എഷ്യ്യാ ഖണ്ഡത്തിൽ ഒള്ളദിക്കുകളിൽ ഹിന്തുദെശം ഒന്നായിരിയ്ക്കുന്നു

൪ ഹിന്തുദെശം എഷ്യ്യാഖണ്ഡത്തിൽ തെക്കെവശത്തായിരിയ്ക്കുന്നു

൫ ഹിന്തുദെശം തെക്കുവടക്കു നീളത്തിൽ എകദെശം ആയിരത്തിത്തൊള്ളായിരം മയിൽ - അതു കാൽനടെക്കു നാലമാസത്തെ വഴി ദൂരം ഒള്ളതായിരിക്കുന്നു - കിഴക്കു പടിഞ്ഞാറായിട്ടു അധികം വിസ്താരം ഒള്ളടത്തെ എകദെശം ആയിരത്തി അഞ്ഞൂറു മയിൽ വീതിയും അത മൂന്നുമാസത്തെ വഴിദൂരം ഒള്ളതായിരിയ്ക്കുന്നു

൬ ഹിന്തുദെശത്തെ വടക്കെവശത്തിൽ ഹിമയാഗിരിഎന്ന പൎവ്വതങ്ങൾ ഇരിക്കുന്നു - അത എററവും ഉയരം ഒള്ളതും ഭൂമിയിലുള്ള എല്ലാമലകളിലും പൊക്കം ഒള്ളതായിരിക്കുന്നു

൭ വളരെ ഉയൎന്നുകാണുന്ന കല്ലുമെട്ടിനെ മലയെന്ന വിളിക്കുന്നു

൮ ഹിന്തുദെശത്തിൻെറ കിഴക്കെവശത്തു ബംകാളദെശത്തിൻെറ അരികെ മലകളും ആറുകളും ഒണ്ടു മററുദെശങ്ങളിൽ നിന്നുംഹിന്തുദെശം ഇതു കൊണ്ടിട്ടു പിരിക്കപ്പെടുന്നു

൯ മെട്ടിലൊ മലയിലൊ എരിയിലൊ കുളത്തിലൊ നിന്നു ഒഴുകി ഓടി കടലിലൊ വെറെഒരു ആററിലൊ ചെന്നു വീഴുന്ന ജലഓട്ടത്തിനു ആറന്നു വിളിക്കുന്നു

൧൦ ചെറിയതും ഒട്ടുങ്ങിയതുമായ ആററിനു കാല്വായി അല്ലംകിൽ ഓട ഌഎന്നു വിളിക്കുന്നു

൧൧ ബംകാളദെശം തുടങ്ങി ഹിന്തു ദെശത്തിൻെറ

തെക്കെ അററംവരെ കിഴക്കെവശം അത്രയും കടലാ
യിരിക്കുന്നു

൧൨ ഹിന്തു ദെശത്തിന്റെ തെക്കെ അററത്തിലും
കടൽ ഇരിക്കുന്നു

൧൩ ഹിന്തുദെശത്തിന്റെ തെക്കെ അററം കന്ന്യാ
കുമാരി എന്ന വിളിക്കുന്നു

൧൪ തറയിൽ എതറററമെംകിലുംസമുദ്രത്തിനകത്തു
നീണ്ടിരുന്നാൽ അതിന്നെ കെപ അല്ലെംകിൽ തറമു
നയെന്ന വിളിക്കുന്നു - ഭൂമിപ്പടത്തിന്നെ നൊക്കി ഇ
നിയും എതാനും തറമുനകളെ ഇതിൽ ക്കാണിച്ചു
കൊട

൧൫ കന്ന്യാകുമാരി മുതൽ വടക്കു ഹിന്തു ദെശം വ
രെക്കും ഹിന്തു ദെശത്തിന്റെ പടിഞ്ഞാറെ വശത്തു
കൂടെ കടൽ ഇരിക്കുന്നു

൧൬ ഹിന്തു ദെശം മുതൽ ഹിമയഗിരിപൎവ്വതംവരെ
മററും ദെശങ്ങളിൽനിന്നും ഹിന്തുസ്സ എന്ന വലിയന
ദികൊണ്ട ഹിന്തുദെശം പിരിക്കപ്പെട്ടിരിക്കുന്നു

൧൭ ഹിന്തുദെശത്തിന്റെ കിഴക്കുവശത്തിരിക്കുന്ന
സമുദ്രത്തിന്നു ബംകാളക്കുടാക്കടൽ എന്ന പെരുവിളി
ക്കുന്നു

൧൮ മൂന്നുവശത്തും തറയിരിക്കുന്ന കടലിന്നെ കു
ടാക്കടലന്ന വിളിക്കുന്നു

൧൯ ഹിന്തു ദെശത്തിന്റെ തെക്കെ വശത്തിരിക്കു
ന്നകടലിന്നെ ഹിന്തുസമുദ്രമെന്നു വിളിക്കുന്നു

൨൦ അതിന്റെ മെക്കെവശത്തിരിക്കുന്നകടലിന്നും
ഹിന്തുസമുദ്രമെന്നതന്നെ വിളിക്കുന്നു

## നിനവു

ആശാൻ ൩ാം അദ്ധ്യായത്തിൽ ചൊല്ലിയിരിക്കുന്നതിന്മണ്ണം ഉള്ള യിടങ്ങളെ ഭൂമിപ്പടത്തിൽ കുഞ്ഞിങ്ങൾക്കു കാണിച്ചു കൊടുത്തു ആദിയിൽ ൩ാം പടത്തിൽ ഉള്ളതുപൊലെയും പിന്നീട്ടു തനിക്കു തൊന്നുന്നതു പൊലെയും അവരൊടു ചൊദ്യംചെയ്കു ഇപ്രകാരം അതതു സ്ഥലങ്ങളെ അവരുതന്നെ തനിക്കു കാണിച്ചു തരുന്നതിനു ചെയ്കയും വെണം - ഇപ്രകാരം ഭൂമിപ്പടത്തെ തങ്ങളുടെ മുമ്പെവച്ചുംകൊണ്ടു പ്രയാസം കൂടാതെ മെൽകണ്ടിരിക്കുന്നതിന്മണ്ണം ചെയ്യാമെന്നാൽ അപ്പൊൾ ഭൂമിപ്പടം കൂടാതെ അവരൊടു ചൊദ്യംചെയ്തു കരപ്പലകയിലെങ്കിലും കൽപ്പലകയിലെങ്കിലു തറയിലെങ്കിലും ശൂന്നൊമ്പുകട്ടി കൊണ്ടു ഭൂമിപ്പടത്തെപ്പൊലെ വരെക്കുന്നതിനു അവൎക്കു പഠിപ്പിച്ചു കൊടുക്കയും വെണം - ഒരു മനുഷ്യൻ കാലു നടയായിട്ടു അഞ്ചുമണി നെരത്തിൽ നടപ്പാൻകൂടിയതായിട്ടു ൧൫ നാഴികദൂരം ഒരുനാളത്തെ വഴിയെന്നു പറയുന്നു

---

## ൪ാം അദ്ധ്യായം

### ഹിന്തുദെശത്തിന്റെ പംങ്കുകളെ കുറിച്ചു

൧ ഹിന്തുദെശം നാലു പ്രധാനപ്പെട്ട പംങ്കായിട്ടു പിരിച്ചിരിക്കുന്നു

൨ ഒന്നാമത്തെ പിരിവിനു വടക്കെ ഹിന്തുസ്ഥാനെന്നു വിളിക്കുന്നു

൩ വടക്കെ ഹിന്തുസ്ഥാൻ ഹിമയാഗിരി മലയുടെ

തെക്കെ അററത്തായിട്ട ഒടിങ്ങി നീണ്ടഭൂമിയായിരി
ക്കുന്നു

൪ അതിൽ അനെകം പൊക്കം ഒള്ള മലകളും അ
വിടെ അവിടെ പള്ളതാഴ്ചകളും ഒണ്ട — അതിന്റെ
തെക്കെവശം സമനായ വെളിഭൂമി ആയിരിക്കുന്നു

൫ ഹിന്തു ദെശത്തിന്റെ രണ്ടാമത്തെ പിരിവ
ഹിന്തുസ്ഥാനന്നു വിളിക്കുന്നു

൬ ഹിന്തുസ്ഥാൻ ഹിന്തുക്കൾ എന്ന ജനങ്ങളിടെ
നാടാകുന്നു — ഒരം നാട്ടിൽ മഹമ്മത മാക്കക്കാറരു ആ
ദിയിൽ വന്നിറങ്ങി — ഹിന്തുസ്ഥാനന്നു അവർ പെ
രുകൊടുത്തു

൭ ഹിന്തുസ്ഥാൻ വിസ്താരം ഒള്ളനാടാകുന്നു — അ
ത സാമാന്യമായിട്ട സമനായ വെളി ഭൂമി ആയി
രുന്നാലും അവിടെ അവിടെ മലകളൊണ്ട — അ
തിന്റെ തെൻവശം അത്രയും കിഴക്കു പടിഞ്ഞാറാ
യിട്ട വിന്ധ്യാപവ്വതങ്ങൾ എന്ന ഒരുവലിയ മല വ
രിയായിരിക്കുന്നു

൮ സദാപ്പൊഴും വെള്ളം നിറഞ്ഞു ഓടുന്ന അനെ
കം വലിയ നദികൾ ഹിന്തുസ്ഥാനത്തിലൊണ്ട

൯ ഹിന്തു ദെശത്തിന്റെ മൂന്നാമത്തെ പിരിവ ദ
ക്കാൻ എന്നുവിളിക്കുന്നു

൧൦ ദക്കാൻ എന്നവാക്ക തെക്കെ എന്നു അൎത്ഥം
ആകുന്നു — മഹമ്മതമാക്കക്കാറരുടെ രാജ്യത്തിനു തെ
ക്കെവശം ആയിരുന്ന കാരണത്താൽ ഹിന്തുസ്ഥാന
ത്തിന്റെ ഒരം പംകിന്നു അവർ ദക്കാൻ എന്നപെരു
കൊടുത്തു

൧൧ ദക്കാൻ വിസ്താരമായ നാടായിരിക്കുന്നു — ഇ
തിൽ ചിലയിടങ്ങളിൽ അധികം മലകളും ചിലസ്ഥ

ലത്ത കാട്ടുകളും മററു യിടങ്ങളിൽ സ്സമനായ വെളിത്ത
റകളും ഉണ്ടു

൧൨ ദക്കാനിൽ ചില വലിയ നദികളും ഉണ്ടു - എ
ന്നാൽ ഹിന്തുസ്ഥാനത്തിലുള്ള ആറുകളെപ്പോലെ അ
ത്രവലിയ ആറുകളല്ലാ

൧൩ ഹിന്തുദെശത്തിൽ നാലാമത്തെ പിരിവ തെ
ക്കെ ഹിന്ത്യാ എന്നു വിളിക്കുന്നു

൧൪ ഇതിൽ ചില ഇടങ്ങളിൽ മലകളും പ്രത്യെ
കം പടിഞ്ഞാറെ വശത്ത കാട്ടുകളും ഉണ്ടു - എങ്കി
ലും സാമാന്യമായിട്ടു സമനായ വെളി ഭൂമിയായി
രിക്കുന്നു

൧൫ തെക്കെഹിന്ത്യാവിലുള്ള ആറുകൾമിക്കതും ചെ
റിയതായിരിക്കുന്നു - ചിലമാസങ്ങളിൽ മാത്രം ഒരം
ആറുകളിൽ വെള്ളം അധികമായിരിക്കുന്നു

നിനവു

മെൽ കാണിച്ചിരിക്കുന്ന നാലു പങ്കുകളെയും ഭൂമി
പ്പടത്തിൽ ആജ്ഞാൻ കാണിച്ചു കൊടുത്ത പിന്നീട്ടു
അവരെ ക്കൊണ്ടു തനിക്കു കാണിച്ചു തരുന്നതിനു
ചെയ്യുകയുംവെണം●

---

൯ാം അദ്ധ്യായം

തെക്കെ ഹിന്ത്യാവിനെക്കുറിച്ചു

൧ നാം തെക്കെ ഹിന്ത്യാവിൽ പാക്കുന്നു
൨ തെക്കെഹിന്ത്യാവിൽ പലമാതിരിദിക്കുകൾഉണ്ടു
൩ തമിഴദെശവും തെലുങ്കു ദെശത്തിലൊരു പങ്കും

കന്നടദെശവും മലയാളദെശവും തെക്കെ ഹിന്ത്യാവിലായിരിക്കുന്നു

൪ വെറെ ചില ദെശങ്ങളും ഇതിലൊണ്ടു എന്നാൽ മെൽപറഞ്ഞ നാലു ദെശമെ മുഖ്യമായിട്ടൊള്ളു

൫ ജെന്നപട്ടണം തമിഴദെശത്തിലായിരിക്കുന്നു

൬ ജെന്നപട്ടണത്തിന്റെ തെക്കെ വശത്തു കന്യാകുമാരിവരെ ഒള്ള ദിക്കുകളിൽ എല്ലാം തമിഴ ആളുകൾമാത്രമെ കുടിപാക്കുന്നു

൭ ജെന്നപട്ടണത്തിനു മെക്കെ വശവും തെക്കു മെക്കു ഒള്ള മലകൾവരെ തമിഴദെശമായിരിക്കുന്നു

൮ തെക്കെഹിന്ത്യാവിൽ രണ്ടുവലിയ പവ്വതം വരിയായിരിക്കുന്നു

൯ ഒരുവരി കിഴക്കെ വശത്തിരിക്കുന്നു - അതിനു കിഴക്കെ കണവായ്ക്കളുന്നു വിളിക്കുന്നു

൧൦ ജെന്നപട്ടണത്തിനുവടക്കു എകദെശം ൨൦൦ മയിൽ ദൂരത്തിലായിരിക്കുന്ന ദക്കാൻ നാട്ടിൽ കൃഷ്ണനദിക്കു സമീപിച്ചു തുടങ്ങിജെന്നപട്ടണത്തിനുവടക്കു എകദെശം ൮൦ മയിൽദൂരംവരെ ചെന്ന തെക്കു മെക്കായിട്ടു തിരിഞ്ഞുമെക്കെ കണവായിൽ കൂടെചെന്നു ചെരുന്നു

൧൧ തെക്കെ വശത്തിനും പടിഞ്ഞാറെ വശത്തിനും നടുവ തെക്കുമെക്കന്നു അത്ഥം ആകുന്നു

൧൨ മറെറവലിയ പവ്വതം പടിഞ്ഞാറെ വശത്തായിരിക്കുന്നു - അതിനെ പടിഞ്ഞാറെ കണവായ്ക്കളുന്നു വിളിക്കുന്നു

൧൩ മെക്കെ കണവായ്ക്കൾ ദക്കാൻനാട്ടിനു പടിഞ്ഞാറെ വശത്തു ഒള്ളു വെമ്പായി നാട്ടിനു വടക്കെ

ആരംഭിച്ചു കന്ന്യാകുമാരിവരെ ചെല്ലുന്നു

൧൪ തെലുങ്കു ജനങ്ങൾ ജെന്നപട്ടണത്തിനു വടക്കയും വടക്കു മെക്കുള്ള ദെശങ്ങളിലും പാൎത്തുവരുന്നു

൧൫ വടക്കെ വശവും പടിഞ്ഞാറെ വശവും നടുവ വടക്കു മെക്കന്ന പറയുന്നു

൧൬ ജെന്നപട്ടണത്തിനു വടക്കു മെക്കു ഒള്ള തെലുങ്കു ദെശത്തിനു അപ്പുറത്തും തമിഴ ദെശത്തിനു പടിഞ്ഞാറെ വശം കരയിലുള്ള കിഴക്കു മെക്കു കണ്ണവായ്ക്കൾക്കും മദ്ധ്യെ കന്നാടിയർ കുടിപാൎത്തു വരുന്നു

൧൭ മലയാള ആളുകൾ പടിഞ്ഞാറെക്കണ്ണെവാ മുതൽ സമുദ്രക്കരയായിട്ടിരിയ്ക്കുന്ന കന്ന്യാകുമാരിവരെ കന്നാടിയാരിടെ ദെശത്തിനു പടിഞ്ഞാറെ വശത്ത പാൎക്കുന്നു

നിനവു

ആജ്ഞാൻ ൯ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഓരൊ യിടങ്ങളെയും ഭൂമിപടത്തിൽ കുഞ്ഞുങ്ങൾക്കു നല്ലതിന്മണ്ണം കാണിച്ചു കൊടുത്ത ൯ാം കാൎയ്യം സംബന്ധിച്ചു എല്ലാം ബൊധപ്പെടുത്തി കൊടുത്തതിന്റെ ശെഷം അവരെ കൊണ്ടു ആ സ്ഥലങ്ങളെ കാണിച്ചു തരിവിക്കയും വെണം - ഇതുകളെ കാണിപ്പാൻ അറിയാവുന്നതുവരെ അടുത്ത അദ്ധ്യായത്തിനെ ആരംഭിക്കയും അരുത - ഇപ്രകാരം തന്നെ ഓരൊ അദ്ധ്യായം പഠിപ്പിക്കുംതൊറും ചെയ്യുകയും വെണം

---

## ൧൦ാം അദ്ധ്യായം

### ജെന്നപട്ടണത്തെകുറിച്ചു

൧ ജെന്നപട്ടണം തെക്കെ ഹിന്തുസ്ഥാനിന്റെ കിഴക്കെ വശത്തു കടലരികെ ഇരിക്കുന്നു

൨ അതുതെക്കെഹിന്ത്യാവിലുള്ളഎല്ലാപട്ടണത്തെക്കാലും വലുതായിരിക്കുന്നു - അതിൽ യുറൊപ്പ്യന്മാരും അവരിടെ സന്തതികളും തമിഴന്മാരും തെലുങ്കരാളുകളും മഹമ്മതു മാൎക്കാറരു മുതലായ അനെകം പെരും കുടിപാൎക്കുന്നു

൩ ഓരൊ ഇടത്തിൽ വസിക്കുന്ന ജനങ്ങളെ കുടികളെന്നു പറയുന്നു

൪ ജെന്നപട്ടണം കടൽതുറയിടമായിരിക്കുന്നു അതായ്ത കപ്പൽ വ.ന്നുപൊക്കായിരിക്കുന്ന പട്ടണം

൫ ജെന്നപട്ടണത്തിൽ അടെയാറെന്നും കൂവം എന്നും രണ്ടു ചെറിയ ആറുകളൊണ്ടു

൬ അതിൽ വെള്ളം കുറച്ച ആകയാൽ ചെറിയ പടവുകളല്ലാതെ വലിയ പടവെംകിലും കപ്പലെംകിലും പൊവാൻവൈകാ

൭ ജെന്നപട്ടണത്തിന്നു മെക്കുമൂന്നു ദിവസത്തെ വഴിദൂരത്തിനപ്പുറം ഒള്ള ഒരു ആററിൽനിന്നും കൂവം എന്ന ആറു ഒഴിക്കി വരുന്നു

൮ ശൈതാപെട്ട ആറന്നു പറയുന്ന അടെയാറു ജെന്നപട്ടണത്തിന്നു തെക്കുമെക്ക ഒന്നര ദിവസം വഴിദൂരത്തിരിക്കുന്ന ഒരു എരിയിൽ നിന്നും ഒഴുകിഓടുന്നു

൯ ജെന്നപട്ടണത്തിൽനിന്നും കപ്പൽ എറിവടക്കു കിഴക്കായി ചെന്നാൽ ബംകാളത്തു ചെന്നു ചെരുകയുംചെയ്യ്യാം

൧൦ വടക്കിന്നും കിഴക്കിന്നും മദ്ധ്യം വടക്കുകിഴക്കന്നു പറയുന്നു

൧൧ കരവഴിക്കും ബെംകാളത്തിന പൊകാം എന്നാൽ കാളവണ്ടിയിൽ അവിടെ ചെന്നു ചെരുന്നതിന മൂന്നമാസം ചെവിയായിട്ടുവെണ്ടിയിരിക്കുന്നു

൧൨ കപ്പൽവഴി ചെന്നാ കാററു തക്കമായിരുന്നാൽ ഒരാഴ്ചവട്ടത്തിനകം അവിടെചെന്നുചെരാം കപ്പലിൽ അനെകം വണ്ടിഭാരം ചരക്കുകൾ കൂടാതെ അനെകം ജനങ്ങളെയും കൂടെ ഒന്നിച്ചു കെററികൊണ്ടു പൊവാൻ തക്കതായിട്ടിരിക്കുന്നു

൧൩ ഇതിന്മണ്ണം ഒരുദെശത്തിൽ നിന്നും മററൊരുദെശത്തിന എളുപ്പത്തിൽ പൊകുന്നതിന ഈശ്വരൻ സമുദ്രത്തിനെ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഈശ്വരന്റെ ജ്ഞാനവും ദയവുംവെളിയാകുന്നു

൧൪ നെരെകിഴക്കെ കടൽവഴി പൊയാൽ വെംക്കൂൻ മൊൽമെൻ എന്നിടങ്ങളിൽ ചെന്നു ചെരാം

൧൫ തെക്കുകിഴക്കിന നെരായിട്ടുകടൽ വഴിപൊയാൽ പിനാംകു സിംകപ്പൂക്കുചെന്നുചെരാം

൧൬ തെക്കിനുംകിഴക്കിനും മദ്ധ്യെതെക്കു കിഴക്കെന്നു പറയുന്നു

---

## ൧൧ാം അദ്ധ്യായം

### ജെന്നപട്ടണത്തിൽ നിന്നും തഞ്ചാവൂരുക്കു പൊകുന്നതിനെ കുറിച്ചു

൧ നീ ജെന്നപട്ടണത്തിൽ നിന്നും കരവഴിതെക്കെയാത്ര പൊയ്യാൽ ആദിയിൽ ചെംകൽപ്പെട്ടയിൽ ചെന്നുചെരും

൨ ചെംകൽ പെട്ട ജെന്നപട്ടണത്തിൽ നിന്നും രണ്ടുദിവസത്തെ വഴിദൂരത്തിലിരിക്കുന്നു

൩ അത സമുദ്രക്കരയിലല്ലാ അവിടനിന്നും എകദെശം രണ്ടുദിവസം വഴിദൂരം ഉൾനാട്ടിലിരിക്കുന്നു

൪ സമുദ്രക്കരയില്ലാത്ത ഭൂമിയെ ഉൾനാടന്നു പറയുന്നു

൫ ചെംകൽപെട്ടയിൽ നിന്നും രണ്ടുനാഴിക ദൂരത്തിനപ്പുറം പാലാറുംകടന്നുപൊകണം

൬ ചെംകൽ പെട്ടയിൽ നിന്നും ൧൭ ദിവസത്തെ ദൂരത്തിൽ നന്തി ദുൎഗ്ഗം എന്ന രാജ്യത്തിന സമീപിച്ചു കിഴക്കെ കണ്ണവായ്ക്കൾക്ക അപ്പുറത്തിൽ മൈസൂര രാജ്യത്തുനിന്നും പാലാറ ഒഴുകി ഓടുന്നു

൭ ഈ ആറ ജെന്നപട്ടണത്തിന തെക്കുകിഴക്കെ എകദെശം ഒരുദിവസത്തെ വഴിദൂരത്തിൽ കടൽക്കരയിൽ ഉള്ള ചതുരംഗ പട്ടണത്തിന സമീപം കടലിൽചെന്നു വീഴുന്നു മഴസമയങ്ങളൊഴികെ മറ്റെല്ലാസമയത്തും അതിൽ വെള്ളം കുറവായിരിക്കും

൮ ചെംകൽപെട്ടക്കനെരെ ഇരിക്കുന്നകടൽക്കരയിൽ പാഴായിട്ട കിടക്കുന്ന അനെക വിഗ്രഹകൊവിൽകളും ചെത്തുകി ശിത്രംകൊത്തിയതായിട്ട അനെകം കല്ലുകളും ഉണ്ട — എറിയസംവത്സരത്തിന മുമ്പിൽ അവിടെ ഒരു പട്ടണം ഉണ്ടായിരുന്നു എന്നും കടൽ കൊണ്ട ആയ്യു നികന്നു പൊയന്നും ജനങ്ങൾ പറയുന്നൊണ്ട — അത എഴുകൊവിൽ സ്ഥലമെന്നും മാവെലിവുരമെന്നും പെരുപറയുന്നു

൯ അവിടെ കടൽക്കരയിൽ ഉപ്പു അധികം വിളയും

൧൦ ചെംകൽപെട്ടയിൽ നിന്നുംപുതുശ്ശെരി നാലു ദിവസത്തെ വഴിദൂരം ആകുന്നു

൧൧ പുതുശ്ശെരി കടൽതുറെപട്ടണവും പ്രാഞ്ചി ക്കാറരുടെ ദെശവും ആകുന്നു

൧൨ പ്രാഞ്ചിക്കാറരു യുറൊപ്പ ഖണ്ഡത്തിൽ പ്രാഞ്ചി ദെശത്തിൽ നിന്നു വന്നവരാകുന്നു

൧൩ പുതുശ്ശെരിയിൽ നിന്നും ഒരുദിവസത്തെ വഴിദൂരത്തിൽ കുടലൂരു എന്നു പെറെ ഒരു കടൽതുറെ പട്ടണം ഒണ്ടു

൧൪ കുടലൂരിൽ നീപ്പ്യാനാർ എന്ന നദിയെ കാണാം.

൧൫ ൰ം ആറ മൈസുരു നാട്ടിൽ നിന്നും പുറപ്പെടുന്നു - മൈസുരിലെംകിലും ൰ം ആറ്റിന്റെ കരയില്ലുള്ള ദിക്കുകളിലും മഴപെയ്യാതെ ഒള്ള സമയങ്ങളിൽ അതിൽ വെള്ളം കുറവായിരിക്കും.

൧൬ കുടലൂരിൽ നിന്നും രണ്ടുദിവസത്തെ വഴിദൂരത്തിൽ പൊൎട്ടൊനൊവൊ എന്നു ഒരു കടൽ തുറെപട്ടണം ഒണ്ടു - അവിടെ ഇരുമ്പും പഞ്ചിയും ചെയ്യുന്ന ഒരു പണിപ്പുര ഒണ്ടു

൧൭ ൰ം ദിക്കുകളിൽ നെല്ലും നീലകാട്ടി ചെയ്യ്വുണ്ടുന്നതിനുള്ള അമരിച്ചെടിയും അധികം ഒണ്ടു - കടൽക്കരയിൽ ഉപ്പുവിളവൊണ്ടു

൧൮ കുടലൂരിലും പൊൎട്ടൊനൊവിലും അതിൽ ചെന്ന കടൽക്കര ഓരങ്ങളിലും ലെബ്ബയെന്നു ജാതിക്കാറരു പാൎക്കുന്നു - അവരു അത്രപെരും മഹമ്മത മാൎക്കക്കാറരായിരിക്കുന്നു - അനെക കാലത്തിന മുമ്പിൽ ഇവിടെ വന്നു ൰ം നാട്ടിലൊള്ള സ്ത്രീകളെ കല്യാണം കഴിച്ച അറബി ദെശക്കാറരുടെ സന്തതികളായിരിക്കുന്നു - അവരും മിക്കതും വലിയ വ്യാപാരികളായിരിക്കുന്നു - മഹ

മ്മത മാക്കക്കാറരെപ്പൊലെ അവര ഹിന്തുസ്ഥാനി അല്ലാ - തമിഴമാത്രം സംസാരിക്കുന്നു

എൻ നീ കടൽകരവെവിട്ട കൂടലൂരിനപ്പുറം തെക്കെ ഉൾനാട്ടു വഴിയായി പടിഞ്ഞാറെവശം യാത്ത്ര ചെയ്താൽ എകദെശം ആറര ദിവസം കഴിഞ്ഞിട്ട തഞ്ചാവൂരിൽ ചെന്നുചെരാം

൨൦ തഞ്ചാവൂർ നാട്ടിൽചെന്നു ചെരുന്നതിന്ന മുൻപിൽ കൊള്ളിടം എന്ന ആറ്റിനെ നീ കടക്കണം

൨൧ കൊള്ളിടം ത്രിശ്ശിനാപ്പള്ളിക്കുമെക്കവശത്ത കാവെരി എന്ന ആറ്റിൽ നിന്നു. ഒഴുകിവരുന്നു

൨൨ കാവെരി ആറു പടിഞ്ഞാറെ കണവായ്ക്കു സമീപിച്ചുള്ള കൊടുക നാട്ടിൽ നിന്നും പുറപ്പെടുന്നു

൨൩ ത്രിശ്ശിനാപ്പള്ളിക്കു സമീപിച്ചു കാവെരിരണ്ടു ആറുകളായിട്ട പിരിയുന്നു

൨൪ ഇതിൽ ഒരാറ്റിന കൊള്ളിടം എന്ന പെരു - ഇതവടക്കെവശത്ത കൂടിപിരിഞ്ഞുപൊകുന്നു

൨൫ തെക്കെവശത്തൊള്ള ആറ്റിന കാവെരി എന്ന പെരു

൨൬ ൟ ആറ്റിൽ വെള്ളം എറ്റവും അധികമായിരിക്കുന്നതിനാൽ ആ നാട്ടിന്ന അത അധികം പ്രയൊജനമായിരിക്കുന്നു

൨൭ വെള്ളം നില്ക്കത്തക്കവണ്ണം ആറ്റിന്നു കുറുക്കെ ഒരു അണ കെട്ടിയിരിക്കുന്നു - അതിനെ കാവെരി അണയെന്നു വിളിക്കുന്നു - അതിൽനിന്നും അധികം ചെറിയ ആറുകൾ പിരിഞ്ഞുപൊകുന്നതു കൂടാതെയും ആ ദെശം മുഴുവനും വെള്ളം പായത്തക്കവണ്ണം അനെകം തൊടുകളും വെട്ടിച്ചിരിക്കുന്നു

൨൮ ഇതിന്മണ്ണ്ണം തഞ്ചാവൂർ ദെശം എററവും ചെഴിപ്പായി നല്ല നെൽ അധികം വിളയുന്നു - ൟരം നെൽ ജെന്നപട്ടണംമുതലായ ഇടങ്ങൾക്ക അധികമായിട്ടകൊണ്ടുപൊകുന്നു

൨൯ പയിർ വകയായിട്ടഎത്തും അധികം ഒണ്ടാകുന്നത ചെഴിപ്പുന്നു പറയുന്നു

൩൦ തെക്കെ ഹിന്ത്യാവിലുള്ള എല്ലാ ദെശങ്ങളിലും തഞ്ചാവൂര എററവും ചെഴിപ്പായിരിക്കുന്നു

൩൧ തഞ്ചനകരം വലിയപട്ടണമായിരിക്കുന്നു അവിടെ ഒരുരാജാവ പാക്കുന്നു

൩൨ തഞ്ചാവൂർ ദെശം മുമ്പെ ദ്രിക്കാന്റെ മെക്കുവശത്ത നിന്നുംവന്ന മ്രാട്ടിയ ജനങ്ങളുടെ അധികാരത്തിന്ന കീഴായിരുന്നു

൩൩ ൟരം നാട്ടിലുള്ള ആറുകൾക്ക അനെകം നല്ല പാലങ്ങളും കെട്ടിയിരിക്കുന്നു

---

## ൧൨ാം അദ്ധ്യായം

### ആജാൻ അറിയെണ്ടുന്നക്രമങ്ങൾ

പറഞ്ഞുകൊടുക്കുന്ന കാര്യ്യങ്ങൾ കുഞ്ഞുങ്ങൾക്ക നല്ലതിന്മണ്ണം അറിയുന്നതിന്ന വെണ്ടി - കീഴപ്പറയുന്ന വിധത്തിൽ അവൎക്കുപഠിപ്പിച്ചു കൊടുക്കയുംവെണം

ആദിയിൽ നെമിക്കപ്പെട്ട അദ്ധ്യായത്തിനെ ആജാൻ വായിച്ചു അതിൽ പറഞ്ഞിരിക്കുന്ന അതതു സ്ഥലങ്ങളെ ഭൂമിപ്പടത്തിൽ അവൎക്ക കാണിച്ചുകൊടുക്കണം

വടക്ക തെക്ക മെക്ക കിഴക്ക എന്ത ദിശയിലന്നും

എതിന്ന നെരെ എന്നും കടൽ എതുവശത്തെന്നും കണെ
വായി മുതലായതു എതു വശത്തിരിക്കുന്നു എന്നും
അവൎക്കു കാണിച്ചു കൊടുക്കണം

അതിൽപിന്നെ കുഞ്ഞുങ്ങൾ തന്നെ ആ സ്ഥല
ങ്ങൾ കാണിച്ചു തരുന്നതിന്നും കടശിയിൽ പറഞ്ഞ
കാൎയ്യംമുതൽ ആദിയിൽ പറഞ്ഞ കാൎയ്യംവരെ തലകീ
ഴായിട്ടു പറയിക്കയും വെണം

കുഞ്ഞുങ്ങൾ ഇതുകളെ എല്ലാം ഭൂമിപ്പടത്തെ നൊ
ക്കി എഴുപ്പത്തിൽ ചെയ്യുന്നതിന്ന ത്രാണി ഉണ്ടായ്കി
ന്റെശെഷം പടത്തെ നൊക്കാതെ ആയ്തിനെ പറ
യിക്കയുംവെണം

ശൂന്നാംപുക്കട്ടികൊണ്ടു കറുത്തപലകയിലൊ കൽ
പ്പലകയിലൊ അല്ലെങ്കിൽ തറയിലൊ അതതു സ്ഥ
ലങ്ങൾക്കു പൊകുന്നവഴികളെ വരച്ചുകാണിച്ചു കൊ
ടുക്കയും വെണം

അത എങ്ങനെ എന്നാൽ ആദിയിൽ ജെന്ന
പട്ടണം എവിടെ യിരിക്കുന്നു എന്നും വരച്ചു കാ
ണിച്ചു പിന്നെ ഒരുദിവസത്തെ വഴിക്കു ഒരു അംഗുല
മായിട്ടു രണ്ടു അംഗുലം വച്ചുംകൊണ്ടു ജെന്നപട്ടണ
ത്തിന്ന തെക്കെ വശമായിട്ടു തെക്കിന്നും തെക്കു മെക്കി
ന്നും നടുവിൽകൂടെ ചെവ്വായിട്ടു ഒരുവര വരച്ചു ചെം
കൽപ്പെട്ടു എന്ന ദിക്കിനെ കാണിച്ചു അതിന്മണ്ണും
തന്നെ തഞ്ചാവൂർവരെ പൊകുന്ന വഴിയെ കാണി
ച്ചുകൊടുക്കയുംവെണം

അതിന്റെശെഷം കുഞ്ഞുങ്ങൾ ആ അദ്ധ്യായ
ത്തിനെ പഠിച്ചത അത്രയും കാണാതെ ചൊല്ലിക്ക
യുംവെണം

കീഴപറഞ്ഞിരിക്കുന്ന ശൊദ്ധ്യങ്ങൾകൊണ്ടു ൧൧ാമത അദ്ധ്യായം സമ്മന്ധിച്ച കുഞ്ഞുങ്ങളൊട്ടു ശൊദ്ധ്യങ്ങൾ കെൾപ്പാനൊള്ള വിധത്തിനെ അറിഞ്ഞു കൊള്ളുകയുംവെണം

---

## ജെന്നപട്ടണത്തിൽ നിന്നും തഞ്ചാവൂൎക്ക പൊകുന്നതിനെകുറിച്ച. ശൊദ്ധ്യങ്ങൾ

൧ നാം ജെന്നപട്ടണത്തു നിന്നും തഞ്ചാവൂരിൽ പൊകുന്നതിനു ഇപ്പൊൾ നിശ്ചയിച്ചിരിക്കുന്നു- എത വഴിയായിട്ട നാംപൊകണം

൨ നീ ആദ്യയിൽ ചെന്നു ചെരുന്ന വലിയ പട്ടണം എത

൩ അത ജെന്നപട്ടണത്തിൽ നിന്നും എത്രദൂരം

൪ അത കടൽക്കരയായിട്ടൊ ഇരിക്കുന്നത

൫ ചെംകൽപ്പെട്ടക്ക എതുവശത്ത കടൽ ഇരിക്കുന്നു

൬ ചെംകൽപ്പെട്ടക്ക സമീപിച്ച എതംകിലും വിശെഷമായസ്ഥലങ്ങളൊണ്ടൊ

൭ അതിൽപ്പിന്നെ നീ ചെന്നു ശെരുന്ന വലിയ പട്ടണം എത അത എവിടെ ഇരിക്കുന്നു

൮ അതിൽ നിന്നും കടൽ എത്രദൂരം

൯ അത ആരുടെയതാകുന്നു

൧൦ പ്രാഞ്ചിക്കാററു ആരാകുന്നു

൧൧ പ്രാഞ്ചിദെശം ഭൂമിയിൽ എത ഖണ്ഡത്തിലിരിക്കുന്നു

൧൨ ചെംകൽപ്പെട്ടക്കും പുതുശ്ശെരിക്കും മദ്ധ്യെ എതംകിലും ആററിനെ കടക്കെണ്ടിവരുമൊ

൧൩ ഈ ആറ എവിടെനിന്നും പുറപ്പെട്ട എത സ്ഥലത്ത ചെന്നുവീഴുന്നു

൧൪ അതിനു അരങ്ങവശം ഒള്ളവലിയ പട്ടണം എത

൧൫ നീ കൂടല്ലൂരിൽ എത ആററിനെ കടകൊണ്ടി വരും അത എവിടെ നിന്നും ഒഴികിവരുന്നു

൧൬ ജെന്നപട്ടണത്തിനും കൂടല്ലൂരിനും മദ്ധ്യെ ഒള്ള നാട്ടിൽ എന്തെല്ലാം ഒണ്ടാകും

൧൭ ഇരുമ്പും പഞ്ഞിയും എവിടെ ഉണ്ടാകുന്നു

൧൮ കൂടല്ലൂരിൽ നിന്നും തഞ്ചാവൂക്ക എത വഴി യായിട്ടു പൊകും

൧൯ കൂടല്ലൂരിൽ നിന്നും തഞ്ചാവൂർ എത്ത്ര ദൂരം

൨൦ കൂടല്ലൂരിനും തഞ്ചാവൂരിനും മദ്ധ്യെ യാതൊരു ആററിനെ കടക്കെണ്ടിവരുമൊ

൨൧ അത എവിടെ നിന്നും പുറപ്പെടുന്നു

൨൨ കാവെരി ആറ എവിടെ നിന്നും ആരംഭി ക്കുന്നു

൨൩ അത പാല്യ ആററിനെപ്പൊലും പാനാ ററിനെ പ്പൊലും ഇരിക്കുന്നൊ

൨൪ തഞ്ചാവൂർ എത മാതിരി ദെശം ആകുന്നു

൨൫ അതിന്മണ്ണും ആയ്യ ചെളിപ്പായിട്ടിരിക്കു ന്ന കാരണം എന്ത

൨൬ തഞ്ചാവൂരിൽ വസിക്കുന്ന ആളുകളാര ആ യാളുകളിടെ കാരണവന്മാർ ആര

൨൭ തഞ്ചാവൂർ കടൽത്തുറ പട്ടണമൊ ഉൾ നാ ട്ടുപട്ടണമൊ

൨൮ നീ തഞ്ചാവൂരിൽ നിന്നും ജെന്നപട്ടണത്ത വരുന്നതിന്ന എതുവഴിയെനടന്നുവരണം

൨൯ അത ജെന്നപട്ടണത്തനിന്നും എത്രദൂരം

൩൦ തഞ്ചാവൂരിനും ജെന്ന പട്ടണത്തിനും മദ്ധ്യെ വിശെഷമായിട്ടുള്ള ആറുകളിടെ പെരുകളും നീ എതെതസ്ഥലത്തെല്ലാം ആറ്റിനെ കടന്നു പൊകണമെന്നും പറയണം

൩൧ വലത്തുകൈപ്പക്കം വിട്ടു കൊള്ളുടം ആററിന്റെ കര വഴിയെ നടന്നാൽ നീ എവിടെ വന്നുചെരും

൩൨ നീ ജെന്നപട്ടണത്തവരുമ്പൊൾ വഴിയിലുള്ള പ്രധാനമായപട്ടണങ്ങളുടെ പെരുകളും ഒന്നിൽനിന്നും മറ്റൊരു സ്ഥലത്ത പൊകുന്നതിനു എത്രദിവസത്തെ വഴിദൂരം ഉണ്ടെന്നും എതു വഴിക്കു പൊകുന്നമെന്നും പറയണം

൩൩ ജെന്നപട്ടണത്തിനും തഞ്ചാവൂരിനും മദ്ധ്യെ കുടിപാക്കുന്ന ജനങ്ങൾ എതുഭാഷ സംസാരിക്കുമെന്നും പറയണം

---

## ൧൩ാം അദ്ധ്യായം

### തഞ്ചാവൂർ നിന്നും മതുരയ്ക്കും പാളയം കൊട്ടയ്ക്കും പൊകുന്നതിനെ കുറിച്ചു

൧ തഞ്ചാവൂരിനും പടിഞ്ഞാറു രണ്ടര ദിവസംവഴി ദൂരത്തിൽ ത്രിശ്ശിനാപ്പള്ളി ഇരിക്കുന്നു

൨ ത്രിശ്ശിനാപ്പള്ളി കാവെരി ആററിന്റെ തെക്കെ വശത്ത ഇരിക്കുന്ന ഒരുവലിയ പട്ടണം ആകുന്നു

൩ ആ പട്ടണത്തിനു നെരെ ആററിനകത്തു ഒരു ദ്വീവയിരിക്കുന്നു - അതിനെ ശീരംകം എന്നു

പെര - രത്തിൽ ഹിന്തുക്കാററിടെ ഒരുവലിയ വിഗ്രഹ കൊവിലിരിക്കുന്നു - അതിൻെറശ്ശുററും എഴ മതിൽ ഒണ്ടു - അതിൻെറ വെളിയിലത്തെ മതിൽ എക ദെശം നാലുനാഴിക ചുററായിരിക്കുന്നതിനാൽ കാലു നടയായിട്ടു അതിനെ ചുററിവരുന്നതിനു ഒന്നര മണിനെരം ചെല്ലും

൪ ത്രിശ്ശിനാപ്പള്ളിയിൽ അനെകം മഹമ്മത മാ ൎക്കാററുപാൎക്കുന്നു - അവിടത്തിൽ മുമ്പെ ഒരുന വാബു ഒണ്ടായിരുന്നു

൫ ഠരം ദെശങ്ങളിൽ അധികമായിട്ടു നെല്ലും അ തു കൂടാതെ അമരിയും ശക്കരയും പൊകയിലയും പ ഞ്ഞിയും ഒണ്ടു

൬ ത്രിശ്ശിനാപ്പള്ളിയിൽ നിന്നും തെക്കു പടിഞ്ഞാ റു നാലു ദിവസത്തെ വഴിദൂരത്തിൽ ദെണ്ടുക്കൽ ഇരി ക്കുന്നു

൭ ദെണ്ടുക്കല്ലിനു തെക്കെ മൂന്നു ദിവസെത്ത വഴി ദൂരെ മതുര ഇരിക്കുന്നു

൮ മതുര ഹിന്തുദെശത്തിൽ എററവും ആധീനമാ യിട്ടുള്ള പട്ടണങ്ങളിൽ ഒന്നാകുന്നു - അനെകം സംവത്സരത്തിനു മുമ്പിൽ അവിടെ ഒരു ശാസ്ത്രപ്പ ള്ളിക്കൂടം ഒണ്ടായിരുന്നു - അനെകം വിദ്വാന്മാരും അവിടെ ഇരുന്നതു കൊണ്ടു എല്ലാസ്ഥലങ്ങളിലും ഒള്ള തമിഴന്മാരും പഠിക്കുന്നതിനു വെണ്ടി പതിവാ യിട്ടു അവിടെ പൊയിവരുന്നു

൯ കുഞ്ഞുങ്ങൾ പഠിപ്പാനുള്ള വലിയ പള്ളിക്കൂട ത്തിന ശാസ്ത്രപ്പള്ളിക്കൂടം എന്നുപറയുന്നു

൭൦ മതുരയിൽ ഒരുവലിയ വിഗ്രഹകൊവിലും നൂറുപെരു ഇരിപ്പാൻതക്കതായിട്ടഒരു വലിയമണ്ഡഭവുംഒണ്ട

൭൧ മതുരയിൽ നല്ലവസ്ത്രങ്ങൾനെയ്യുന്നുണ്ട

൭൨ തെണ്ടുക്കാലിനും മതുരക്കും പടിഞ്ഞാറെ ഒള്ള നാട്ടുമലകളുള്ളതാകുന്നു - കാട്ടുകളിൽ അനെകം ആനകളും പുലികളും കരടികളും ഒണ്ട

൭൩ നെല്ലും മുതിരയും പഞ്ഞിയും മറ്റും ധാന്യങ്ങളും അധികമായിരിക്കുന്നു

൭൪ മതുരക്കുതെക്കുകിഴക്കു അഞ്ചു ദിവസത്തെ വഴിദൂരത്തിൽ രാമനാഥപുരം എന്നപട്ടണം ഇരിക്കുന്നു

൭൫ രാമനാഥപുരം സമുദ്രത്തിൽ നിന്നും എകദെശം രണ്ടുദിവസത്തെവഴിദൂരത്തിലിരിക്കുന്നു - അതിനു നെരെ ലെങ്ക എന്ന ദ്വീപ ഇരിക്കുന്നു - കടലിന്റെ ഒരുകാലുകൊണ്ടു ലെങ്കദ്വീപ ഹിന്തുദെശത്തിൽ നിന്നും പിരിഞ്ഞിരിക്കുന്നു

൭൬ രണ്ടുതറക്കുംനടുവെകൂടി നെരുക്കമായിട്ടു ഓട്ടുന്നകടൽ പാകിനെ കടൽക്കാലെന്നുപറയുന്നു

൭൭ രാമനാഥപുരത്തെയും ലെങ്കയും മദ്ധ്യെ കടലിൽ അനെകം പാറകളും രാമെശ്വരം എന്നഒരു ചെറിയദ്വീവുംഒണ്ട - ആ ദ്വീവിൽ ഹിന്തുക്കൾ സ്ഥലജാത്രയായിട്ടുപൊകുന്നുണ്ട

൭൮ ജനങ്ങൾ ചിലസ്ഥലങ്ങളെ ശുദ്ധമായിട്ടുള്ളതെന്നു വിചാരിച്ചു അവിടെ വന്ദിക്കുന്നതിനു വെണ്ടിചെല്ലുന്നതുസ്ഥലജാലജാത്രഎന്നുപറയുന്നു

൭൯ എന്നാൽ എല്ലാസ്ഥലങ്ങളും ൟശ്വരന്റെ മുമ്പാക ശെരിയായിട്ടിരിക്കുന്നതിനാൽ ഒരുസ്ഥലം

മറൊരു സ്ഥലത്തെക്കാൽ ശുദ്ധമായിട്ടുള്ളതല്ല - എന്നുസ്ഥലത്തും മനുഷ്യർ ഈശ്വരനെനൊക്കി ജപിക്കയുംചെയ്യാം - ആയ്തുകൊണ്ട ഇതിന്മണ്ണം ചെയ്യുന്നത ബുദ്ധിമൊശം ആകുന്നു

൨൦ കുറയവരുഷമായിട്ട രാമെശ്വരത്തിന്നും രാമനാഥപുരത്തിന്നും നടുവിൽ കൂടികപ്പൽ പൊവാൻ തക്കവെണ്ണം ഒരുവഴിയെ ഒണ്ടാക്കിവരുന്നു

൨൧ വെടിമരുന്നുസൂത്രംകൊണ്ട പാറകളെ പൂളുന്ന വഴി ഒണ്ടാക്കിയിരിക്കുന്നതിനാൽ ഇപ്പൊൾ ആ വഴിയിൽ കൂടെ ചെറിയ കപ്പലുകൾ പൊകയും ചെയ്യാം

൨൨ ഇതിനെ പാംപൻകാലുവായെന്നു വിളിക്കുന്നു

൨൩ രാമനാഥപുരത്തിന്നും രാമെശ്വരത്തിന്നും നടുവെ ഒള്ളകടക്കരയിൽ ഊതുശംക കിട്ടും

൨൪ ഈ ശംകിനെ എടുത്ത ഊതിയാൽ ഒറച്ച ശബ്ദം ഒണ്ടാകും ഹിന്തുജനങ്ങൾ ഇതിനെ തങ്ങളുടെ ക്ഷെത്രങ്ങളിലും മററുംയിടങ്ങളിലും കൈകാൎയ്യം ചെയ്യുന്നത കൂടാതെയും മാട്ടിന്റെ കഴുത്തിലും അതിനെകെട്ടുന്നു

൨൫ മധുരക്കു തെക്കെഒള്ള നാട്ടിനെ തിരുനൽവെലിയെന്നു വിളിക്കുന്നു മധുരയിൽനിന്നു ആറുദിവസത്തെ വഴിദൂരത്തിൽ പാളയംകൊട്ട തിരുനൽവെലിഎന്നപട്ടണങ്ങൾ ഇരിക്കുന്നു - അത ഒന്നിനൊന്ന സമീപമായിരിക്കുന്നു ആയ്യിന്റെഇടയിൽ കൂടെ ഒരുചെറിയ ആറുമാത്രംഓടുന്നു

൨൬ തിരുനൽവെലിയിടെ വടക്കെ വശത്തും മദ്ധ്യെയും പഞ്ഞിയും നെല്ലും അധികം വിളയുന്നു

൨൭ അതിന്റെ തെക്കുവശം പനമരം നിറഞ്ഞു ഉന്നത്തറയാകുന്നു

൨൮ തിരുനൽ വെലിയിൽ ഇരുംപും വെടിഉപ്പും അധികംഉണ്ടു

---

## ൧൪ാം അദ്ധ്യായം

### ജെന്നപട്ടണത്തി നിന്നും ചെലത്തിന്നും കൊയംപുത്തൂരിന്നും പൊകുന്നതിനെക്കുറിച്ചു

൧ ചെലം ജെന്നപട്ടണത്തിനു തെക്കുമെക്കു എകദെശം പതിനാലു ദിവസത്തെ പയണം ദൂരത്തിലിരിക്കുന്നു

൨ ജെന്നപട്ടണത്തിന്നും ചെലത്തിന്നും മദ്ധ്യെ നീ പാലാറെറയും പാനാറെറയും പിന്നം ചില ആറുകളെയും കടന്നു പൊകണം — എന്നാൽ മഴയില്ലാത്ത കാലങ്ങളിൽ ഌ ആറുകളിൽ അധികം വെള്ളം കാണുകയില്ലാ

൩ ജെന്നപട്ടണത്തിന്നും ചെലത്തിന്നും മദ്ധ്യെ ഉള്ള നാടു എകദെശം സമവെളിയൊള്ള ഭ്രമിയാകുന്നു

൪ ചെലത്തിനു മെക്കെവശം മാത്രമല്ല — മററിടങ്ങളിലും മലകളൊണ്ടു

൫ ചെലം വലിയപട്ടണമാകുന്നു — അതു ചില ഇരുമ്പു പഞ്ഞി വെടിഉപ്പു മുതലായ വലിയ വ്യാപാരം നടക്കുന്നസ്ഥലമായിരിക്കുന്നു

൬ ചെലത്തിനു സമീപിച്ചു ഷീവരായി എന്ന മലകളൊണ്ടു — അവിടത്തെ കാററു കുളിച്ചയും സൌഖ്യവും ഒണ്ടാക്കുന്നതു അ മലകളുടെ മുകൾ സമ

നായും വെളിയായുമിരിക്കുന്നതിനാൽ അതിന്റെ മീതെ ജനങ്ങൾ കുടിപാൎത്തു പയിരിട്ടുവരുന്നു - അവിടെ കാപ്പിയും കൊതമ്പും വിളയും

൭ കൊയമ്പുത്തൂർ ചെലത്തിനു തെക്കെമെക്കെ എഴുദിവസത്തെവഴിക്കുദൂരെരെഇരിക്കുന്നു

൮ ചെലത്തിൽനിന്നും എകദെശം മൂന്നു ദിവസത്തെവഴിദൂരത്തിൽ നീകാവെരി ആറ്റിനെ കടക്കെണ്ടിവരും

൯ കൊയമ്പുത്തൂർ വലിയപട്ടണം - അല്ലന്നുവരികിലും അവിടത്തെ കാററു സൌഖ്യമായും ജനങ്ങൾ കുടിപാൎക്കുന്ന സ്ഥലം ശുദ്ധമായും നാട ചെഴിപ്പായും ഇരിക്കുന്നതിനാലും വ ദിക്കുകൊള്ളാമെന്നു വിചരിപ്പാൻ ഉള്ളതാകുന്നു

൧൦ കൊയമ്പുത്തൂൎക്കു എകദെശം രണ്ടുദിവസത്തെ വഴിദൂരത്തിൽ മെക്കെ കണവായ്ക്കും അതിനു വടക്കുമെക്കെ രണ്ടുദിവസത്തെവഴിദൂരത്തിൽ നീലകിരിയന്ന മലകളുമിരിക്കുന്നു

൧൧ അതിനു തെക്കമെക്കെ അണ്ണാമല എന്നചെറിയ മലകൾ ഉണ്ടു

൧൨ കൊയമ്പുത്തൂരിനും മെക്കെയും തെക്കെയും ഉള്ളദിക്കുകൾ വിസ്താരമായ മലകളുള്ള ദെശമാകുന്നു - ഇതു കൂടാതെയും അവിടെ അടവിയായിരിക്കുന്നകാടുകളും വനങ്ങളും അധികംഉണ്ടു

൧൩ തെക്കു മുതലായ ഒയൻവൃക്ഷങ്ങൾ നിറഞ്ഞുനിൽക്കുന്നസ്ഥലത്തിനെ വനമെന്നുപറയുന്നു

൧൪ കൊയമ്പുത്തൂരെചെന്നമററും സ്ഥലങ്ങൾ സമനായവെളിയുള്ളഭൂമിയാകുന്നു

൧൩ അവിടെ അധികമായിട്ട നെല്ലു ഇല്ലങ്കിലും ശൊളൻ വരക മുതിര മുതലായ പുഞ്ചധാന്യങ്ങളും കൊതംപും അധികംഉണ്ട

൧൪ നെല്ലിനെപ്പൊലെ വയലിൽ അധികം വെള്ളം പാച്ചൽകൊണ്ടു വിളയാതെ മെടായിരിക്കുന്ന സ്ഥലങ്ങളിൽവിതച്ചു ഉണ്ടാക്കുന്ന ധാന്യങ്ങൾ പുഞ്ചധാന്യമെന്നുപറയുന്നു

൧൫ ഇതു കൂടാതെയും പുകയിലയും വഞ്ചിയും അമരിയും ആടുമാടുകളും അവിടെ അധികം

൧൮ അവിടെ നല്ലജാതി കുംപാടുകളും ഉണ്ട ജെനാപട്ടണത്തിനടുത്ത ദിക്കുകളിൽ ഉള്ള ആട്ടുമുടിയപ്പൊലെ ഈ ആട്ടുകളുടെമുടിയും പ്രയൊജനം അല്ലാത്തതല്ല - പഞ്ഞിപൊലെ മെല്ലിസായിരിക്കുന്ന ആമുടി കൊണ്ടിട്ട നല്ലകംപിളികൾ നെയ്യുന്നു

൧൯ ആടു മെയ്ക്കുന്ന ഓരൊരുത്തനും തന്റെ ആട്ടുപററത്തിലൊള്ള ഓരൊ ആട്ടുകളെ അറിഞ്ഞിരിക്കുന്നതുകൂടാതെയും ഓരൊന്നിനു പ്രത്യെകം പെരു കൊടുത്തിരിക്കുന്നു

൨൦ ആ ദെശത്തിലൊള്ള കാട്ടുകളിൽ അനെകം ആനകളും കരടികളും പുലികളും ഉണ്ട

൨൧ ചിററാമണക്ക എണ്ണയും വെടിഉപ്പുംപഞ്ഞിയും ഈ നാട്ടിൽ അധികമായിട്ടുണ്ടാകും

൨൨ കൊയംപുത്തൂരിന്നു തെക്കു കെ വണ്ടുരി വസതെവഴിദൂരത്തിൽ മലയാളത്തെചെന്ന പാലക്കാട്ടുശെരി ഇരിക്കുന്നു

## ൧൦ാം അദ്ധ്യായം

### ജെന്നപട്ടണത്തു നിന്നും ബെംകളൂൎക്കു പൊകുന്നതിനെക്കുറിച്ചു

൧ നീ ജെന്നപട്ടണത്തിൽ നിന്നും ബെംകളൂൎക്കു പൊകുന്നതിന്നു പടിഞ്ഞാറു കൂടി പൊകണം

൨ ജെന്നപട്ടണത്തു നിന്നും ആൎക്കാട്ട അഞ്ചുദിവസത്തെ വഴിദൂരം

൩ ആൎക്കാട്ട രണ്ടുപംകായിട്ട ഇരിക്കുന്നു

൪ ഒരുപംകു പാലാററിന്റെ വടക്കെ കരയിലിരിക്കുന്നു

൫ അതു പട്ടാളവും തുറുപ്പുമൊള്ള സ്ഥലം

൬ മററപ്പംകു പാലാററിന്റെ തെക്കെവശത്തിരിക്കുന്നു

൭ കൎണ്ണാടക നബാബന്മാരു ആദിയിൽ പാൎത്തിരുന്ന പഴയ ആൎക്കാട്ടുപട്ടണം ഇതാകുന്നു

൮ അനെകം മഹമ്മതു മാൎഗ്ഗക്കാരർ അവിടയും അതിന്നു സമീപിച്ചും ഇപ്പൊഴും കുടിപാൎക്കുന്നു

൯ ആൎക്കാട്ടിലിരുന്നു ബെംകളൂൎക്കു പൊകുന്നതിന്നു മൂന്നുവഴിഒണ്ട

൧൦ ഒരുവഴി ചിററൂരിൽ കൂടെ പൊകുന്നത

൧൧ ചിററൂരു ഒരുചെറിയ പട്ടണമാകുന്നു - അത ആൎക്കാട്ടിന്നു വടക്കമെക്കെ രണ്ടുദിവസത്തെ വഴിദൂരം

൧൨ ചിററൂരിന്നുമെക്കെ രണ്ടുദിവസത്തെ വഴിദൂരം ചെന്നാൽ കിഴക്കെ മലകളിൽ ചെന്നുചെരും - അതിനെകടന്നു മൈസൂൎദെശത്തു ചെല്ലുന്നതിന്നു ഒരു വഴിഒണ്ടു - അതിനെ വലവനെറി അല്ലങ്കിൽ മുകളിക്കണെവായന്ന വിളിക്കുന്നു

൯൩ ഠരം കണ്ണവായിടെ മുകളിൽ എളുപ്പത്തിൽ കെറാം

൯൪ രണ്ടാമത്തെ വഴി ആക്കാട്ടിൽ നിന്നും നെരെമെക്കെ വെല്ലൂർവഴിയായിമലകളിൽ ചെന്നംവെല്ലൂറിനും അപ്പുറം രണ്ടര ദിവസത്തെ വഴി ദൂരത്തിലൊള്ളുനായ്ക്കനെരിഎന്ന കണ്ണവായ്പവെപൊകുന്നു

൯൫ ഠരം കണ്ണവായി ഒയരം ആകുന്നതിനാൽ വണ്ടികൾകെറുന്നതു പ്രയാസമായിരിക്കുന്നു

൯൬ ഠരം കണ്ണവായ്ക്കു സമീപം വന്നു ചെരുന്നതിന്മുമ്പിൽ വലിയ കിച്ചിലി തൊട്ടങ്ങൾഒള്ള ഷാകൂരുഎന്ന ഒരുഗ്രാമംഒണ്ടു

൯൭ വെല്ലൂർ ആക്കാട്ടിനു പടിഞ്ഞാറു ഒരു ദിവസത്തെവഴിദൂരം— ഠരം ദിക്കുകൾക്കമദ്ധ്യെ നീ പാലാററിനെ കടക്കണം

൯൮ വെല്ലൂർ വലിയപട്ടണമാകുന്നു — അതിൽ ഒരുകൊട്ടയും അതിനെ ചുററി വെള്ള താഴ്ചഒള്ളവല്ല്യകിടങ്ങുള്ളും അതിൽ അനെകം മുതലകളും ഒണ്ടു

൯൯ മൂന്നാമത്തെ വഴി വെല്ലൂരിൽച്ചെന്നു വാണിയംപാടിയിൽ കൂടിപ്പൊകുന്നു

൱ വാണിയംപാടി വെല്ലൂറിനും തെക്കപടിഞ്ഞാറു മൂന്നുദിവസത്തെ വഴിദൂരം അതിൽ നിന്നും നീ രണ്ടുദിവസത്തെ വഴിദൂരത്തിൽ മലകളെയും അതിനപ്പുറം ആമലകൾവഴിയായി എളുപ്പത്തിൽമൈസൂർനാട്ടയും ചെരാം

൱൧ പാലാറു എററവുംവളഞ്ഞു ഓടുന്നതാകയാൽ നീ വാണിയംപാടി വഴിപൊകുംപൊൾ വെ

ളൂൾക്കും മലകൾക്കും മദ്ധ്യെ അതിനെ കൂടെ കൂടെ കടക്കൊണ്ടിവരും

൨൨ ജെന്നപട്ടണത്തിന്നും കണവായ്ക്കൾക്കും മദ്ധ്യെഉള്ള ഭൂമി അധികംകാടില്ലാത്ത വെളിയാകുന്നു എംകിലും അവിടെ വിശെഷമായിട്ട ആൎക്കാട വെല്ലൂർ ചിറ്റൂർ എന്ന ദിക്കുകൾക്കു സമീപത്തിലും ഈ ദിക്കുകൾക്കും കണവായ്ക്കൾക്കും നടുവിലും അനെകം കൽമലകൾഉണ്ടു

൨൩ ചിലസ്ഥലങ്ങളിൽ അധികം നെല്ലും ഉണ്ടു മറ്റസ്ഥലങ്ങളിൽ മുതിര വരകുമുതലായ പുഞ്ച ധാന്യങ്ങളും അമരിയും ഉണ്ടു — എന്നാൽ വെള്ളം ഇല്ലാത്ത കാരണത്താൽ ബഹുനിലം പയിർ ചെയ്യാതെകിടക്കുന്നു

൨൪ ഉഴുതുപയിർഇടുന്നത സാകുപടിചെയ്യുന്നതെന്നുപറയുന്നു

൨൫ ബംകളൂർ കണവായ്ക്കൾക്കു അപ്പുറം വെല്ലൂരിന്നു ഏകദെശം നെരു മെക്കെ ആറുദിവസത്തെ വഴിദൂരത്തിലിരിക്കുന്നു.

---

## ൧ന്നാം അദ്ധ്യായം

### ജെന്നപട്ടണത്തു നിന്നും കടപ്പക്കു പൊകുന്നതിനെക്കുറിച്ചു

൧ കടപ്പ ജെന്ന പട്ടണത്തിന്നും വടക്കു മെക്കെ പതിനൊന്നു ദിവസത്തെ വഴി ദൂരത്തിലിരിക്കുന്നു

൨ ജെന്ന പണത്തിലിരുന്നു രണ്ടുദിവസത്തെ

വഴിദൂരം ചെന്നാൽ നീ തെലുങ്കുനാട്ടിൽ ചെന്നു ചെരും.

൩. ജെന്നപട്ടണത്തിൽ നിന്നും എകദെശം നാലുദിവസത്തെ വഴിദൂരത്തിൽ നാഗെരി എന്നും ഒരു ചെറിയ പട്ടണത്തിൽ ചെന്നു അവിടെ നിന്നും കറയദൂരത്തിൽ ഉയൎന്ന മലക്കൊമ്പുകളിൽ നീ ഒരു കണവായെ കടന്നു പൊകെണ്ടിവരും

൪ നീ ജെന്നപട്ടണത്തിനു വടക്കമെക്കെ കാണുന്നു നാഗരിമല ഇതുതന്നെ

൫ നാഗെരിക്കു എകദെശം പാതിവഴിയിൽ കൂവം എന്ന ആററിനെ കടക്കെണ്ടിവരും - അതിൽ നിന്നും ഒരുദിവസത്തെ വഴിദൂരത്തിൽ നീ ഇനിയും ഒരു ചെറിയ ആററിനെ കടക്കണം - അതിൽ നിന്നു തന്നെ കൂവം എന്ന ആറ ഒഴകി വരുന്നു

൬ അതിൽ നിന്നും മൂന്നു ദിവസത്തെ വഴിദൂരത്തിൽ നീ ഇനിയും ചിലമലകളെ കടക്കെണ്ടിവരും

൭ നാഗെരിയിൽ നിന്നും കടപ്പ എകദെശം എഴുദിവസത്തെ വഴിദൂരമായിരിക്കുന്നു

൮ ഈ പട്ടണം ഒരു ചെറിയ ആററിന്റെ കരയിലിരിക്കുന്നു - അതിൽ ഒരുപങ്കു ആററിന്റെ ഒരുകരയിലും മറെറപങ്കു ആററിന്റെ മറുകരയിലും ഇരിക്കുന്നു

൯ മുമ്പിൽ പട്ടാണി നവാബ ഈ നഗരം പട്ടണത്തിൽ പാൎത്തു അടുത്ത ദെശങ്ങളെയും രാജ്യഭാരം ചെയ്തു വന്നു.

൧൦ പട്ടാണികൾ മഹമ്മതു മാൎഗ്ഗക്കാറരാകുന്നു ഇവർ അനെകംകാലത്തിനു മുമ്പിൽ ഖബൂൽ എന്ന ദിക്കിൽ നിന്നും ഹിന്തു ദെശത്തിൽ വന്നവരാകുന്നു

൧൧ ഠരം ആളുകളും അപ്പ്ഗാനിസ്ഥാൻ എന്ന ജനങ്ങളും ചെവി

൧൨ കടപ്പെക്കു നാലുവശവും മലകൾ ഇരിക്ക ന്നതാകയാൽ എററവും ഉഷ്ണംഒള്ളസ്ഥലമാകുന്നു

൧൩ കടപ്പ ദെശത്തിൽ പഞ്ഞി ശക്കര പൊക യില അമരി ഉപ്പു ഇവ അധികമായിട്ടൊണ്ടാകും

൧൪ അവിടെ നെല്ലുഅധികമില്ല–പുഞ്ച ധാന്യ ങ്ങൾ അധികമായിരിക്കുന്നു

൧൫ കടപ്പയിൽ നിന്നും അരദിവസത്തെ വഴിദൂ രത്തിൽ വൈരകല്ലുകൾ എടുക്കുന്ന ഒരുസ്ഥലം ഒണ്ടു

---

## ൧൬ാം അദ്ധ്യായം

### ജെന്നപട്ടണത്തുനിന്നും നെല്ലൂർക്കും ഓംകൊൽക്കും പൊകുന്നതിനെ കുറിച്ചു

൧ നെല്ലൂർ ജെന്നപടണത്തിനു വടക്കെ എക ദെശം എഴദിവസത്തെ വഴിദൂരത്തിലിരിക്കുന്നു

൨ നീ നെല്ലൂർക്കു എകദെശം പാതിവഴി വെള്ള ത്തിൽ കൂടിപൊകയും ചെയ്യാം – ജെന്നപട്ടണത്തുനി ന്നും ശ്രുഷ്ഷപ്പെട്ടവരെക്കും പടവുകൾ പൊകത്തക്ക തായിട്ടു മുഖദ്വാരത്തൊടുചെന്നു ഒരുകാലുവായി വെ ട്ടിച്ചിരിക്കുന്നു

൩ നീളമായിട്ടു വെട്ടിഒണ്ടാക്കിയ ഓടയെ കാലു വായന്നു പറയുന്നു

൪ സമുദ്രക്കരയിൽ വെള്ളം കനിയുന്നസ്ഥലത്തി നെ മുഖദ്വാരമെന്നുപറയുന്നു–അതിനും സമുദ്രത്തിനും ദ്ധ്യെ അൽപം തറ ഒണ്ടായിരിക്കും–കടലിന്റെ എത്ര

ച്ചുകൊണ്ടു ആതറയിൽ അവിടെ അവിടെ ഒടപ്പെട്ടുത്ത വെള്ളംവന്നു തങ്ങി നില്ക്കും

൫ ജെന്നപട്ടണത്തിനും ചുഴൽപ്പെട്ടക്കും നടുവിലിരിക്കുന്ന മുഖദ്വാരം പഴവെക്കാട്ടു കടലെറി എന്നു വിളിക്കുന്നു

൬ തറചൂഴ്ന്നിരിക്കുന്ന വെള്ളത്തിനെ കടലെറിഎന്നു വിളിക്കുന്നു

൭ പഴവെക്കാട്ടു കടലെറി തെക്കുവടക്കായിട്ടു മുപ്പതുനാഴിക വഴി നീളവും പഴവെക്കാട്ടിനപ്പുറം കിഴക്കുമെക്കായിട്ടു പതിനഞ്ചുനാഴിക വഴി അകലവുമായിരിക്കുന്നു - അതിനകമെ ചിലദ്വീവുകളും ഉണ്ടു വെള്ളം ഉപ്പുവെള്ളമായിരിക്കുന്നു

൮ ഈ മുഖ ദ്വാരത്തിന്റെ വെള്ളംവഴി അതിനും മലകൾക്കും നടുവെ ഉള്ള കാട്ടിൽ നിന്നും വിറക അധികമായിട്ടു ജെന്നപട്ടണത്തുകൊണ്ടു പൊകുന്നു

൯ പഴവെക്കാട്ടു ജെന്നപട്ടണത്തു നിന്നും കടലെറിക്കു പടിഞ്ഞാറു എകദെശം ൨൫ നാഴിക വഴി ദൂരമാകുന്നു - മുമ്പെ ഇതു ടച്ചുകാറവിടെ കൈവശമായിരിക്കുംപൊൾ വല്യവ്യാപാര സ്ഥലമായിരുന്നു

൧൦ ടച്ചുകാറരു യൂറൊപ്പു ഖണ്ഡത്തിൽ ഓലാന്തദെശത്തു ജനങ്ങളാകുന്നു

൧൧ പഴവെക്കാട്ടിൽ ഇപ്പൊൾ മുഖ്യമായിട്ടു ലബ്ബകൾ കുടിപാർക്കുന്നു-അവർ അവിടങ്ങളിൽ നെയ്യുന്നശീലകളെകൊണ്ടുവ്യാപാരം ചെയ്യുന്നു

൧൨ പഴവെക്കാട്ടിനു പടിഞ്ഞാറു എകദെശം രണ്ടുദിവസത്തെ വഴിദൂരത്തു ചിലമലകൾഉണ്ടു അതിനെപഴവെക്കാട്ടു മലയന്നും നാഗരി മലയന്നും വിളിക്കുന്നു

൧൩ പഴവെക്കാട്ടിന്ന അപ്പുറം നീ തെലുങ്കുദെശത്തു ചെന്നുചെരുകയും ചെയ്യും

൧൪ നെല്ലൂർ ചൂഴപ്പെട്ടുക്കു വടക്കു നാലുദിവസത്തെ വഴിദൂരത്തിലിരിക്കുന്നു

൧൫ നെല്ലൂർ വെണ്ണു ആററിന്റെ തെക്കെ വശം ചിലമയിൽദൂരത്തു ഉൾനാട്ടിലിരിക്കുന്നു

൧൬ വെണ്ണആറ മൈസൂരിൽ നിന്നും വരുന്നു

൧൭ ഓംകൊൽ കടലിൽനിന്നും ചിലമയിൽ ദൂരത്തിൽ നെല്ലൂരിന്നവടക്കു ൫ ദിവസത്തെ വഴി ദൂരത്തിലിരിക്കുന്നു

൧൮ ജെന്നപട്ടണത്തു നിന്നുംഓംകൊൽവരെ ഒള്ളനാട്ടിൽ മെക്കുവശം അത്രയും കിഴക്കെ കണെവായ്ക്കളും മററും മലകളും കാടുകളുമായിരിക്കുന്നു - മലകൾക്കും കടലിനും മദ്ധ്യെഒള്ളനാടു സമനായവെളിയാകുന്നു

൧൯ സമവെളിയാകുന്ന ഀ നാട്ടിൽ നെല്ലും മററും ധാന്ന്യങ്ങളും കടൽക്കരയിൽ ഉപ്പും അധികമായിട്ടുവിളയുന്നു - മലകളിൽ ചെമ്പും കിട്ടും നെല്ലൂർ ജില്ലാവിലൊള്ള പശുമാടുകൾ വിശെഷിച്ചതാകുന്നു

---

൧൮ാം അദ്ധ്യായം

കന്നടിദെശത്തെകുറിച്ചു

൧ കന്നടി ജനങ്ങൾ തെക്കെഹിന്തുാവിൽ എകദെശം കിഴക്കുമെക്കു കണവായ്ക്കൾക്കുനടുവിൽഒള്ള ദെശംമുഴുവനും ദിക്കാനിലൊള്ള ഒരു പങ്കിലും കുടിപാക്കുന്നു

൧ തെക്കെ ഹിന്ത്യാവിലുള്ള കന്നടിനാട്ടിൽ പ്രധാന പങ്കു മൈസൂരാകുന്നു

൨ മൈസൂർ നാട്ടിൽ ബംകളൂർ എന്ന ദിക്കു ഇരിക്കുന്നു

൩ ബംകളൂരിന്നു തെക്കുമെക്കെ ൪ ദിവസത്തെ വഴി ദൂരെ ശ്രീരെംഗപട്ടണമിരിക്കുന്നു

൪ ശ്രീരെംഗപട്ടണം കാവെരി ആററിന്റെ നടുവിൽ ഒള്ള ഒരു ചെറിയ ദ്വിവിലിരിക്കുന്നു - ഡിപ്പുസൂൽത്താൻ ഇരുന്ന ഒരുവലിയ കൊട്ട അതിൽ ഒണ്ടു

൫ ഡിപ്പുസൂൽത്താൻ മൈസൂർ രാജാവിന്റെ പട്ടാളത്തിൽ ചെവുകംചെയ്തിരുന്ന ഹയിദർ ആലി എന്ന ഒരു മഹമ്മതുമാർഗ്ഗക്കാരന്റെ മകനായിരുന്നു ഹയിദർ തന്റെ ധൈര്യം കൊണ്ടിട്ടും ദ്രൊഹതന്ത്രം കൊണ്ടിട്ടും തന്നെ രാജാവു ആക്കിക്കൊള്ളുകയും അവൻ മരിച്ചതിന്റെശെഷം ഡിപ്പുസൂൽത്താൻ അതിന്നു പകരം പട്ടത്തിന്നു വരികയുംചെയ്തു

൬ ഹയിദരാലി ഇങ്ക്ലീഷുകാരരൊട എററവും യുദ്ധംചെയ്തു അനെകംപ്രാവശ്യം ജയിക്കയുംചെയ്തു ഡിപ്പുസൂൽത്താൻ തന്റെ അച്ചനെപ്പൊലെ അത്ര സാമത്ഥ്യം ഒള്ളവനായിരിക്കാതെ തൊററുപൊയ ഹെതുവാൽ ഇങ്ക്ലീഷുകാരരു ശ്രീരെംഗ പട്ടണത്തെ പിടിച്ചുകൊള്ളുകയുംചെയ്തു - ഡിപ്പുസൂൽത്താനും യുദ്ധത്തിൽ മരിച്ചു പൊകയാൽ അന്നു മുതൽ ആ കൊട്ട പാഴായിട്ടു പൊകയുംചെയ്തു

൭ ശ്രീരെംഗ പട്ടണത്തിന്നു തെക്കെ ഒരുദിവസത്തെ വഴിദൂരത്തിനകം മൈസൂർ എന്ന പട്ടണമിരിക്കുന്നു

൯ മൈസൂർ കൊട്ട ഒള്ളഒരു നല്ലവലിയപട്ടണം ആകുന്നു - അവിടെ മൈസൂർ രാജാവെന്ന ഒരു ഹിന്തുപ്രഭുവാസംചെയ്യുന്നു

൧൦ മൈസൂരിനും തെക്കെ എകദെശം ൩ ദിവസത്തെ വഴിദൂരെനീലഗിരിഎന്ന മലകളിരിക്കുന്നു

൧൧ മൈസൂരിന്ന മെക്കെ എകദെശം ൩ ദിവസത്തെ വഴിദൂരെ കൊട്ടകുനാട്ട ഇരിക്കുന്നു

൧൨ കൊട്ടകുനാട്ട മൈസൂൎക്കും മെക്കെ കണ്ണെവായ്ക്കൾക്കും നടുവിലിരിക്കുന്നു - നീ ആ കണ്ണെവായ്ക്കളെ വിട്ടിറങ്ങി കൊട്ടകുനാട്ടിൽ നിന്നും നാലു ദിവസത്തിനകം കണ്ണൂരിൽ പൊയി ചെരുകയും ചെയ്യാം

## ൧൬ാം അദ്ധ്യായം

൧ നീ ബെംകളൂരിനു മെക്കെചെന്നാൽ എക ദെശം പത്തു ദിവസത്തിനകം പടിഞ്ഞാറെ കണ്ണെവായ്ക്കളിൽചെന്നുചെരും അതിൽ പിന്നെ പിച്ചിലികണ്ണെവായവിട്ട ഇറങ്ങിയാൽ എകദെശം ൭ ദിവസത്തിനകംമംകളൂരിൽചെന്നുചെരുകയും ചെയ്യാം

൨ നീ ബെംകളൂരിൽ നിന്നും വടക്ക മെക്കായിട്ട പൊയാൽ എകദെശം ൯ ദിവസത്തെവഴിദൂരത്തിൽ ചിത്രക്കൽ ദുൎഗ്ഗത്തിൽചെന്നുചെരും

൩ ചിത്രക്കൽ ദുൎഗ്ഗാപട്ടണം എററവും വല്യ ഒരു മലയടിയിലിരിക്കുന്നു- മുമ്പെ അതുബെലമായ ഒരു മലക്കൊട്ടയായിരുന്നു

൪ മൈസൂർ നാട്ടിൽ എറിയ മലക്കൊട്ടകളൊണ്ടു അതിൽ മുമ്പെ പട്ടാളംകിടന്നു - എന്നാൽ ൭൦ വരുഷത്തിലധികമായിട്ട ഈ നാട്ടിൽ യുദ്ധം ഇല്ലാത്തതിനാൽ ആ കൊട്ടകൾ വെറുതെ പാഴായിട്ടകിടക്കുന്നു

ആയ്യൂകൊാണ്ടങ്ങളെപ്പൊൾപ്രയൊജനമില്ലാ

൫ ചിത്രക്കൽ ദുൎഗ്ഗത്തിന്നു വടക്കുമെക്കെ അരിയാറു പട്ടണം മൂന്നുദിവസത്തെ വഴിദൂരത്തിലിരിക്കുന്നു

൬ ൟ പട്ടണം ടുങ്കപ്പത്ത്രി ആററിന്റെ കിഴക്കെ ക്കരയിലിരിക്കുന്നു — ൟ ആററിനെ കടക്കുംപൊൾ മൈസ്സൂർ നാട്ടിനെവിട്ട മ്രാട്ട്യൻ നാട്ടിന്റെ തെക്കെ എല്ലുകയിൽ ചെന്നു ചെരും

൭ അരിആററിന്നു വടക്കുമെക്കെമൂന്നു ദിവസത്തെ വഴിദൂരെ താറുവാടിയും അവിടെനിന്നും മൂന്നു ദിവ സത്തെ വഴിക്കപ്പുറം ബെൽകാമെന്ന പട്ടണവു മി രിക്കുന്നു

൮ ഇതു മ്രാട്ട്യരുടെ തെക്കെനാടെന്നു വിളിക്കപ്പെ ട്ടാലുംഅവിടെയൊള്ള ജനങ്ങൾ എല്ലാപെരും കന്ന ടം സംസാരിക്കുന്നു

൯ ചിത്രക്കൽ ദുൎഗ്ഗത്തിന്നു തെക്കുമെക്കു മൈസ്സൂർ നാട്ടിന്റെ ഒരുപങ്കായിരിക്കുന്നു — അതുനക്കർ നാ ടെന്നു വിളിക്കുന്നു

൧൦ ചിത്രക്കൽ ദുൎഗ്ഗത്തിന്നു വടക്കുകിഴക്കെ എകദെ ശം എട്ടുദിവസത്തെ വഴിദൂരത്തിൽ ബല്ലാരിനാടി രിക്കുന്നു

൧൧ മൈസ്സൂർഏററവുംചെളിപ്പുംജനത്തിരളുമുള്ള നാടാകുന്നു

൧൨ കുടികൾ നിറഞ്ഞു ഇരിക്കുന്ന സ്ഥലത്തെ ജനത്തിരൾഎന്നു പറയുന്നു

൧൩ മൈസ്സൂർ നാട്ടിന്നു കിഴക്കിലും — കിഴക്കുതെക്കി ലും കിഴക്കെ ക്കണെവായ്ക്കുളും അതിന്നു തെക്കെ നീല ഗിരി മലമുതലായ സ്ഥലങ്ങളിൽ പലനാടുകളുമിരി ക്കുന്നു

൧൪ ആ നാട്ടിന്റെ മെക്കെവശത്തു മെക്കൊക്കണൊവായ്കൾക്കു നെരെ അധികം മലകളും കാടുകളും ഒണ്ടു

൧൫ ആയ്തിന്റെ മദ്ധ്യെഒള്ള ദെശംവെളി ഭൂമിയാകുന്നു - അവിടെ അവിടെ മലകളും ഒണ്ടു

൧൬ മൈസൂർ നാട്ടിൽ നെല്ലുംകെഴ്വരകും കൊതമ്പുമുതലായ ധാന്യങ്ങളും - ചക്കരയും അധികം ഒണ്ടാകുന്നു

൧൭ എററവും നല്ല ആടു മാടു കുതിര മുതലായതു ഒള്ളതല്ലാതെ അതിന്റെ മെക്കെവശത്തൊള്ള കാടുകളിൽ ചന്ദനം തെക്കു മുതലായവൃക്ഷങ്ങളും അധികം ഒണ്ടു

൧൮ കെഴ്വരകുതന്നെ ജനങ്ങൾക്കു സാധാരണമായ ഭക്ഷണമാകുന്നു

൧൯ മൈസൂർനാടു തമിഴനാട്ടിനെപൊലെ ഉഷ്ണമൊള്ള ഭൂമിയല്ല - ജനങ്ങൾ കുളിർകാലത്തു ഒറച്ചകമ്പിളിധരിച്ചുകൊള്ളും

൨൦ കറുത്തകമ്പിളിയും വെള്ളക്കമ്പിളിയും മൈസൂരിൽ നെയ്യുന്നതിനാൽ ആയ്തു തമിഴനാട്ടു കമ്പിളിയെക്കാൽ അധികം ബലനം ഒള്ളതാകുന്നു - മുടിച്ചമുക്കാളവും പട്ടും മുടിച്ചാൽവയും അവിടെ ചെയ്യുന്നതാകുന്നു

൨൧ കൈത്തൊഴിൽ കൊണ്ടിട്ടു ഒണ്ടാകുന്നതിനെ ചെയ്യുന്നതന്നു അത്ഥമാകുന്നു

---

## ൨൦ാം അദ്ധ്യായം

൧ ബംകളൂരിനു വടക്കെ അസാരം കിഴക്കു വശ

ക്കു എകദെശം ൧൨ മയിൽദൂരത്തിൽ ബല്ലാരിയിരിക്കുന്നു

൨ ബല്ലാരി മൈസ്സൂരിന്നും അയ്യിറാഭാകത്തിന്നും മദ്ധ്യെയിരിക്കുന്ന കന്നാടി നാട്ടിന്റെ ഒരു പക്കിലിരിക്കുന്നു

൩ ഈ പ്രദെശങ്ങൾ അധികക്കാടില്ലാത്ത സമനായ വെളിയായിരിക്കുന്നു - അവിടെ പുഞ്ചധാന്യങ്ങളും പഞ്ഞിയും മുഖ്യമായിട്ടു പയിരിടുന്നു

൪ നല്ല കമ്പിളികൾ ഇവിടെ നെയ്യുന്നു

൫ ബല്ലാരിക്കു കിഴക്കെ എകദെശം നാലു ദിവസത്തെ വഴിദൂരത്തിൽ കൂട്ടിയെന്ന ഒരു വല്യമലക്കൊട്ട ഉണ്ടു

൬ ബല്ലാരിക്കു വടക്കു കിഴക്കെ എകദെശം ആറു മയിൽദൂരെ ഖരുന്നൂർ ഇരിക്കുന്നു

൭ ഖരുന്നൂർ ദുങ്കപത്രീ ആററിന്റെ തെക്കെ വശത്തു ഇരിക്കുന്ന ഒരുവലിയപട്ടണമാകുന്നു - അതിന്നു ചിലമയിൽ ദൂരത്തിൽ ദുങ്കപത്രീആറു കൃഷ്ണഎന്ന ആററിനൊടു ചെരുന്നു

൮ മുമ്പിലൊള്ള കാലം ഇതുപട്ടാണി നബാബിന്നെ ചെന്നിരുന്നു - അനെകം പട്ടാണികൾ ഈ പ്രദെശങ്ങളിൽ കുടിപാൎക്കുന്നു

൯ കൂട്ടിയും ഖരുന്നൂരും തെലുങ്കു നാട്ടിലിരിക്കുന്നു ഖരുന്നൂൎക്കപ്പുറം അയിദറാ ഭാഗം എന്ന നാടായ തെലുങ്കുനാട്ടിന്റെ ഒരു പക്കിൽ നീ ചെന്നു ചെരുകയും ചെയ്യും

൧൦ നീ ബല്ലാരിയിൽ നിന്നും ജെന്നപട്ടണത്തു പൊകണമെന്നാൽ കടപ്പവഴിയായിട്ടു തെക്കു കിഴ

കെ നൊക്കിനടക്കയും വെണ്ണം - അതു എകദെശം ൨൧ ദിവസത്തെ വഴിദൂരമാകുന്നു

നിനവു

ആജ്ഞാൻ കുഞ്ഞുങ്ങൾ ഗവനത്തൊടെ ഭ്രമിപ്പടത്തെനൊക്കുവാൻചെയ്യുന്നതു കൂടാതെയും ബല്ലാരിയിൽ നിന്നുംപല ഇടങ്ങൾക്കും പൊകുന്ന വഴികളെ കാണിച്ചു തരുന്നതിന്നു അവരെ ഉൽ സാഹിപ്പിക്കയും വെണ്ണം - അതു എങ്ങിനെഎന്നാൽ ബല്ലാരിയിൽ നിന്നും അരിആറ്റിന്നും ബല്ലാരി യിൽ നിന്നും താർ പാട്ടിക്കും ഇതിന്നുമണ്ണും പലയിടങ്ങൾക്കും പൊകുന്ന വഴിയെ അവരുതന്നിഷ്ക്കു ശ്രൂണ്ടികാണിപ്പാൻചെയ്കയുംവെണ്ണം

---

## ൨൧ാം അദ്ധ്യായം

## മലയാളനാട്ടിനെക്കുറിച്ചു

൧ മലയാള ദെശത്തുകാറർ തമിഴ ദെശത്തിന്നും കന്നാടിദെശത്തിന്നും മെക്കെ മെക്കക്കണെവായ്ക്കൾക്കും കടലിന്നും മദ്ധ്യെകുടിയിരിക്കുന്നു

൨ മലയാളദെശം രണ്ടുപങ്കായിട്ടിരിക്കുന്നു - ഒന്നു തിരുവിതാംകൊട്ട മറ്റതു മലബാരെന്നു പറയുന്നതു

൩ തിരുവിതാം കൊട്ടനാട്ടതിരുനൽ വെലിയ്ക്കും മധുരയ്ക്കും കൊയംപുത്തൂരിന്നും അങ്ങെവശം കന്നിമാകുമാരിമുതൽ നെരുവടക്കായിട്ടു തെക്കുപടിഞ്ഞാറു മൂലക്കു ഇരിക്കുന്നു - മെക്കെക്കണെവായ്ക്കൾ തിരുവിതാംകൊട്ടസമസ്ഥാനത്തിനെ മെൽപറഞ്ഞ ദെശങ്ങളിൽ നിന്നും പിരിച്ചിരിക്കുന്നു

൧൪ ജെന്നപട്ടണത്തു നിന്നും തിരുവിതാം കൊട്ടു പൊകുന്നതിന്നു ൩ വഴി തെക്കുമെക്കായിട്ടയാത്രചെയ്യുന്നു.

൧൫ ഒരുവഴിയെപൊയാൽ ചെലംകൊയമ്പുത്തൂർകൂടെ തിരുവിതാംകൊട്ടുസമസ്ഥാനത്തിന്റവടക്കെയുംകടന്നുപൊകുന്നവശത്തു ചെന്നുചെരാം - അതു എകദെശം ൨൪ ദിവസത്തെ വഴിദൂരമാകുന്നു

൧൬ വെറെ ഒന്നു ത്രിശ്ശിനാപ്പള്ളി പാളയംകൊട്ട വഴി - ആ വഴി തിരുവിതാം കൊട്ടിന്റെ തെക്കെ വശത്തു ചെന്നുചെരും - അതു എകദെശം ൨൮ നാൾ വഴിദൂരമാകുന്നു

൧൭ ആ നാട്ടിന്റെ തെക്കെവശത്തുകൂടെപൊയാൽ തിരുവനന്തപുരമെന്ന പ്രധാനപട്ടണത്തു നിന്നലിയിൽ ചെന്നുചെരും

൧൮ തിരുവനന്തപുരം കടൽക്കരെക്കു സമീപമായിരിക്കുന്നു - തിരുവിതാംകൊട്ടു മഹാരാജാവു അവിടെ വസിക്കുന്നു

൧൯ തിരുവനന്തപുരത്തുനിന്നും കടൽത്തുറപ്പട്ടണമായ കൊല്ലത്തിന്നു കടൽവഴിയുംതൊട്ടുവഴിയുംപൊകാം - അതിന്മണ്ണും വെള്ളംവഴിയായി കൊല്ലത്തുനിന്നും ആലപ്പുഴ കൊച്ചി എന്ന തുറമുഖപ്പട്ടണങ്ങളിലും പൊകാം

൧൦ മുളകിനായിട്ടും തെക്കമരത്തിനായിട്ടും കപ്പലുകൾ മുതലായതു ആലപ്പുഴയ്ക്കു വന്നടുക്കും - മുളകു യൂറൊപ്പദെശത്തും തെക്കമുതലായ മരങ്ങൾ ജെന്നപട്ടണംമുതലായസ്ഥലത്തും കൊണ്ടുപൊകുന്നു

൧൧ കൊച്ചിഇംഗ്ലീഷുകാൎക്കാകുന്നു - കൊച്ചിരാജാവെന്നു ഒരുഹിന്ദുപ്രഭു അവിടെവസിക്കുന്നു ആ രാജാവിന്റെ അധികാരത്തിൻകീൾ കൊച്ചിക്കു സമീപിച്ചു കുറെദെശമിരിക്കുന്നു

൧൨ തിരുവിതാംകൊട ജെന്നപട്ടണത്തു സമീപമായുള്ള നാടുകളെപ്പൊലെ സമനായ വെളിയുള്ളതല്ലാ - മലകൊണ്ടും മരക്കാടുകൾ കൊണ്ടും നിറഞ്ഞതാകുന്നു

൧൩ തിരുവിതാംകൊട എററവും വൎദ്ധനവുള്ള നാടാകുന്നു അതിൽ നെല്ലു - മുളക - എലം - ചുക്കമഞ്ഞൾ - ചെഞ്ചല്യം - അരക്ക - മെഴുക - തെങ്ങതെക്കമരം - കരിന്തകാളിമരം - ഠരംട്ടിമുതലായ മററും വിലയെറിയ തടികൾ അനവധി ഉണ്ടാകുന്നു കാപ്പി - ജാതിക്കാ - കരയാമ്പൂവ മുതലായ്യു കൃഷിചെയ്യും വരുന്നു

൧൪ വനങ്ങളിൽ ആന - കടുവാ - കരടി - കരിമ്പുലി - അണ്ണാൻ - ചുട്ടിത്തെവാങ്കും - വെഴാമ്പൽ മുതലായവ ഒണ്ട - ആൾക്കയ്യ്ൻ എന്നപക്ഷി വയല്ലുകളിൽ ഒണ്ട അവയുടെ തുവലുകളിൽ ചിലത

ശീമ മദാമ്മമാർ ആഭരണങ്ങളായിട്ട പ്രയൊഗിച്ചു വരുന്നു

൯൭ തിരുവിതാംകൊട്ട രാജാക്കന്മാർ ഹിന്ദുമതത്തിൽ ചെൎന്നവരാകുന്നു എംകിലും മററുള്ള വർതങ്ങളുടെ മതത്തിൽതന്നെ നടന്നുകൊള്ളുന്നതിന അനുവദിച്ചു വരുന്നതുകൊണ്ട പൂൎവകാലംമുതൽ കീൎത്തിപ്പെട്ടിരിക്കുന്നു അവരുടെ സംരക്ഷണംകൊണ്ട സുറിയാനിക്കാരായ ക്രിസ്ത്യാനികൾ മുമ്പിനാലെ എറിയകാലമായിട്ട ആനാട്ടിൽ പാൎത്തുവരുന്നു

൯൮ രാജാവിന്റെ തനതവകയായിട്ട തിരുവനന്തപുരത്ത വിശെഷമായ ഒരു ഇംഗ്ലീഷപള്ളിക്കൂടം ഉണ്ട അവിടെ വെദപുസ്തകം വെണ്ടുംവണ്ണം പഠിച്ചുവരുന്നു ഇതല്ലാതെ വെറിട്ടചില പള്ളിക്കൂടങ്ങൾക്കും ഒത്താശചെയ്യുവരുന്നു അച്ചുക്കൂടത്തുവെലകൾ ബഹുകാലമായിട്ട നടന്നുവരുന്നു അതിൽ പ്രയൊജനമുള്ള അനെകപുസ്തകങ്ങൾ അച്ചടിക്കപ്പെട്ടുവരുന്നു

൯൯ മുമ്പിലത്തെയും ഇപ്പൊഴത്തെയും രാജാക്കന്മാർ തങ്ങളുടെവിദ്യാഭ്യാസത്തിന്റെ താല്പൎയ്യത്തിൽ പ്രസിദ്ധപ്പെട്ടിരിക്കുന്നു മുമ്പിലത്തെരാജാവ വിദ്യയിൽ നല്ല ശീലമുള്ളതതന്നയുമല്ല - തിരുവനന്തപുരത്തെ പ്രബലതയുള്ള ഒരു നക്ഷത്ര മങ്കളാവും കൂടെ ഉണ്ടാക്കിച്ചിരിക്കുന്നു

൧൮ ഇപ്പൊഴത്തെരാജാവ വൈദ്യശാസ്ത്രത്തിന്റെ ജ്ഞാനംകൊണ്ട കീൎത്തിപ്പെട്ടിരിക്കുന്നു തന്റെ സഹൊദരൻ ആരംഭിച്ചിരുന്ന ശാസ്ത്രസംബന്ധമായും വിദ്യാസംബന്ധമായും ഉള്ളസകല സ്ഥാപനങ്ങളെയും പ്രമാണിക്കുന്നതുകൂടാതെ വെറുവിട്ടപ്രതിയതായിട്ടുള്ളവയും കൂടെ ശ്രുഷ്കാന്തിയൊടെ നടത്തിവരുന്നു

൧൯ തിരുവിതാംകൊട്ട പലപല ജാതികൾഉണ്ട ബ്രാഹ്മണരായിട്ട നമ്പൂരിമാരും പട്ടന്മാരും നായന്മാർ ക്രിസ്ത്യാനികൾ മഹമ്മദക്കാർ ചൊകന്മാർ പറയർ പുലയർ മുതലായവർ കൂടാതെ മററും അനെകംപെരുംതന്നെ-

൨൦ പഠിപ്പും വിദ്യയുമുള്ള ഒരുമനുഷ്യൻ ഈനാട്ടിൽ നടപ്പായിരിക്കുന്ന വളരെമൎയ്യാദകളെ കുററം വിധിക്കണം ആയത എന്തെന്നാൽ നായന്മാൎക്കും ചൊകന്മാൎക്കും ഇടയിലുള്ള കെട്ടുകല്യാണത്തിനു വെണ്ടി ബഹുമാനാപെക്ഷയും താന്നജാതിയൊട അടുത്താൽ തീണ്ടൽഎന്നുള്ള ദുൎശ്ശക്തിയും തന്നെ-

൨൧ ദൈവം ഭൂമിയിൽ എല്ലാമനുഷ്യരെയും ഒരു രക്തത്തിൽ നിന്നു ഉണ്ടാക്കിയിരിക്കുന്നു എങ്കിലും ജാതിമൎയ്യാദ പൊതുവെ സമ്മതപ്പെടുന്നതല്ല

൨൨ ഇപ്പൊഴത്തെ രാജാവ മുമ്പെ അടിമക്കാരെപ്പോലെ വിചാരിച്ചുവന്ന ജനങ്ങൾക്ക സ്വാതന്ത്ര്യംനല്കിയിരിക്കുന്നു

൨൩ തിരുവനന്തപുരത്തിനും തിരുനെൽവെലിക്കും മദ്ധ്യെഇരിക്കുന്ന തിരുവിതാംകൊട രാജ്യത്തിന്റെ തെക്കെ അററങ്ങളിൽ ഉള്ള ജനങ്ങൾ തമിഴസംസാരിക്കുന്നു - എന്നാൽ തിരുവിതാംകൊടുനാട്ടിൽ മററെല്ലാജനങ്ങളും മലയാള ഭാഷസംസാരിക്കുന്നു

---

## ൨൨ാം അദ്ധ്യായം

൧ നീ കടലൊരമായിട്ടു വടക്കൊട്ടു യാത്രചെയ്യാൽ തിരുവിതാംകൊട്ടിനങ്ങെവശം മലബാർ എന്നദെശത്തു ചെന്നുചെരും

൨ തിരുവിതാംകൊടു കഴിഞ്ഞാൽ മുമ്പിൽ ചെന്നു ചെരുന്ന പ്രധാനപട്ടണം കല്ലിക്കൊട്ട ആകുന്നു

൩ കല്ലിക്കൊട്ട കടൽത്തുറപട്ടണമാകുന്നു - ഇവിടത്തന്നെ ഏകദെശം ൩൯൦വരുഷത്തിനുമുമ്പിൽ യുറൊപ്പിൽനിന്നും കപ്പലുകൾ ആദിയിൽവന്നു ഇറങ്ങി

൪ കല്ലിക്കൊട്ടക്കുവടക്കെ കണ്ണൂർ എകദെശം നാലുദിവസത്തെ വഴിദൂരെ ഇരിക്കുന്നു

൫ കണ്ണൂർ കടൽക്കരയിൽ ഇരിക്കുന്നു - അതുകിഴക്കു കടൽക്കരയിൽ ഇരിക്കുന്ന പുതുശ്ശെരിക്കു അസാരം നെരെ ഇരിക്കുന്നു

൬ കണ്ണൂരിനുവടക്കെ കന്നരാ എന്ന നാടു ഇരിക്കുന്നു

൭ കടൽക്കരയിൽ ഉള്ള മംകളൂർ കന്നരാനാട്ടിന്റെ പ്രധാന പട്ടണംആകുന്നു - അതകണ്ണൂരിൽ നിന്നും എകദെശം ആറുദിവസത്തെ വഴിദൂരത്തിലാകുന്നു

൮ ബെക്കളുക്കും ജെന്നപട്ടണത്തിന്നും എകദെശം നെരെമക്കളൂർ ഇരിക്കുന്നു

൯ മക്കളൂരിനുവടക്കെ പത്തുദിവസത്തെ വഴിദൂരത്തിൽ ഗൊവഇരിക്കുന്നു

൧൦ ഗൊവപട്ടണം ദക്കാൻ നാട്ടിന്റെകടലൊരത്തിൽ ഇരിക്കുന്നു - അതു പൊത്തുഗീസ്സു കാക്കുആകുന്നു - അവരു യൂറൊപ്പുഖണ്ഡത്തിലുള്ള പൊത്തുക്കാൽ ദെശത്തു ജനങ്ങളാകുന്നു

൧൧ ഗൊവ കിഴക്കെ കടൽക്കരെയിൽ ഇരിക്കുന്ന ഒ൹കൊൽക്കാ എകദെശം നെരെയിരിക്കുന്നു

൧൨ മലബാർ കന്നരാ എന്നദെശങ്ങൾ തിരുവിതാംകൊട്ടു സമസ്ഥാനത്തെപ്പൊലെ മലകളും മരക്കാടും നിറഞ്ഞു അവിടത്തെപ്പൊലെ നല്ലമുളക തെക്കമരം ചന്ദനമരം മുതലായ്തു ഒണ്ടാകുന്ന സ്ഥലമായിരിക്കുന്നു

൧൩ ബ്രാഹ്മണരു നായന്മാരു തീയന്മാരു മുതലായ ആളുകളും മാപ്പിള ജാതിയും മലബാർ കന്നരാ ൟ നാട്ടുകളിൽ പ്രധാനമായിട്ടു കുടിയിരിക്കുന്നു

൧൪ മാപ്പിള ജാതികൾ മഹമ്മതുമാൎഗ്ഗക്കാരരായിരിക്കുന്നു - അവരു അനെകം വരുഷത്തിനു മുമ്പിൽ ഹിന്തുദെശത്തിലുള്ള ൟ നാട്ടുകളിൽ വന്നുകുടിപാൎത്തു ഇവടെഒള്ള സ്ത്രീകളെ കല്യാണംകഴിച്ച മഹമ്മതുമാൎഗ്ഗക്കാരരിടെ സന്തതികളാകുന്നു

൧൫ മാപ്പിളകൾമുഖ്യമായ വ്യാപാരികളും തൊഴിലാളികളും ചിലരു കൃഷിക്കാരരും ആയിരിക്കുന്നു

൧൬ അവരു അദ്ധ്യാനപ്പെട്ടന്ന ജെനങ്ങളാകുന്നു - എന്നാൽ യാതൊരു കാരണംക്രൂടാതെ ചിലസമയങ്ങളിൽബ്രാഹ്മണരെയും നായന്മാരെയും കൊന്നുകളയുന്നു - ഇതിന്മണ്ണം ചെയ്യുന്നതിനാൽ തങ്ങൾക്കു സ്വൎഗ്ഗംകിട്ടുമെന്നു വിചാരിക്കുന്നു - അയ്യൊ കുലചെയ്യുന്നതു മഹാപാവമെന്നു ൟ ബുദ്ധിഹീനമുള്ള ജനങ്ങൾക്കു തൊന്നുന്നില്ല

൧൭ മലബാർ കന്നരാ നാട്ടുകളിൽ പാവപ്പെട്ട അനെകം അടിമകൾ ഒണ്ടു

൧൮ മലബാർനാട്ടിൽ ഒള്ള ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നു - കന്നരാനാട്ടിൽ സംസാരിക്കുന്ന ഭാഷ എകദെശം കന്നടഭാഷക്കു ശരിയായിരിക്കുന്നു

൧൯ മലബാർ നാട്ടിൽകല്ലിക്കൊട്ടകഴിഞ്ഞാൽപ്പാലക്കാട്ടശ്ശെരി രണ്ടാമത്തെ പ്രധാന പട്ടണമായിരിക്കുന്നു - അവിടങ്ങളിൽ തന്നെ അനെക വിശെഷമായുള്ള നായരുജാതി കുടിപാൎക്കുന്നു

൨൰ കല്ലിക്കൊട്ടയ്ക്കും കണ്ണൂരിനും നെരെമലബാർദെശത്തു കടല്ക്കരയിൽ നിന്നുംഎകദെശം ഒരുതീയതികപ്പൽ ഒാടുന്ന ദൂരത്തിൽ ലാക്കുദ്വീവുകൾ എന്ന മുപ്പതുചെറിയദ്വീവുകൾഒണ്ടു അവിടെ മാപ്പിളജാതികൾകുടിപാൎക്കുന്നു - ഒരുതീയതി കപ്പലൊട്ടവും കരവഴിയായി എട്ടുദിവസം നടക്കുന്നതും സമദൂരമായിരിക്കുന്നു

---

## ൨൩ാം അദ്ധ്യായം

### ദക്കാൻ നാട്ടിനെകുറിച്ചു

൧ തെക്കെ ഹിന്ദ്യാവിനു അങ്ങെവശം വടക്കൊട്ടു പൊയാൽ ദക്കാൻഎന്നു വിളിക്കപ്പെടുന്ന ഹിന്തുദെശത്തിന്റെ ഒരുപങ്കുഇരിക്കുന്നു

൨ തെലുങ്കു - ഉടസ്യാ - ഖാണ്ടു - മ്രാഠ്യാ - എന്ന സ്ഥലങ്ങൾ ദക്കാനിലൊള്ള പ്രധാന നാടായിരിക്കുന്നു

൩ തെലുങ്കുദെശത്തിൽ ദക്കാന്റെ കിഴക്കെവശവും നടുവശവും അടങ്ങിയിരിക്കുന്നു

൪ കട്ടക്കുവരെ ഇരിക്കുന്ന കടൽക്കരെയായുള്ള നാടുകൾ അത്രയും ഉൾനാട്ടിൽ വടക്കെ നാഗപ്പൂരുവരെ

ഇരിക്കുന്ന ഹൈദരാഭാഗം നാടും മെക്കെ മ്രാറ്റ്യനാട്ട വരെ ഇരിക്കുന്ന നാട്ടുകളും തെല്ലുങ്കുദെശത്തെ ചെന്ന താകുന്നു

൫ ഉട്ടസ്സ്യദെശം ദക്കാൻെറ വടക്കുകിഴക്കായിട്ടിരിക്കുന്നു

൬ ഖാണ്ടുനാട്ട വടക്കെവശത്തിരിക്കുന്നു

൭ മ്രാറ്റ്യനാട്ട വടക്കായിട്ടും വടക്കുമെക്കായിട്ടും ഇരിക്കുന്നു

നിനവു

ആജ്ഞാൻ ൟ ദെശങ്ങളെ എല്ലാം കുഞ്ഞുങ്ങൾക്ക ഭൂമിപ്പടത്തിൽ കാണിച്ചുകൊടുക്കുന്നതുകൂടാതെയും അവൎക്ക നല്ലതിന്മണ്ണം മനസ്സിലായെന്നു തിട്ടംവന്നതിൽപിന്നെ അത്രെ ഇതിനുകീൾ ഉള്ള അദ്ധ്യായത്തിനെ തുടങ്ങുകയുംവെണ്ണം

---

## ൨൰ാം അദ്ധ്യായം

### തെല്ലുങ്കുദെശത്തെകുറിച്ചു

൧ ൧൯ാം അദ്ധ്യായത്തിൽ ചൊല്ലിയിരിക്കുന്ന ഓംകൊല്ല എന്നദിക്ക തെല്ലുങ്കുനാട്ടിൽ ആകുന്നു — നാം മുൻ പറഞ്ഞിരിക്കുന്നതിന്മണ്ണം ൟ ദെശത്തിൽ ഒരുപങ്കു തെക്കെ ഹിന്ദ്യാവിലുള്ളതാകുന്നു

൨ ഓംകൊല്ലക്കു വടക്കുകിഴക്കെ എകദെശം നാല്ല ദിവസത്തെ വഴിദൂരത്തിൽ നീ കൃഷ്ണായെന്ന ആററിനെ കടക്കയുംചെയ്യും — അതിൽനിന്നും രണ്ടു ദിവസത്തെക്കുഅപ്പുറം മസ്സലിപട്ടണം ഇരിക്കുന്നു

൩ കൃഷ്ണായെന്ന നദി വല്യആറുആകുന്നു — മ്രാറ്റ്യ

ദെശത്തിൽ ബെഹുദൂരമായിരിക്കുന്ന മെക്കെക്കണൊവായിൽ നിന്നും ആയ്യുപുറപ്പെടുന്നു

൨ മസ്സുലിപ്പട്ടണം ഒരുകടൽ തുറപ്പട്ടണമാകുന്നു അതിനെ ബന്ധർ എന്നും വിളിക്കുന്നു - ആയ്തിന്നു ഹിന്തുസ്ഥാനിഭാഷയിൽ കടൽത്തുറബന്ധവെന്നു അൎത്ഥമാകുന്നു - ശിട്ടികൾ ശീലകൾമുതലായ വല്ല്യവ്യാപാരങ്ങൾ അവിടെനടക്കുന്നു - ജെന്നപട്ടണത്തുറയിൽ ഒള്ളതുപൊലെ അവിടയും അധികം അലകളില്ലാത്ത കാരണത്താൽ പടവുകൾ എളുപ്പമായിട്ടു കപ്പലിന്നു അടുപ്പിക്കയും ചെയ്യാം - ഉയൎന്നു പിരണ്ടു ഉറപ്പൊടു കരയിൽ വന്നു അടിക്കുന്ന വെള്ളത്തിനെ അലകളെന്നു വിളിക്കുന്നു

൩ മസ്സുലിപട്ടണത്തുനിന്നും എകദെശം നാല്ലു ദിവസത്തെവഴിദൂരത്തിൽ കൃഷ്ണഎന്ന ആററിന്നു മെക്കെ ഗുണ്ടൂരുഇരിക്കുന്നു - പാതിവഴിയിൽ വച്ചു ആയാററിനെ നീ കടക്കെണ്ടിവരും

൪ മസ്സുലിപട്ടണത്തിന്നു അസാരം മെക്കു വടക്കായിട്ടു ൧൫ മയിൽ ദൂരത്തിൽ ഹൈദറാഭാഗവും അതിന്നു വടക്കൊട്ടുമൂന്നുമയിൽദൂരം എല്ലൂരുംഇരിക്കുന്നു

൫ മസ്സുലിപട്ടണത്തു നിന്നും കപ്പലെറി വടക്കെ കരഒരമായി പൊയാൽ നീ മുമ്പെകാണുന്ന പ്രധാനമായപട്ടണം കൊരങ്കിആകുന്നു - അതിൽവന്നുചെരുന്നതിന്നു ഒരുദിവസംചെല്ലും

൬ കൊരങ്കി എന്നപട്ടണം ഗൊദാപുരി ആററിന്റെ ഒരുപിരിവിൽ ഇരിക്കുന്നു - അതിലെ കപ്പൽതുറയും കപ്പൽതുറവുകളുംഒണ്ടു

൭ കാററു അവെലാരമായിട്ടു അടിച്ചു കടൽകറിന്നപ്പെട്ടിരിക്കുന്ന സമയത്തു കപ്പലുകൾ ഭദ്രമായിട്ടുചെ

ന്നനിൽപ്പാനുള്ള സ്ഥലത്തിനെ കപ്പൽ തുറഎന്നുവിളിക്കുന്നു - കപ്പലുകൾ പുത്തനായിട്ടു പണ്ണി തീൎക്കുന്നതിനും അററകുററം നൊക്കി ചെയ്യുന്നതിനും വെണ്ടി വെട്ടിഉണ്ടാക്കി ഇരിക്കുന്ന സ്ഥലങ്ങളെ കപ്പൽതുറവുകൾ എന്നുവിളിക്കുന്നു

൧൦ ഗൊദാപുരി ഒരുവല്യ ആറാകുന്നു - അതു ബെഹൂദ്ദൂരെ ദിക്കാൻനാട്ടിൽ വടക്കു മെക്കുള്ള മെക്കൊ കണൊവായ്ക്കുളിൽ നിന്നുംവരുന്നു

൧൧ കൊരംകിയിൽ നിന്നും ഉൾനാട്ടിൽ എകദെശം മൂന്നു ദിവസത്തെ വഴിദൂരെ ഇരിക്കുന്ന രാജമഹെന്ദ്രത്തിനു സമീപം ഗൊദാപുരി ആററിനു കുറുക്കെ ഒരുവല്യ അണകെട്ടിഇരിക്കുന്നു - അതുകൊണ്ടു കടലിൽ പൊകുന്ന വെള്ളത്തിനെ ചെറുത്തു നാട്ടിൽ ഒള്ള കൃഷിക്കു ഉപയൊഗമാക്കിയിരിക്കുന്നു

൧൨ ഇതിൽ പിന്നെ കടൽ ഓരമായിട്ടു എകദെശം കപ്പൽ ഒരുദിവസം ഓടുന്ന ദൂരത്തിൽ നീ ആദിയിൽ ചെന്നുചെരുന്ന പ്രധാന ഇടം വിശാഖപട്ടണമാകുന്നു - ആയതു അധികവ്യാപാരം ഒള്ള സ്ഥലമാകുന്നു

---

൧൩ വിശാഖപട്ടണത്തിൽ നിന്നും വടക്കുമെക്കു ഉൾനാട്ടിൽ രണ്ടു ദിവസത്തെ വഴിദൂരത്തിൽ വിജയനഗരവും അതിൽ നിന്നും വടക്കു കിഴക്കെ മൂന്നുമയിൽ ദൂരത്തിൽ അസാരം ഉൾനാട്ടിൽ ശിക്കക്കൊല്ലമിരിക്കുന്നു

൧൪ വിശാഖപട്ടണത്തിൽ നിന്നും കരഓരമായിട്ടു എകദെശം ഒരുദിവസത്തെ കപ്പൽഓട്ടം ദൂരത്തിൽ ഗഞ്ചവും അതിനുഅപ്പുറം ഉട്ടഷ്യാഎന്നനാട്ടും ഇരിക്കുന്നു

൧൫ ഓംകൊല്ലുകു മെക്കെ എകദെശം ൩ ദിവസത്തെ വഴിദൂരെ കിഴക്കെ കണ്ണവായ്ക്കൾ ഇരിക്കുന്നു ൨രം കണ്ണവായ്ക്കൾക്കും കടലിനും നടുവെ ഉള്ളനാടു സമനായ വെളിയായിരിക്കുന്നു

൧൬ മസ്സലിപട്ടണത്തു നിന്നും കടൽ വടകിഴക്കായിട്ടു തിരിയുന്നു - കൊരംകിയെ കടന്നു ക്രുടംപൊൾ കടലിനു അരികെ മലകളിരിക്കുന്നു

൧൭ ഗൊദാപിരിമുതൽ വടക്കൊട്ടു മെക്കെവശത്തൊള്ള മലകളിൽ കാട്ടുജനങ്ങൽ ഉണ്ടു

൧൮ ഓം കൊൽമുതൽ ഉടുഷ്യാ നാടുവരെ മലകൾക്കും കടലിനും നടുവെ ഉള്ള ഇടങ്ങളിൽ അധികം നെല്ലും മുതിരയും മററുംധാന്യങ്ങളും പിന്നെയും ശിലസ്ഥലങ്ങളിൽ കൊതംപും വിളയുന്നു ഇതു അല്ലാതെയും നല്ലപൊകയിലയും അധികം ശക്കരയും അവിടെ ഉണ്ടാകുന്നു - ആവസ്തുക്കളെ കപ്പലുകളിൽ കെററിഅധികമായിട്ടു ഇംകിലാന്തു ദെശത്തിന്നു ആണ്ടു തൊറും കൊണ്ടു പൊകുന്നു - കടല്ക്കരയിലും അധികംഉപ്പുവിളയുന്നു

---

## ൨൬ാം അദ്ധ്യായം

### ഹൈദറാപാക നാട്ടിനെകുറിച്ചു

൧ തെലുങ്കു ദെശത്തിന്റെ മെക്കുവശം നിശാംനാടു അല്ലങ്കിൽ ഹൈദറാപാകംനാടു എന്നുപറയുന്നു

൨ ജെന്നപട്ടണത്തു നിന്നും അസാരം വടക്കമെക്കായിട്ടു ഹൈദറാപാകംഎകദെശം ഒരുമാസത്തെ വഴിദൂരത്തിലിരിക്കുന്നു - യാത്ത്രക്കാററു പതിവായി ഓംകൊല്ലു വഴിയായിട്ടു ആ നാട്ടിൽ ചെന്നു ചെരുന്നു

ഓംകൊലിൽനിന്നും പാതിവഴിയിൽ കൃഷ്ണഎന്ന ആറ ഇരിക്കുന്നു

൩ നിശാംഎന്ന മഹമ്മതുമാൎഗ്ഗ പ്രഭു ഹൈദറാപാകത്തുവസിക്കുന്നു

൪ ഹൈദറാപാകത്തിന്ന മെക്കെ എക ദെശം എഴ ദിവസത്തെവഴിദൂരെ മ്രാട്ട്യദെശത്തു സൊലാപ്പൂര ഇരിക്കുന്നു

൫ ഹൈദറാപാകത്തിന്ന വടക്കുമെക്കെ എവ്വ ദിവസത്തെ പഴിദൂരെ ജാൽനാ ഇരിക്കുന്നു - ഇതുമ്രാട്ട്യദെശത്തിലിരുന്നാലും നിശാം ഉടയതാകുന്നു

൬ ഹൈദറാ പാകത്തിന്ന വടക്കെ മൂന്നു ആഴ്ചവഴിദൂരെ ഖാണ്ടുനാട്ടിലുള്ള നാഗപ്പൂര ഇരിക്കുന്നു

൭ ഹൈദറാപാകത്തു നാട്ടിൽ അധികം കാടുകളും പലഇടങ്ങളിൽ മലകളും ഒണ്ടു - കിഴക്കും വടകിഴക്കും മരക്കാടുകൾ നെരുങ്ങി ഇരിക്കുന്നു അതിൽ കാട്ടുമനുഷ്യരും ഒണ്ടു

---

## ൨ന്നാം അദ്ധ്യായം

## ഉടിഷ്യാനാട്ടിനെ കുറിച്ചു

൧ ഉടിഷ്യാ ദെശത്തിൽ കട്ടക്കും ജഗന്നാഥവും പ്രധാനഇടങ്ങളാകുന്നു

൨ കട്ടക്ക വല്യപട്ടണമാകുന്നു - അത അസാരം ഉൾനാട്ടിൽ മഹാനദി എന്ന ആററിൻെറ രണ്ടു പിരിവുകളിടെ മദ്ധ്യെഇരിക്കുന്നു

൩ മഹാനദി എന്നാൽ വല്യആറെന്നു അൎത്ഥമാകുന്നു - ഈംആറു ഖാണ്ടുനാട്ടിൽ നിന്നും പുറപ്പെടുന്നു

ംരം ആററിൽ ചിലസമയങ്ങളിൽ വൈരക്കല്ലും പൊന്നും അകപ്പെട്ടുന്നു

൫ ഗഞ്ചെത്തിന്നും കട്ടക്കിന്നും ഏകദെശം പാതിവഴിയിൽ പൂരി എന്ന പട്ടണത്തിൽ ഒരു വിഗ്രഹകൊവിൽ ഒണ്ടു - അതു ജഗന്നാഥകൊവിൽ എന്നു വിളിക്കുന്നു വരുഷംതൊറും പാവപ്പെട്ടവരും അറിവില്ലാത്തവരുമായ അനെകായിരം ജനങ്ങൾ അവിടെ സ്ഥലയാത്ര ചെയ്യുന്നു അതിൽ അനെകം പെരു മരിച്ചുപൊകുന്നു

൬ കട്ടക്കദെശത്തിന്നു മെക്കെയും തെക്കെയും ഒള്ള മലകളിലിരിക്കുന്ന കാന്തരുകൾ എന്ന ശില ജനങ്ങൾ ചെറുപ്രായം ഒള്ള ആണുങ്ങളെയും പെണ്ണുങ്ങളെയും കൊന്നു തങ്ങളുടെ ദൈവങ്ങൾക്കു വെലികൊടുക്കുന്ന എററവും ക്രൂരതയായുള്ള നടപടികൾ ജനങ്ങളിടെ പക്കൽ ഒണ്ടു ഇതിന്നു വെണ്ടി ദുഷ്ട ആളുകൾ മലത്താഴ്ചകളിൽ ഒള്ള നാടുകളിൽ ചെന്നു പാവപ്പെട്ട ജനങ്ങളിടെ പക്കൽ കുഞ്ഞുങ്ങളെ വിലക്കുവാങ്ങിച്ചും ഇതല്ലാതെയും ക്രൂടമെന്നു വരികിൽ കുഞ്ഞുങ്ങളെ മൊഷ്ടിച്ചും കാന്തരു നാട്ടിൽ കൊണ്ടുചെന്നു വില്ക്കുന്നു ഇതിന്മണ്ണം വെലികൊടുപ്പാൻ നിവൃത്തിയിരിക്കുന്ന സങ്കടപ്പെടത്തക്കതായിട്ടൊള്ള കുഞ്ഞുങ്ങളെ മിയ്യാക്കളെന്നു വിളിക്കുന്നു അവരു ഓരൊ ഗ്രാമത്തിലും ഇരിക്കുന്നു ഓരൊ ഗ്രാമത്തെ അടുപ്പിച്ചു മിയ്യാതൊപ്പ എന്നു ഓരൊരു തൊപ്പും അതിന്റെ നടുവിൽ വെളിയായിട്ടു കുറെ തറയും ഒണ്ടു-മിയ്യാവിനെ കൊല്ലുവാനൊള്ള സമയം വരും പൊൾ അതതു ഗ്രാമത്തിൽ ഒള്ള ആളുകൾ മൂന്നു തീയതി വരെ ഘൊഷിച്ചു പാൎക്കുന്നു മുതൽ തീയതി മദ്യപാനം ചെയ്യും മററും അക്രമങ്ങൾ നടത്തു

കയ്യും രണ്ടാം ദിവസം മിയ്യാവിനെ കുളിപ്പിച്ചു നല്ല വസ്ത്രങ്ങളും ധരിപ്പിച്ചു മെളവാദ്യങ്ങളും കൊംപും ശബ്ദിപ്പിച്ചു അതിനൊടും കൂട്ടി മിയ്യാവെ ആ തൊപ്പിൽ കൊണ്ടുപൊയി ഒരുമരത്തൊടു കൂട്ടികെട്ടി അന്നെത്തീയതിമുഴുവനും അപ്രകാരം വച്ചിരുന്നു മിയ്യവിന്റെ ദെഹത്തിൽ എണ്ണയും നെയ്യും ഒഴിച്ചു മഞ്ഞളു തടകിതൊഴുകയും ചെയ്യും - മൂന്നാം ദിവസം മിയ്യാവെകൊല്ലുന്നതിനു നെമിച്ചിരിക്കുന്ന സ്ഥലത്തുകൊണ്ടുപൊകുംപൊൾ സംകടപ്പെടത്തക്ക ൟ മിയ്യാത്താൻ പൊകഇല്ലന്നു തപ്പിപൊവാൻ ശ്രമിച്ചാൽ ആ വെലികൊള്ളാത്തതെന്നു ജനങ്ങൾ വിചാരിക്കുമെന്നും വെച്ചു മുമ്പിൽ കൂട്ടി മിയ്യാവിന്റെ കയ്യും കാലും മുറിച്ചു ഒരു മരത്തിന്റെ കൊമ്പുവെട്ടി അതിന്റെ ഒരു അറ്റം പിളൎന്നു അതിനകത്തു അവന്റെ കഴുത്തിനെ ഇട്ടു അവിടെ കയറുകൊണ്ടുകെട്ടി തൂക്കിപ്പിടിച്ചുകൊള്ളുകയും ചെയ്യും - അതിൽപിന്നെ പൂജാരിയാകുന്നവൻ ഒരു കൊടാലി എടുത്തു മിയ്യാവിടെ തൊളുകളിടെമീതെ വെട്ടികൂടും പൊൾ ജനങ്ങൾ ആ ചവത്തിന്റെ മീതെ വീഴുന്നു എലുമ്പിലൊള്ളു ദശ എല്ലാം പിടുങ്ങികൊണ്ടു പൊയി തങ്ങളുടെ വയലിൽ ഇടുകയും ചെയ്യും - ഇപ്രകാരം ചെയ്യാൽ തങ്ങളുടെ ദെവന്മാൎക്കു പ്രീയമായിരിക്കുമെന്നും വയൽ നല്ലതിനുണ്ണും വിളഞ്ഞുഫലം തരുവാൻ തക്കവണ്ണം ദെവന്മാരു സഹായിക്കുമെന്നും ജനങ്ങൾ വിചാരിക്കുന്നു ഹൈയ്യൊ നിൎഭാഗ്യമൊള്ള ൟ ജനങ്ങൾ താങ്ങൾ ചെയ്യുന്നതു മഹാ ദൊഷമെന്നും സംകടപ്പെടത്തക്കതായ ൟ മിയ്യാവെലി ദൈവത്തിനല്ല പിശാചിനു

ചെയ്യുന്നതെന്നും അവക്കതൊന്നുന്നില്ലാ ക്രൂരത ആയ ൟ നടത്തയെ നിറുത്തിക്കളയുന്നതിന്നു വെണ്ടി ഇങ്ക്ലിഷുകാറരു പ്രയാസപ്പെട്ടുവരുന്നു ഇനിയും ശിലവഷത്തിനകം ൟ നടത്തനിന്നു പൊകുമെന്നും വിശ്വസിച്ചിരിക്കുന്നു

---

## ൨൫ാം അദ്ധ്യായം

### മ്രാഠ്യനാട്ടിനെ കുറിച്ചു

൧ മ്രാഠ്യദെശം ദിക്കാനെന്റെ മെക്കുവശത്തു തെലുങ്കുദെശം തുടങ്ങി മെക്കെ കടൽവരയ്ക്കും ഒണ്ട

൨ ബമ്പാ മ്രാഠ്യ ദെശത്തിൽ പ്രധാന സ്ഥലമാകുന്നു

൩ ബമ്പാ വല്യപട്ടണമാകുന്നു - അതു കടലൊരംസമീപിച്ച ഒരുചെറിയ ദ്വീപിൽകെട്ടി ഇരിക്കുന്നു ഹിന്തു ദെശത്തിന്റെ ൟ വശങ്ങളെ ആണ്ടുവരുന്ന ഇങ്ക്ലീഷുഗൌണ്മെർ ബമ്പായിൽ പാക്കുന്നു

൪ ബമ്പാ വല്യ വ്യാപാരസ്ഥലമാകുന്നു - ഭൂമിയിൽ എല്ലാടത്തുനിന്നും കപ്പലുകൾ അവിടെ വരുന്നൊണ്ട - നല്ലകപ്പൽ തുറയും വല്യകപ്പലുകൾ പണിതീക്കുന്നതിന്നു തക്കകപ്പൽത്തുറവും അതിലൊണ്ട

൫ ബമ്പയിൽ ഒള്ള കുടിയാനവന്മാരു യൂറൊപ്യന്മാരും പാരിസു കാറരും മഹമ്മതു മാൎഗ്ഗക്കാറരും ഹിന്തുക്കളും പൊൎത്തുഗീസുകാറരും യൂതന്മാരുമാകുന്നു

൬ പാരിശ്ശുകാറരു പെരുഷ്യദെശക്കാറരുടെ സന്തതികളാകുന്നു

൭ അനെകം വരുഷത്തിനുമുമ്പിൽ അറമ്പിക്കാറരു പെരുഷ്യക്കാററുടെ ദെശത്തിനെ പിടിച്ചു അതിൽ മഹമ്മതുമാൎഗ്ഗത്തിനെ ഒറപ്പിച്ചതിന്റെറ ശെഷം മഹമ്മതുമാൎഗ്ഗക്കാററായിരുന്ന പാരിസുകാരിടെ രാജാവിൽ ഒരുത്തൻ മഹമ്മതുമാൎഗ്ഗത്തെ അനുസരിപ്പാൻ മനസ്സില്ലാതെ ജനങ്ങളെ എല്ലാപെരെയും എററവും ക്രൂരതയായിട്ടുനടത്തി വരുകയുംചെയ്തു - ഠം ഹെതുവാൽ പാരിസുകാററിൽ അനെകംപെരു തങ്ങളുടെ ദെശത്തെ വിട്ടുഓടി അതിൽ ശിലരു ഹിന്തുദെശത്തിൽവന്നു കുടിപാൎക്കയും ചെയ്തു

൮ പാരിസുകാററു സൂൎയ്യനെയും അഗ്നിയെയും വന്ദിക്കുന്നു - അവരു എററവും സാമൎത്ഥ്യമൊള്ളവരും പ്രയാസപ്പെട്ടുന്നവരുമാകുന്നു - കപ്പൽ ഒണ്ടാക്കുന്നതിൽ അവരു അധികം സാമൎത്ഥ്യമൊള്ള വരാകുന്നു - ബമ്പാത്തുറമുകത്തിൽ കപ്പൽ ചെയ്യുന്ന എല്ലാവരും പാരിസുകാററായിരിക്കുന്നു

൯ തറവഴിയായിട്ടു ജെന്നവട്ടണത്തെക്കു വടക്കു മെക്കെ എകദെശം എഴു ആഴ്ച്ചവഴി ദൂരത്തിൽ ബെമ്പാ ഇരിക്കുന്നു

൧൦ കപ്പൽവഴിപൊയാൽ നീ ജെന്നപട്ടണത്തുനിന്നും തെക്കു കിഴക്കായിട്ടു യാത്രചെയ്തു ലെങ്ക ദ്വീവിനെ ചുററി വടക്കൊട്ടു തിരിഞ്ഞു കാററു ഒത്തതായിരുന്നാൽ പന്തിരണ്ടുതീയതിക്കകം അവിടെചെന്നു ചെരാം

൧൧ ബമ്പയിൽ നിന്നും തെക്കു കിഴക്കായിട്ടു ആറുദിവസം യാത്രചെയ്യാൽ പൂന എന്നപട്ടണ

ത്തുചെന്നുചെരാം - അതിന്ന പാതിവഴിയിൽ നീ
മെക്കൊ ക്കണെവായ്ക്കളെ കടക്കെണ്ടിവരും

൰൨ പൂന സമനായവെളിയിലുള്ള ഒരുയൊഗ്യ
മായ വല്ല്യവട്ടണമാകുന്നു - അവിടെ മുമ്പിൽ ബ്രാഹ്മ
പ്രഭുക്കളിടെതലവനാകുന്നപെഷ്വാ എന്നു ഒരുത്തൻ
വാസംചെയ്തു

൰൩ ബ്രാഹ്മ ദെശത്തിൽ ചൊളം മുതലായ പുഞ്ച
ധാന്ന്യങ്ങളും പഞ്ഞ്യം അതിൽ ചന്ന താഴ്ചഉള്ള നാട്ടി
ൽ നെല്ലും അധികം ഒണ്ടാകുന്നു

൰൪ മലകളിൽ പലമാതിരി കാട്ടു ജനങ്ങളൊണ്ടു

---

## ൨വ്വാം അദ്ധ്യായം

### ഖാണ്ടുനാട്ടിനെക്കുറിച്ചു

൧ ഖാണ്ടു നാടു ഉടസ്സ്യനാട്ടിൻെറ മെക്കു വശ
ത്തിലിരിക്കുന്നു അതിന്ന തെക്കെവശത്തു ഹൈദറാ
പാകത്തുനാടിരിക്കുന്നു

൨ ഖാണ്ടുനാട്ടിൽ നാഗപ്പൂരു പ്രധാന ഇടമായി
രിക്കുന്നു

൩ നാഗപ്പൂരു ഒരുബ്രാഹ്മ തലവൻെറകുടിയിരുപ്പു
സ്ഥലമാകുന്നു ആയാളിനെ നാഗപ്പൂരു രാജാവു എ
ന്നുവിളിക്കുന്നു

൪ ഖാണ്ടുനാട്ടിൻെറ നടുപങ്കു സമനായ വെളി
ഭൂമിയാകുന്നു - എന്നാൽ അവിടെ അവിടെ മല
കളും ദുഷ്ടമൃഗങ്ങൾ നിറഞ്ഞകാടുകളുമൊണ്ടു

൫ അതിൻെറകിഴക്കെയും തെക്കുകിഴക്കെയും എററ
വുംപാവപ്പെട്ടവരും അറിവില്ലാത്തവരുമായ കാട്ടുജ
നങ്ങളും അവരിൽ അനെകംപെരു കാട്ടു മൃഗങ്ങളെ

പ്പൊലെ കാലംകഴിച്ചു നിൎമ്മാണമായിട്ടു തിരിയുന്നു ശിലസമയങ്ങളിൽ അവരുതങ്ങളുടെ ദെവന്മാൎക്കുനര വെലികൊടുക്കുന്നു — അവരിൽ ചിലരു മൃഗങ്ങളെ പ്പൊലെ മനുഷ്യരുടെ മാംസത്തിനെ ഭക്ഷിക്കുന്ന വരാകുന്നു

൬ ഖാണ്ടുനാട്ടിൽ പുഞ്ചധാന്യങ്ങളും പഞ്ഞിമുത ലായ വസ്തുക്കളും ഒണ്ടു

---

## ൨൯ാം അദ്ധ്യായം
## ഹിന്തുസ്ഥാനെക്കുറിച്ചു

ഹിന്തുദെശത്തിന്റെ മറെറ പിരിവിനെ ഹിന്തു സ്ഥാനെന്നുവിളിക്കുന്നു — നാലു പിരിവിലും ഇതു വല്യ പിരിവായിരിക്കുന്നു

൧ ബങ്കാളം — ബഹാർ — അയൊദ്ധ്യാ — ഹല്ലാ ഭാത്ത — രജബൂത്ത — ആഗ്രാ — ഡില്ലി — ക്രുച്ചരാ ക്രുച്ച — സിന്തു — പഞ്ചാപ്പു — എന്ന ഇടങ്ങൾ അതി ന്റെ പ്രധാനപങ്കുകളാകുന്നു

൨ അതിന്റെ കിഴക്കെ വശത്തു ബങ്കാളനാടും അതിന്റെ നടുവശത്തു ബഹാർ അയൊദ്ധ്യാ — ഹ ല്ലാഭാത്ത — ആഗ്രാ — ഡില്ലി — എന്നനാടുകളും അതി ന്റെ മെക്കു വശത്തു — രജബൂത്ത — ക്രുച്ചരം — ക്രുച്ച — സിന്തു — പഞ്ചാപ്പു — എന്നനാടുകളും ഒണ്ടു

---

## ൩൦ാം അദ്ധ്യായം
## ബങ്കാളനാട്ടിനെക്കുറിച്ചു

൧ ബങ്കാളം ഹിന്തുസ്ഥാന്റെ കിഴക്കെവശത്തിരി ക്കുന്നു

൨ ബങ്കാള ദെശത്തിന്റെ വടക്കുകിഴക്കു വശങ്ങളിൽ മലകളൊണ്ടു - എന്നാൽ പൊതുവായി ആ ദെശം മലയില്ലാത്ത സമനായ വെളിയാകുന്നു - അനെകം വല്യ ആറുകൾ ആ ദെശത്തിനകമെ കൂടി ഒടി അതിന്റെ തെക്കെ വശത്തു കടലിൽ ചെന്നു വീഴുന്നു

൩ അതിൽ പ്രധാനമായ ആറു ഗംഗ യാകുന്നു അതു ഡില്ലിക്കു അപ്പുറം ഒള്ള ഹിമയഗിരി മലകളിൽ നിന്നും വരുന്നു

൪ എററവും നല്ല ആറുആകുന്ന ഇതിൽ കടലിൽ നിന്നാം നൂറു മയിൽദൂരം വല്യകപ്പലുകളും അതിന്റെ അങ്ങെവശം വല്യപടവുകളും ഓട്ടുകയും ചെയ്യും

൫ ഹിന്തുക്കൾ ഗംഗ നദിയെ ശുദ്ധമായ ആറെന്നും അതിലുള്ള വെള്ളം തങ്ങളുടെ പാപങ്ങളെ ശുദ്ധിചെയ്യുമെന്നും വിചാരിക്കുന്നു - ഇതു എററവും ബുദ്ധിക്കുറവാകുന്നു - ആ വെള്ളം മനുഷ്യരിടെ ദെഹത്തെ മാത്രം ശുദ്ധി ചെയ്യുന്നതല്ലാതെ ഹൃദയത്തെ ശുദ്ധി വരുത്തുവാൻ വഹ്യാത്തതാകുന്നു - പാപം കൊണ്ടു നിറഞ്ഞിരിക്കുന്ന ഹൃദയം വെള്ളം കൊണ്ടു ദെഹത്തെ കഴുകുന്നതിനാൽ എങ്ങനെ ശുദ്ധമാകും ദൈവം ഭൂമിയെയും അതിൽ ഒള്ള എല്ലാ ആറു കളെയും ഒണ്ടാക്കി ഇരിക്കുന്നു - അതിൽ ചില ആറുമററുള്ള ആറുകളെക്കാൾ വല്യതായും അധിക പ്രയൊജനമായുമിരിക്കും എന്നാൽ ജെന്നപട്ടണത്തു ഒള്ള കൂവഎന്ന ആററിന്റെ വെള്ളം പാവത്തിനെ നീക്കുന്നതിന്നു ത്രാണിയില്ലാതെ ഇരിക്കുന്നതു പൊലെ തന്നെ ബങ്കാളത്തിലുള്ള ഗംഗ നദിയുടെ വെള്ളവും പാപത്തിനെ നീക്കുന്നതിന്നു ത്രാണിയില്ലാത്ത താ

കുന്നു - ദൈവംമാത്രം പാപംഉള്ള ഹൃദയത്തെ ശുദ്ധമാക്കുവാൻ ശക്തിയൊള്ളു വരാകുന്നു

൩ ദെണ്ണക്കാററരെ ഗംഗ നദിയുടെ കരയിൽ കൊണ്ടുപൊയിട്ടു കളയുന്ന കഠിനമായനടപ്പു ഹിന്ദുക്കൾക്കുഉണ്ടു - അവിടെ മരിക്കുന്ന എതു ഹിന്ദുവും സൌഖ്യം പ്രാപിക്കുമെന്നും അവരു വിചാരിക്കുന്നു - അതിനാൽ ദെണ്ണക്കാററരെ അവിടെ ചെററിൽ കൊണ്ടുചെന്നു കിടത്തി അവരിടെ മീതെ ആററിലൊള്ള വെള്ളത്തിനെ കൊടംകൊടമായിട്ടു കൊരി ഒഴിക്കുന്നു - അങ്ങനെ വെള്ളം ഒഴിക്കുംപൊൾ - ശഗതിയും വെള്ളവും ആയാളുകളിടെ വായ്ക്കകത്തു ചെല്ലുകയാൽ വീട്ടിൽ വച്ചു ഭദ്രമായിട്ടു നൊക്കിയാൽ പിഴപ്പാൻതക്ക ആളുകളും തെകമുട്ടി മരിച്ചുപൊകുന്നു

൪ ബങ്കാളം മുതലായ ശില ഹിന്ദു ദെശങ്ങളിൽ വെറെ ഒരു ദുഷ്ടനടപ്പു മുമ്പിൽ നടന്നുവന്നു - ആയ്തു ഒരുഹിന്ദു മരിച്ചുപൊയാൽ അവന്റെ ദെഹത്തൊടുക്രുടി അവന്റെ കെട്ടിയ വളെയും ജീവനൊടെ വെച്ചു ചുട്ടുകളയും ഇതു സത്തികമ്മമെന്നുപറയുന്നു - ഇപ്രകാരം ചെയ്യാൽ പാപനിവിൎത്തിയും സ്വൎഗ്ഗവും കിട്ടുമെന്നു ബ്രാഹ്മണരു ഉപദെശിക്കുന്നതിനെ സ്ത്രീകൾ വിശ്വസിച്ചു ശില സമയങ്ങളിൽ തങ്ങളുടെ ഭൎത്താക്കൾ മരിച്ചാൽ ആ പ്രെതത്തൊടുക്രുടെ മനൊരമ്യമായിട്ടു ഉടൻക്കട്ടെഎറുന്നതൊണ്ടു - എന്നാൽ അനെകംപ്രാവെശം ഭൎത്താക്കളുടെ ഇനജാതിക്കാററരും ബ്രാഹ്മണരും എകൊത്തുവിച്ചു അതിന്മണ്ണം ചെയ്യാൻ സ്ത്രീകൾക്കു മനസില്ലുന്നുവരികില്ലു, അവരെ ബലംബന്ധപ്പെടുത്തുകയും ചെയ്യും - അതു എററവും ക്രൂരവും അക്രമവു

മായ നടത്തയാകുന്നു — എന്തിനെന്നാൽ ആദര വു ഇല്ലാത്ത ഠരംപാപപ്പെട്ട സ്ത്രീകൾ ഇപ്രകാരം തങ്ങളുടെ ജീവനെ കളയുന്നതിനു അവരെ ബല ബന്ധപ്പെടുത്തുന്നാളുകളും അവൎക്കു ഇതു കൊണ്ടു പ്രയൊജനം ഒണ്ടാകുമെന്നു ഉപദെശിക്കുന്ന ബ്രാ ഹ്മണരും ദൈവത്തിന്റെ സന്നിധാനത്തിൽ കുല ചെയ്യുന്നവരായിരിക്കുന്നു — ക്രൂരമായ ഠരം നടത്ത യെ ഇംഗ്ലീഷുകാരരു ഇപ്പൊൾ നിറുത്തൽ ചെയ്തിരി ക്കുന്നു — എന്നാൽ ഹിന്തുദെശത്തിൽ ശിലസ്ഥലങ്ങ ളിൽ അതതു സമയത്തിൽ ഇപ്പഴം ഇതിന്മണ്ണം നടന്നു വരുന്നു

൮ ബങ്കാളം ഭൂമിയിൽ ഒള്ള എല്ലാടത്തെക്കാൾ എറ റവുംശെളിപ്പായ ദെശത്തിൽ ഒന്നാകുന്നു — അവി ടെ അധികം നെല്ലുമുതലായ ധാന്യവും അമരിയും ശ ൎക്കരയും മററു അനെക നല്ലചരക്കുകളും ഒണ്ടാകുന്നു

൯ ബങ്കാള ദെശത്തിന്റെ പ്രധാനപട്ടണം കൽ ക്കുത്താവാകുന്നു

൧൦ കൽക്കുത്താ കുംപിനിയാരുടെ ആജ്ഞക്കു മുഖ്യമായ സ്ഥലമാകുന്നതിനാൽ ഹിന്തുദെശം മുഴു വനും അതു പ്രധാനമായിരിക്കുന്നു

൧൧ കടലിൽ നിന്നും എകദെശം നൂറുമയിൽ ദൂ രത്തു ഗംഗനദിയിൽ ഒരുപിരിവാകുന്ന ഊഹിളി എന്നആററിന്റെ കിഴക്കെക്കരയിലിരിക്കുന്നു

൧൨ കൽക്കുത്താവു വല്യനകരവും അധിക വ്യാ പാരവും നടക്കുന്നസ്ഥലവുമാകുന്നു — ഭൂമിയിൽ എ ല്ലാദിക്കുകളിൽനിന്നും കപ്പലുകൾ അവിടെ ചെല്ലുന്നു ചില സമയങ്ങളിൽ ആ ആററിൽ ൨൦൦ ൩൦൦ കപ്പലുകൾവരെകാണാം

൧൩ ബങ്കാള ദെശത്തിന്റെകിഴക്ക വശത്തിലു ള്ള മലകളിൽ കാട്ടുജനങ്ങളിരിക്കുന്നു അവരിൽ ശി ലരു മനുഷ്യരെ ഭക്ഷിക്കുന്നവരെന്നുപറയുന്നു

൧൪ ബങ്കാള ദെശത്തിലൊള്ള ജനങ്ങളെ ബ ങ്കാളികളെന്നു വിളിക്കുന്നു അവരു സംസാരിക്കുന്ന തു ബങ്കാള ഭാഷയാകുന്നു

൧൫ ബങ്കാളത്തിനു അങ്ങെവശം യാത്ത്ര ചെ യ്യുാൽ ബുത്താൻ എന്ന ദെശത്തു ചെന്നു പ്രവെശി ക്കും ബുത്താനു അങ്ങെവശം ഹിമയഗിരി മലകൾ ക്കുപുറകെ ടിബെത്ത എന്ന ദെശമിരിക്കുന്നു

൧൬ നീ ബങ്കാളത്തിനു വടക്ക കിഴക്കായിട്ടു യാ ത്ത്ര ചെയ്യുാൽ അജം എന്ന ദെശത്തു ചെന്നു ചെരും

൧൭ അജം ഇങ്ക്ലീഷുകാറരുടെ ദെശമാകുന്നു

൧൮ ബങ്കാളത്തിനു കിഴക്കെ നീ യാത്ത്ര ചെ യ്യുാൽ ആവാ അല്ലെങ്കിൽ വമ്മാ ദെശത്തിൽ ചെന്നു ചെരും - ആവാവിനു അങ്ങെവശം ശീന ദെശമി രിക്കുന്നു

൧൯ ബങ്കാളത്തിനു തെക്കുകിഴക്കെ നീ യാത്ത്ര ചെയ്യുാൽ ആറക്കാൻ ദെശത്തുചെന്നുചെരും

൨൦ ആറക്കാൻ ഇംക്ലീഷുകാറരുടെതാകുന്നു

---

## ൩൧ാം അദ്ധ്യായം

### ബാഹാർനാട്ടിനെക്കുറിച്ചു

൧ നീ കൽക്കുത്താവിൽ നിന്നും വടക്കും മെക്കും യാ ത്ത്രചെയ്യുാൽ ബാഹാർ ദെശത്തു ചെന്നുചെരും

൨ ബാഹാർ എററവും ചെളിപ്പും വെളിയുമായ

നല്ല നാടാകുന്നു അതിൽ എററവും നല്ലമാതിരി നെല്ലുംകൊതമ്പും മററുംധാന്യങ്ങളും ശക്കര അമരിമുതലായഅനെകവസ്തുക്കളുമൊണ്ടാകുന്നു എന്നാൽ അഫീൻ അതിൽ മുഖ്യമായ ചരക്കാകുന്നു അതു അധികമായിട്ടു ആണ്ടുതൊറും ശീനദെശത്തു കൊണ്ടുചെന്നു വിലക്കു കൊടുക്കുന്നു

൩ ഈ നാട്ടിന്റെ പ്രധാന പട്ടണം പട്ടണാ എന്നു പറയുന്നു അതു കൽക്കുത്തായിൽ നിന്നും എകദെശം ൩൫൦ മയിൽ ദൂരെ ഗംഗ ആററിന്റെ തെക്കെ കരയിലിരിക്കുന്നു

൪ പട്ടണാ ഹിന്തു ദെശത്തിൽ പൂൎണ്ണമായുള്ള പട്ടണങ്ങളിൽ ഒന്നാകുന്നു - വ്യാപാരം അധികമായിട്ടു എല്ലാപ്പൊഴും അവിടെനടക്കുന്നു - ഇവിടങ്ങളിൽ ഗംഗ ആറുനിറഞ്ഞു ഒടുംപൊൾ അഞ്ചുമയിൽ അകലമായിരിക്കുന്നു

൫ ബാഹാർ ദെശത്തിലൊള്ള ജനങ്ങൾ പൊതുവായിട്ടു ഹിന്തുസ്ഥാനി ഭാഷ സംസാരിക്കുന്നു

---

## ൩൨-ാം അദ്ധ്യായം

## അയൊദ്ധ്യായെയും ഹല്ലാഭാത്തെയും കുറിച്ചു

൧ ബാഹാർ ദെശത്തിന്റെ മെക്കെ വടക്കു ഒരത്തിൽ അയൊദ്ധ്യയും തെക്കെ ഒരത്തിൽ ഹല്ലാഭാത്ത എന്നദെശവുമിരിക്കുന്നു

൨ അയൊദ്ധ്യയും ഹല്ലാഭാത്തും ബാഹാർ ദെശത്തെപ്പൊലെ നല്ലസമനായ ചെളിപ്പുള്ള നാടുക

ളാകുന്നു - അവിടെ ഒണ്ടാകുന്നവസ്തുകൾ ൟ ദെശ
ങ്ങളിലും ഒണ്ടാകുന്നു

൩ അയൊദ്ധ്യാ ദെശം ഒരു മഹമ്മതു മാൎഗ്ഗപ്രഭു
വിന്റെ ആജ്ഞയിൻകീഴിരിക്കുന്നു - ആ പ്രഭുവിനെ
അയൊദ്ധ്യാ രാജാവു എന്നു വിളിക്കുന്നു

൪ അയൊദ്ധ്യ ദെശത്തിലുള്ള ജനങ്ങൾ കിള
ന്നു തടിച്ച ആളുകളായിരിക്കുന്നു - ബങ്കാളത്തു ശി
പായികളിൽ അനെകംപെരു അയൊദ്ധ്യയിൽ നി
ന്നും വന്നവരാകുന്നു

൫ ലഖ്നൊവു അയൊദ്ധ്യയുടെ പ്രധാന പട്ട
ണമാകുന്നു അതിൽ രാജാവുവാസംചെയ്യുന്നു

൬ ഹല്ലാഭാത്തിൽ കാശി ഹല്ലാഭാത്തു എന്ന പട്ട
ണങ്ങളിരിക്കുന്നു

൭ കാശി വടനാവിനു അങ്ങെവശം ഗംഗയാ
റിന്റെ വടക്കെകരയിൽ ഇരിക്കുന്നു - ഹിന്തു ദെശ
ത്തിൽ എല്ലാത്തിലും അതു വലിയ പട്ടണമാകുന്നു എ
ന്നാൽ തെരുവുകൾ എററവും ശുരുക്കമായും ആസ്ഥലം
മുഴുവനും വളരെ അശുദ്ധമായും ഇരിക്കുന്നു - ഹിന്തു
കൾ അതിനെ മഹാശുദ്ധമായ സ്ഥലമെന്നു വിചാ
രിച്ചു അനെകം പെരു അവിടെസ്ഥലയാത്രപൊകുന്നു

൮ ഗംഗ യാററിനു അങ്ങെവശം ൭൫ മയിൽ ദൂര
ത്തു ഹല്ലാഭാത്ത പട്ടണമിരിക്കുന്നു

൯ ഗംഗ ആറും യമുന ആറും കൂടുന്നടം ഹല്ലാ
ഭാത്ത ഇരിക്കുന്നു

൧൦ ആറുകൾ ഒന്നായിട്ടു ചെന്നു ഓടുന്ന സ്ഥല
ത്തിനെ കൂടുന്നടം എന്നുപറയുന്നു

൧൧ രണ്ടു ആറു ചെന്നരിക്കുന്ന സ്ഥലത്തിനെ
ഹിന്തുക്കൾ ശുദ്ധ മുള്ളതെന്നു വിചാരിക്കുന്നു അതി

നാൽ അനെകംപെരു ഹല്ലാഭാത്തിനു സ്ഥലയാത്ത്ര യായിട്ടുപൊകുന്നു രണ്ടു ആറു കൂടുന്നസ്ഥലത്തു മുങ്ങി പ്പൊയാൽ താങ്ങൾ സ്വൎഗ്ഗം ചെന്നു ചെരാമെന്നു വിചാരിച്ചുചിലസമങ്ങളിൽ ജനങ്ങൾ അതിന്മണ്ണം അവിടെ ജീവനെ കളയുന്നു എന്നാൽ മനുഷ്യൻ ത ന്റെ ജീവനെ താൻ തന്നെ കളയുന്നതു മഹാപാ പമാകുന്നു

൧൨ യമുന വല്യ ആറാകുന്നു — അതു ഗംഗ നദി ഉത്ഭവിച്ചിരിക്കുന്ന സ്ഥലത്തിനു അസാരം മെ ക്കെ ഹിമയഗിരിയിൽ നിന്നും വരുന്നു — അതു ഡി ല്ലി — ആഗ്ര — എന്നും നാട്ടിൽ കൂടിഓടി ഹല്ലാഭാത്ത പട്ടണത്തെ അടുപ്പിച്ചു ഗംഗ ആററിനൊടു ചെരുന്നു

൧൩ അയൊദ്ധ്യാ ഹല്ലാഭാത്തു നാടുകളിൽ ഒള്ള ജനങ്ങൾ ഹിന്തുസ്ഥാനി ഭാഷ സംസാരിക്കുന്നു

---

## ൩൩ാം അദ്ധ്യായം

### രജപുത്തുദെശത്തെക്കുറിച്ചു

൧ നീ ഹല്ലാഭാത്ത പട്ടണത്തു നിന്നും തെക്കു മെക്കായിട്ടു യാത്ത്ര ചെയ്യാൽ രജപുത്തു ദെശത്തു ചെന്നുചെരും

൨ രജപുത്തു ദെശം രണ്ടുപങ്കായിട്ടുഇരിക്കുന്നു മാളവം അതിന്റെ തെക്കെവശത്തും ആജിമീർ അ തിന്റെ വടക്കെ വശത്തും ഇരിക്കുന്നു

൩ ഹല്ലാഭാത്തിനു അങ്ങെവശം ഇരിക്കുന്ന മാ ളവം ഇപ്പൊൾ മ്രാട്ട്യരുടെ ആകുന്നു

൪ ഉജ്ജൈനി അതിന്റെ പ്രധാന പട്ടണമാകു

ന്നു - അതു ഹിന്തു ദെശത്തു പൂൎവ്വമായുള്ള ദെശത്തിൽ ഒന്നാകുന്നു - അതു രജപുത്ത്രരുടെ പക്കൽ ഇരിക്കും പൊൾ എററവും പ്രബലമായിരുന്നു

൫ ഓടിപ്പൂരും - ജൂടപ്പൂരും - ചെപ്പൂരും - ആജ്മീർ ദെശത്തിൽ പ്രധാനസ്ഥലങ്ങളാകുന്നു

൬ മാളുവം ചെളിപ്പുള്ള നാടാകുന്നു - അവിടെ കൊതമ്പു മുതലായ ധാന്ന്യങ്ങളും ശക്കരയും പുകയിലയും പഞ്ഞും അധികം അതിന്നുമുണ്ടാകുന്നു

൭ മാളുവ ദെശത്തിൽ ഒണ്ടാകുന്ന പുകയില ഹിന്തു ദെശത്തിൽ ഒണ്ടാകുന്ന എല്ലാ പ്പൊകയിലയെക്കാൾ നല്ലതെന്നു വിചാരിക്കുന്നു

൮ മാളുവത്തിന്നു സമീപിച്ചു ആജ്മീറിന്റെ തെക്കു കിഴക്കുവശം എററവും ചെളിപ്പുള്ള ഇടമാകുന്നു എന്നാൽ ആ ദെശത്തിന്റെ വടക്കെയും മെക്കെയും ഒള്ളസ്ഥലങ്ങൾ മണൽ നിറഞ്ഞ ഇടമാകുന്നു

൯ കുടിയും പയിരും വൃക്ഷങ്ങളും ഇല്ലാത്ത സ്ഥലത്തിനെ മണൽനിറഞ്ഞ ഇടമെന്നു പറയുന്നു

൧൦ ഹിന്തു ദെശത്തിൽപൂൎവ്വ കാലങ്ങളിൽ രജപുത്ത്രരു പരാക്രമത്താലുകളെന്നു പ്രബലപ്പെട്ടവരാകുന്നു അവരിടെ തലവന്മാരു അധികബുദ്ധിഒള്ളവരായിരുന്നു അവരിൽ ശിലരു ജ്യൊതിശ്ശാസ്ത്രത്തിൽ സമൎത്ഥരെന്നു പ്രബലപ്പെട്ടതല്ലാതെയും അവൎക്കുഉജ്ജെന്നി പട്ടണത്തിൽ നക്ഷത്രം നൊക്കുന്നഒരുമഠം പ്രബലതയായിട്ടു ഒണ്ടായിരുന്നു

൧൧ നക്ഷത്ത്രങ്ങളെയും സൂൎയ്യ ചന്ദ്രനെയും കുറിച്ചുഒള്ള ശാസ്ത്രത്തിനെജ്യൊതിശ്ശാസ്ത്രമെന്നുപറയുന്നു - മീതെയിരുന്നു നക്ഷത്ത്രങ്ങളിനടുത്ത കാൎയ്യങ്ങളെനൊക്കി അറിയുന്നതിന്നു വെണ്ടി കെട്ടി ഇ

രിക്കുന്ന സ്ഥലത്തിനെ നക്ഷത്രം നൊക്കുന്ന മഠമെന്നുപറയുന്നു

൧൨ എന്നാൽ ഇപ്പൊൾ രജപുത്ത്രരു തങ്ങൾക്കു മുമ്പിൽ ഒണ്ടായിരുന്ന കീൎത്തിയെ ഇളുന്നു അറിവില്ലാത്തവരായിരിക്കുന്നു- അവിൻതിന്നു അഭ്യസിച്ചുകൊണ്ടു തങ്ങളെ കെടുത്തുകൊള്ളുകയും ചെയ്യു

൧൩ രജപുത്ത്രരിടെഇടയിൽ ക്രൂരവും അക്രമവുമായ ഒരുനടത്തഒണ്ടു - അവരിടെ പെൺകുഞ്ഞുങ്ങൾ വളുന്നതിന്റെ ശെഷം അവരെ കല്യാണം കഴിച്ചു കൊടുക്കുന്നതു എററവും പ്രയാസമെന്നു വിചാരിച്ചു ജനിച്ചുകൂടുംപൊൾ തന്നെ കൊന്നുകളയുന്നു - പിന്നെയും ഓരൊരു രജപുത്ത്രരുടെ പെണ്ണുങ്ങൾ കല്യാണം കഴിക്കെണ്ടിഇരിക്കുന്നു - ആയ്യു ചെയ്യില്ലങ്കിൽ ആ കുടുംബത്തിന്നു എളുപ്പമാകുന്നു പെണ്ണുങ്ങൾ ഇനജാതി അല്ലാത്ത വനെകല്യാണം കഴിക്കുന്നതു വഹ്യാ - ഓരൊപെണ്ണും തന്റെ വീട്ടിൽ ഒള്ളു ആളുകളെക്കാൽ ഒയന്ന കുടുംബക്കാരായിരിക്കുന്ന ഒരു രജപുത്രനെ മാത്രം കല്യാണം ചെയ്യാമെന്നു അവരിടെ ഇടയിൽ ഒരു ചട്ടംഒണ്ടു - ഇതിന്മണ്ണം ഒക്കെയും കഴിപ്പിക്കുന്നതു പ്രയാസമെന്നു കണ്ടു ചിലപെൺ കുഞ്ഞുങ്ങളെമാത്രംവളുത്തി മററും പെൺ കുഞ്ഞുങ്ങളെ അവരു ചെറുപ്പ മായിരിക്കുംപൊൾ തന്നെകൊന്നുകളയുന്നു - രജപുത്രരുടെ തലവന്മാർ ൟ കെട്ടനടത്തയെ നിറുത്തൽ ചെയ്യുന്നതിനു വെണ്ടി ഇങ്ക്ലീഷുകാറരു പ്രയാസ പ്പെട്ടതിനാൽ അതുമുമ്പിലെത്തപ്പൊലെ അധികമില്ലാ

൧൪ ഹജിമെർ നാട്ടിൽ എകദെശം എല്ലാ പെരും ഹിന്തുസ്ഥാനി സംസാരിക്കുന്നു - മാളുവ നാ

ട്ടിൽ ഹിന്ദുസ്ഥാനിഭാഷയും ബ്രാഹ്മഭാഷയും വഴങ്ങി വരുന്നു

---

## ൩൪ാം അദ്ധ്യായം

### ആഗ്രാവെയും ഡില്ലിയെയും കുറിച്ചു

൧ മാളുപത്തിന്നു വടക്കുവശത്തു ആഗ്രാവും ആഗ്രാവിന്നു വടക്കുവശത്തു ഡില്ലിയും ഇരിക്കുന്നു

൨ ആഗ്രാവും ഡില്ലിയും പൊതുവെ സമനായ വെളിഭൂമിയാകുന്നു - ഗംഗ യമുന എന്ന നദികൾ ൦രം രാജ്യത്തിന്ന അകത്തുകൂടി ഒഴുകുന്നു - ഇതുകൂടാതെ അനെകം ചെറിയ ആറുകളും ഉണ്ടു

൩ ആ നാട്ടുകളിൽ കൊതമ്പു മുതലായ പുഞ്ചധാന്യങ്ങളും പഞ്ഞു അമരി ശക്കര മററും ചിലവസ്തുക്കളും ഉണ്ടാകും

൪ ആഗ്രാവും ഡില്ലിയും ആ നാട്ടുകളിൽ ഒള്ള പ്രധാനമായപട്ടണം ആകുന്നു

൫ ആഗ്രാപ്പട്ടണം ഹല്ലാഭാത്തു നിന്നും എകദെശം ൨൫൦ മയിൽദൂരത്തിൽ യമുന ആററിന്റെ തെക്കെ വശത്തിരിക്കുന്നു

൬ ആഗ്രാ ദെശം മുമ്പിലൊള്ള കാലങ്ങളിൽ ഹിന്ദുദെശത്തിൽ ഒള്ള നല്ലപട്ടണങ്ങളിൽ ഒന്നാകുന്നു അതു ഇപ്പൊൾ ഇങ്ങെവശങ്ങളെ ആഴുന്ന ഇംഗ്ലീഷുഗൌണ്മെന്തുടെവാസസ്ഥലമാകുന്നു

൭ ഡില്ലിപ്പട്ടണം ആഗ്രാവിന്നു അങ്ങെ വശം എകദെശം ൧൩൦ മയിൽദൂരത്തിൽ യമുന ആററിന്റെ കരയിൽ ഇരിക്കുന്നു

൭ ഡിില്ലി മുമ്പിൽ ഒള്ളകാലങ്ങളിൽ ഹിന്തു ദെശത്തിനെ ആണ്ട മഹമ്മത്തുമാൎഗ്ഗ ചക്രവൎത്തികളുടെ രാജധാനിയും എഷ്യാഖണ്ഡത്തിൽ ഒള്ള എല്ലാപ്പട്ടണങ്ങളിലും അധിക ഭംഗിയായും ഇരുന്നു - ഇപ്പൊഴും അവിടെ വളരെവ്യാപാരം നടക്കുന്നു

൮ ആഗ്രാ - ഡിില്ലി - എന്നനാടുകളിൽ ഒള്ള ജനങ്ങൾ മുഖ്യമായിട്ടുഹിന്തുസ്ഥാനിഭാഷ സംസാരിക്കുന്നു

---

## ൩൫ാം അദ്ധ്യായം

## ക്രുച്ച്വരത്തെകുറിച്ചു

൧ മാളപത്തിന്നു മെക്കെകടൽ വരെക്കും ക്രുച്ച്വരം ഇരിക്കുന്നു

൨ ക്രുച്ച്വരത്തിന്റെ വടക്കുകിഴക്കു വശങ്ങളിൽ മലകളും കാടുകളും നിറഞ്ഞു ഇരിക്കുന്നു - അതിന്റെ മറ്റെവശങ്ങൾ പൊതുവെ സമനായ വെളിയായിരിക്കുന്നു

൩ ക്രുച്ച്വരം ചെളിപ്പായനാടാകുന്നു - അവിടെകൊതമ്പും നെല്ലുമുതലായ ധാന്യങ്ങളും പഞ്ഞു അവിയൻ മുതലായ അനെകം ചരക്കുകളും ഒണ്ടാകുന്നു

൪ പരൊടാവും സൂരാട്ടും അതിൽ ഒള്ള പ്രധാന പട്ടണങ്ങൾ ആകുന്നു

൫ പരൊടാ കടലിൽ നിന്നും എകദെശം ൨൫ മയിൽ ദൂരത്തിൽ നമ്മത ആററിന്റെ വടക്കെ കരയിലിരിക്കുന്നു - അതു ആ ദെശത്തിൽ പ്രധാന പട്ടണമാകുന്നു - അതു കൽകുത്താവിന്നുനെരെ ഇരിക്കുന്നു

൬ നമ്മത വല്യആറുആകുന്നു - അതു ഖാണ്ടുനാ

ട്ടിൽ ആരംഭമായി മെക്കെ വശത്തു കൂടെ ഒഴുകി കടലിൽ ചെന്നുവീഴുന്നു

൭ സുരാട്ടുപട്ടണം സമുദ്രത്തിൽ നിന്നും എകദെശം ൨൦ മയിൽദൂരത്തിലും ബൊംബായ്ക്കു വടക്കെ എകദെശം ൧൮൦ മയിൽദൂരത്തിലും തപ്തിഎന്ന ആറ്റിന്റെ തെക്കെക്കരയിലുമിരിക്കുന്നു

൮ സുരാട്ടു ഹിന്തുദെശത്തിൽ എറ്റവും പൂൎവ്വമായ പട്ടണങ്ങളിൽ ഒന്നാകുന്നു - അവിടെ എപ്പൊഴും വ്യാപാരം അധികമായിട്ടു നടക്കുന്നു

൯ തപ്തിനദി ഖാണ്ഡുനാട്ടിനു അടുത്ത ഗ്രാമ്യനാട്ടിന്റെ വടക്കെവശം ആരംഭിച്ചുമെക്കുവശത്തുകൂടി ഓടി കടലിൽചെന്നുവീഴുന്നു

൧൦ ഗുച്ചരം കൈക്കൊവർ എന്ന ഒരുഗ്രാമ്യ തലവന്റെ ആജ്ഞക്കുൾ ഇരിക്കുന്നു - ആയാൾ പരൊടാ പട്ടണത്തിൽ വാസംചെയ്യുന്നു

൧൧ അവിടത്തെ ജനങ്ങൾ സംസാരിക്കുന്നതു ഗുച്ചര ഭാഷഎന്നുപറയുന്നു

---

## മൂന്നാം അദ്ധ്യായം

### കച്ചുനാട്ടിനെക്കുറിച്ചു

൧ കച്ച് ഗുച്ചരത്തിനു വടക്കുമെക്കെഇരിക്കുന്നു

൨ ഗുച്ചരത്തിനും കച്ചിനും നടുവിൽ ഉപ്പും ചതുപ്പുമുള്ള രൺ എന്നും ഒരുവല്യനിലം ഒണ്ടു

൩ അവിടെ വെള്ളംകുറവും ചൊറുമാകയാൽ അതു ചെഴിപ്പായനാടല്ല - എന്നാൽ കുതിരകൾക്കും ഒട്ടകങ്ങൾക്കും പ്രബല്യമായ നാടാകുന്നു

൪ ചില സമയങ്ങളിൽ കച്ചദെശത്തിൽ വല്ല്യ ഭൂകംപങ്ങൾ ഒണ്ടാകുന്നു

൫ ഭൂമി അശഞ്ഞു ഒരൊസമയം വല്ല്യപിളൎപ്പ്ഒണ്ടായി വീടുകൾ ഇടിഞ്ഞു വിഴത്തക്കതായിട്ടു സംഭവിക്കുന്ന ഭൂമി അതിച്ചയെ ഭൂകംപമെന്നുപറയുന്നു

൬ ഭൂച്ച അതിൻെറ പ്രധാനപട്ടണമാകുന്നു

൭ ആ നാട്ടുകാററ് കച്ചിലിയർ എന്നുവിളിക്കുന്നു

൮ അവരു കള്ളകുടിമുതലായ ദുൎന്നടപ്പുകൾ ഒള്ളവരായിരിക്കുന്നതു ക്രുടാതെയും പെൺ ശിശുവധ ചെയ്യുന്നവരായിരിക്കുന്നു

൯ കുഞ്ഞുങ്ങളെ കൊല്ലുന്നതു ശിശുവധ യെന്നു പറയുന്നു

൧൦ ആ നാട്ടിലൊള്ള ആളുകൾ കുച്ചവം എന്ന ഭാഷ സംസാരിക്കുന്നു

---

## ൩൭ാം അദ്ധ്യായം

## സിന്ദു നാട്ടിനെക്കുറിച്ചു

൧ കച്ചനാട്ടിനു വടക്കമെക്കെ സിന്ദുദെശമിരിക്കുന്നു

൨ സിന്ദുദെശം മെലെസിന്ദുഎന്നുംകീഴെ സിന്ദുഎന്നും രണ്ടു പങ്കുകളായിരിക്കുന്നു – അതിൽ വടക്കെ വശം മെലെ സിന്ദും തെക്കെവശംകീഴ്ഴെസിന്ദുമാകുന്നു

൩ ഹിന്ദുനദി സിന്ദുദെശത്തിനകത്തു ക്രുടിയൊടി അതിൻെറ തെക്കെവശത്തു ഒള്ള കടലിൽ ചെന്നു വീഴുന്നു

൪ ഹിന്ദുനദി ഇമയ മലകൾക്കു അപ്പുറം ബഹ്ല

ദൂരത്തിൽ ആരംഭിച്ചു വല്യപടവുകൾ പൊകത്തക്ക വിസ്താരമൊള്ള ആറാകുന്നു

൫ സിന്ദുനാട ഹിന്ദുനദിയുടെ കിഴക്കെവശത്തു സമനായ തറയായും ആററിന്നു അടുപ്പിച്ചു ചെളിപ്പായും മററുള്ളഎല്ലാം കരമ്പായുമിരിക്കുന്നു

൬ ആററിന്നുമെക്ക ആനാട്ടിൽഒള്ളസ്ഥലങ്ങളൊക്കെയും മലകളൊള്ളതു

൭ മെലെസിന്ദിൽ കൊതമ്പു മുതലായ പുഞ്ചധാന്യങ്ങളും കീഴെസിന്ദിൽ അധികം നെല്ലും വിളയുന്നു കുതിരകളും ഒട്ടകങ്ങളും അധികം അവിടെഉണ്ടു

൮ ഷിക്കപ്പൂരും - ഹൈദറാപാകവും - കരച്ചിയും അതിൽ പ്രധാനപട്ടണങ്ങളാകുന്നു

൯ ഷിക്കപ്പൂരു മെലെ സിന്ദിൽ ഹിന്ദു നദിയുടെ മെക്കെ കരയിൽ ഇരിക്കുന്നു - അതു വല്യ വ്യാപാരസ്ഥലമാകുന്നു - ഹിന്ദുജാതി വൎത്തകന്മാരും മററും ആളുകളും അവിടെ മുഖ്യമായിട്ടുവാസംചെയ്യുന്നു

൧൦ ഹൈദറാപാകം അതിൽ രാജധാനി ആകുന്നു - അതു ഹിന്ദുനദിക്കു കിഴക്കെ ചിലമയിൽ ദൂരത്തിൽ കീഴെ സിന്ദിലിരിക്കുന്നു

൧൧ കറച്ചി കടൽതുറ പട്ടണമാകുന്നു - അതു ഹിന്ദു നദിയുടെ മെക്കെ പിരിവിൻെറ മുഖദ്വാരത്തിലിരിക്കുന്നു

൧൨ സിന്ദുജനങ്ങൾ മുഖ്യമായി മഹമ്മതുമാൎഗ്ഗക്കാറരാകുന്നു

൧൩ അവരുടെ ഭാഷ സിന്ദി എന്നു പറയുന്നു

---

## ൩൨ാം അദ്ധ്യായം

## പഞ്ചാബ്യനാട്ടിനെക്കുറിച്ചു

൧ നീ സിന്ദുദെശത്തിന്നു വടക്കുവശത്തും കിഴക്കു

വശത്തുമായിട്ടു യാത്രചെയ്യാൽ മുൽത്താൻ നാട്ടിനകത്തുകടന്നു പഞ്ചാബ്ബ നാട്ടിൽചെന്നു ചെരാം

൨ പഞ്ചാബ്ബ എന്നാൽ അഞ്ചു നദിഎന്നും അൎത്ഥമാകുന്നു – അഞ്ചുനദി ൟരം നാട്ടിനകത്തു കൂടിയൊടുന്നതാകയാൽ ആയ്തിനെ പഞ്ചാബ്ബ എന്നു വിളിക്കുന്നു

൩ ഹിന്തുനദി ൟരം അഞ്ചുആററിൽ ഒന്നാകുന്നു ആയ്തു ആ നാട്ടിന്റെ മെക്കെവശത്തു കരയിൽ കൂടി ഓടുന്നു

൪ പഞ്ചാബിലും മുൽത്താനിലും അധികസ്ഥലം സമനായ വെളിയാകുന്നു – വടക്കുവശം മലയൊള്ള ഇടമാകുന്നു

൫ പഞ്ചാബ്ബനാട്ടിൽ അധികം കൊതമ്പും നെല്ലും മററും ധാന്യങ്ങളുംഒണ്ടാകുന്നു – അതിൽ ഒള്ള കുടിയാനവന്മാൎക്കു കൊതമ്പും പട്ടാണിയും സാധാരണ ഭക്ഷണമാകുന്നു

൬ മുൽത്താനും ലാഹ്രരും അതിൽ പ്രധാന പട്ടണങ്ങളാകുന്നു

൭ മുൽത്താൻ എററവും പൂൎവ്വീകമായപട്ടണം അതു അഞ്ചു ആറുകളിൽ ഒന്നായ ശീനാബ്ബ നദിക്കുസമീപിച്ചു ഇരിക്കുന്നു – അവിടെ നെയ്യുന്ന പട്ടുശീലകൾക്കും ചവുക്കാളങ്ങൾക്കും അതുകീൎത്തി പെററിരിക്കുന്നു

൮ ലാഹ്രർ മുമ്പിലൊള്ള കാലത്തു ഹിന്തു ദെശത്തിൽ ഒള്ള എത്രയും നല്ലപട്ടണങ്ങളിൽ ഒന്നാകുന്നു – അതു അഞ്ചു ആറുകളിൽ ഒന്നാകുന്നരവി ആററിന്റെ തെക്കെവശത്തിലിരിക്കുന്നു

൯ പഞ്ചാബിലും മുൽത്താനിലും അനെകം മക്കമതുമാൎഗ്ഗക്കാററും ഹിന്തുക്കളും ഇരിക്കുന്നു – എന്നാൽ

ഷീക്കു എന്നജാതിക്കാറരുമുഖ്യമായ കുടി യാനവന്മാ
രായിരിക്കുന്നു

൧൦ ഷീക്കു എന്നജാതിക്കാരരു ഹിന്ദു മാൎഗ്ഗക്കാ
റരും - മഹമ്മതുമാൎഗ്ഗക്കാറരുമല്ലാതെ - വെറെ ഒരു
മാൎഗ്ഗക്കാറരായിരിക്കുന്നു - ഹിന്ദുക്കൾ ഇടയിൽനടന്നു
വരുന്നതു പൊലെ അവൎക്കു വിഗ്രഹ ആരാധന
യും ജാതി വിത്ത്യാസവുംഇല്ലാ - എന്നാൽ പശുവിനെ
പരിശുദ്ധവസ്തുഎന്നു അവരു വിചാരിക്കുന്നു - കുതി
രകൾ നായ്ക്കൾ മുതലായ ജീവജന്തുക്കളെ പ്പൊലെ
തന്നെപശുവും നമക്കു ഉപയൊഗ മായിട്ടിരിക്കുന്നു
തല്ലാതെ അതിൽഎന്തെങ്കിലും പരിശുദ്ധം ഒള്ളതെന്നു
നാം നിരുവിപ്പാൻതക്കതുഒന്നുമില്ലാ - അതിനെഎല്ലാം
ൟശ്വരൻ മനുഷ്യനു വെണ്ടി ഒണ്ടാക്കി ഇരിക്കുന്നു

൧൧ ഷീക്കു ജാതിക്കാറരും ഹിന്ദുക്കളും മനുഷ്യ
നെ കൊല്ലുന്നതെക്കാൾ - പശുവിനെകൊല്ലുന്ന തുല്യ
ല്യദൊഷമെന്നുപറയുന്നു - പശുവു പരിശുദ്ധ വസ്തു
എന്നു അവരു പറയുന്നുഎന്നു വരികിലും അവരിൽ
അനെകംപെരു അതിനെ അടിക്കയും അതിന്റെ വാ
ലിനെ മുറിക്കയും വെട്ടുകയും മറ്റുംക്രൂരത ചെയ്കയും
മടിക്കയില്ലാ

൧൨ ൟ നാട്ടിൽ വഴക്കമായിരിക്കുന്ന ഭാഷ പ
ഞ്ചാബ്യ എന്നുപറയുന്നു

൧൩ നീ ലാഹ്രർ നിന്നും കിഴക്കെ വഴിയാത്ര ചെ
യ്താൽ - സട്ടലിച്ചുഎന്നആറ്റിൽ ചെന്നുചെരും - ആ
യ്തു അഞ്ച്യആററിലുംകിഴക്കൊവശംഇരിക്കുന്നു- നീ സട്ട
ലിച്ചു എന്ന ആററിനെ കടന്നാൽ ഡില്ലി പട്ടണത്തു
ചെന്നു ചെരും

൧൪ നീ ലാഹ്രർനിന്നും മെക്കൊവശം യാത്ര ചെ

യ്യാൽ ശിനാബ - ജീലം - കടശിയിൽ - ഹിന്ദുസ്സ എന്ന ആറുകൾ കടന്നു അസ്സുഗാനിസ്ഥാനു എന്ന ദിക്കിൽപ്രവെശിക്കും

---

൩൯ാം അദ്ധ്യായം

വടക്കെഹിന്ദുസ്ഥാനെക്കുറിച്ചു

൧ ഹിമയഗിരി എന്ന മലകൾക്കും പഞ്ചാബു ഡില്ലി - അയൊദ്ധ്യാ - ബാഹാർ - ബംകാളം - ൟ നാട്ടുകൾക്കും മദ്ധ്യെഉള്ള ഹിന്തുദെശത്തിന്റെ വടക്കു പക്കം എല്ലാംവടഹിന്ദുസ്ഥാനെന്നു വിളിക്കുന്നു

൨ കാസ്മീരവും - നെപാളവും - ഹിന്ദുസ്ഥാനിൽ അങ്ങെ വശത്തുഉള്ള പ്രധാന നാട്ടുകളാകുന്നു

൩ കാസുമീരം മലശ്രുഴന്നതും അണ്ഡവടിവും ഉള്ളതാഴ്വ ആയ ഭൂമി ആകുന്നു

൪ അതു വടക്കു തെക്കായിട്ടു എകദെശം അഞ്ചുദിവസത്തെ വഴിദൂരം ആകുന്നു - കിഴക്കു മെക്കായിട്ടു എകദെശം ഒമ്പതുദിവസത്തെ വഴിദൂരമാകുന്നു

൫ മുട്ടയുടെ വിധത്തിൽ ഇരിക്കുന്നതു അണ്ഡവടിവുഎന്നുഅത്ഥമാകുന്നു

൬ മലകൾക്കു നടുവിൽ ഉള്ള താഴന്ന ഭൂമിയെ പള്ളതാഴ്വ എന്നുപറയുന്നു

൭ കാസുമീരം എററവും ചെളിപ്പായ നാടാകുന്നു അവിടെ എററവും നല്ലനെല്ലും മററും ധാന്യങ്ങളും അധികമായിട്ടു വിളയുന്നു

൮ ൟ നാട്ടിൽ ഉള്ളജനങ്ങൾ എററവും അലംകാരമായ സാലവകൾ നെയ്യുന്നതിൽ പ്രബോല്യപ്പെട്ടവരായിരിക്കുന്നു

ൻ കാസ്മീരത്തിൽ കൂടക്കൂടെ ഭൂകമ്പം ഒണ്ടാകുന്നതാകയാൽ വീടുകൾ മരംകൊണ്ടു ഒണ്ടാക്കുന്നു

൧൦ ൟ നാടു ഒരു ഷീക്കു രാജാവിന്റെ ഉടയതാകുന്നു

എന്നാൽ കുടികൾ മിക്കതും മഹമ്മതു മാൎഗ്ഗക്കാരരും വിഗ്രഹആരാധനക്കാരരുമായിരിക്കുന്നു

൧൧ ആയാളുകളിടെ ഭാഷയെ കാസ്മീരി എന്നു പറയുന്നു

൧൨ നെപാളം കാസ്മീരിനു കിഴക്കെ ഇരിക്കുന്നു - ൟ നാടുകൾക്കു മദ്ധ്യെ മറ്റും ചില ചെറിയ നാടുകൾ ഒണ്ടു

൧൩ നെപാളം മലപ്രദെശമാകുന്നു - അവിടെ കൊതമ്പു മുതലായ ധാന്യങ്ങളും പള്ളത്താഴ്ചയിൽ അധികം നെല്ലും വിളയുന്നു - അതു ആ നാട്ടിൽ ഒള്ളവൎക്കു മുഖ്യമായ ആഹാരമാകുന്നു

൧൪ നെപാളനാട്ടിൽ മുഖ്യമായ കുടികളെ ക്രൂക്കാൻമാരെന്നു വിളിക്കുന്നു - അവരു ബുദ്ധിയും ധൈൎയ്യവും ഒള്ള മനുഷ്യരാകുന്നു

൧൫ അവരു ഹിന്തുമതക്കാരരാകുന്നു - അവരിടെ ഭാഷ വെറെയാകുന്നു

൧൬ നെപാളനാടു നെപാള രാജാവിന്റെ അധികാരത്തിൻകീഴായിരിക്കുന്നു - കാട്ടുമന്തൂർ എന്ന പട്ടണത്തിൽ ആ രാജാവു വാസം ചെയ്യുന്നു

൧൭ കാസ്മീരം നെപാളമെന്ന ദിക്കുകളിൽ നിന്നും നീ വടക്കെ യാത്ര ചെയ്താൽ ഹിമയഗിരിമലയെ കടന്നു ടിബെത്ത എന്ന ദെശത്തു ചെന്നു ചെരും ടിബെത്തിനു അങ്ങെവശം ശിനാദെശം ഇരിക്കുന്നു

## ൪൦ാം അദ്ധ്യായം

## ലങ്കയെക്കുറിച്ചു

൧ ലങ്ക ഹിന്തുദെശത്തിന്റെ തെക്കുകിഴക്കെ മൂലയിൽ നിന്നും കുറെ ദൂരത്തിൽ ഇരിക്കുന്ന ഒരുദ്വീവു ആകുന്നു

൨ അതു എകദെശം കത്തിരിക്കാപൊലെ വടിവൊള്ളതായും വടക്കെവശത്തു ചെറിയമുന ഉള്ളതായും ഇരിക്കുന്നതുകൂടാതെയും - സമുദ്രംകൊണ്ടുഹിന്തുദെശത്തു നിന്നും പിരിക്കപ്പെട്ടുമിരിക്കുന്നു

൩ ആ ദ്വീവു നീളത്തിൽ തെക്കുവടക്കു എകദെശം ൧൮ ദിവസത്തെ വഴിദൂരം അല്ലെങ്കിൽ ജെന്നപട്ടണത്തിൽ നിന്നും മച്ചിലി പട്ടണംഅത്രദൂരം ഇരിക്കുന്നു - വീതിയിൽ അധിക വിസ്താരമായ ഇടം കിഴക്കു മെക്കായിട്ടു എകദെശം ൧൦ ദിവസത്തെ വഴിദൂരം അല്ലെങ്കിൽ ജെന്നപട്ടണത്തിൽ നിന്നും കടപ്പെവരെ ഒള്ള ദൂരമായിരിക്കുന്നു - ലങ്കയിൽ നിന്നും ഹിന്തുദെശത്തു തൊണിയിൽ പൊകുന്നതിന്നു എകദെശം രണ്ടുദിവസം ചെല്ലും

൪ ലെങ്ക ഭൂമിയിൽ ഒള്ള എററവും നല്ലദിക്കുകളിൽ ഒന്നാകുന്നു - കടൽക്കരെയും സമനായവെളിഭൂമിയും ഉൾനാട്ടിൽ ചെല്ലുംതൊറും നല്ലവൃക്ഷങ്ങൾനിറഞ്ഞതും ഒയന്ന മലകൾ ഒള്ളതും ആകുന്നു

൫ ലങ്കയിൽ ലൗങ്കപ്പട്ട കിട്ടുന്നതുകൊണ്ടു പ്രബോല്യപ്പെട്ട ദ്വീവുആകുന്നു- ലൗങ്കപ്പട്ട മരങ്ങൾ ദ്വീവിന്റെ തെക്കുമെക്കുവശത്തു മലകൾക്കും കടലിന്നും നടുവെ അടിവാരനാട്ടിൽ ഒണ്ടാകുന്നു - ലങ്കയിൽ എററവും നല്ല തെങ്ങും വൃക്ഷങ്ങളും ഒണ്ടു

൬ അനെകം നല്ല വൃക്ഷങ്ങൾ ഉണ്ടാകുന്ന അതിന്റെ കാട്ടുകളിൽ പിലാവു വൃക്ഷങ്ങൾ വലിയതായിട്ടു വളരുന്നു - ആയതിന്റെ പഴം ഭൂമിയിൽ ഉള്ള സകല വൃക്ഷങ്ങളുടെ കനിയെക്കാളും വലുതായിരിക്കുന്നു

൭ ലെങ്കയിലൊള്ള വൃക്ഷങ്ങളിൽ താളിപ്പന എന്നു വിനൊദമായ ഒരു വൃക്ഷം ഉണ്ടു - അതു എററവും ഉയരവും ഉച്ചിയിൽ പനമരത്തിനെ പൊലെ എല കവിഞ്ഞുവിഴും അതിന്റെ ഓരൊ ഇലയിൽ രണ്ടു മൂന്നു പെരു കൂടാരം പൊലെ മറയ്ക്കത്തക്ക തായിട്ടു വലുതായിരിക്കുന്നു - താളിപ്പന അമ്പതു സംവത്സരം വരെ നിന്നു പിന്നീട്ടു പട്ടുപൊകുന്നു - ആയതിന്നു അസാരം മുമ്പെ കൂട്ടിഅത്രെ അതു കനി കൊടുക്കുന്നു അതു എങ്ങനെ എന്നാൽ ആയതിന്റെ ഇലകൾക്കു അകത്തു ഒരു പാള ഉണ്ടായി ഒരു ശബ്ദത്തൊടു കൂടി വെടിച്ചു അതിൽ നിന്നും മഞ്ഞൾ നിറമായ ഒരു വല്ല്യപൂ ഉണ്ടായി പഴമായ ഉടനെ ആ വൃക്ഷം പട്ടുപൊകുന്നു

൮ ലൗക്കപ്പട്ട കൂടാതെ കാപ്പികുരുവും അധികമായിട്ടു തെങ്ങാനെയ്യും മററും അനെകം ശരക്കുകളും ലങ്കയിൽ ഉണ്ടാകുന്നു - കെമ്പും മററും അനെകവിധമായ രെത്നങ്ങളും ആ മലയിൽ അകപ്പെടുന്നു രാമനാഥപുരത്തിനു എതിരെ കടലിൽ ശിലാഖം കുളിക്കുന്നവരാൽ മുത്തുശിപ്പികളും എടുക്കുന്നു

൯ അവിടെ എററവും നല്ല ആനകൾ അധികം ഉണ്ടു

൧൦ ലങ്കയിൽ ജെന്ന പട്ടണത്തിന്നു അധിക സമീപമായസ്ഥലം ജ്യാൽപ്പാണമാകുന്നു - കപ്പൽ വഴി രണ്ടു മൂന്നു ദിവസത്തിനകം അവിടെ ചെന്നു ചെരാം - അതു ലങ്കക്കു വടക്കെ മുനയിൽ ഇരിക്കുന്നു

൧൧ ത്ര്യാൽപ്പാണെത്തു നിന്നും ലങ്കയിൽ വടക്കു കിഴക്കു വശത്തു എകദെശം ഒരുനാൾ കപ്പൽ ഒട്ടത്തിൽ തൃക്കണ്ണാമലയിരിക്കുന്നു

൧൨ തൃക്കണ്ണാമല എന്ന ഊരിൽ ഇംഗ്ലീഷു കാരരുടെ ഹിന്തുദെശ ശണ്ടകപ്പലുകൾ വന്നു നിൽക്കുന്ന വിസ്താരമായ ഒരുനല്ല കപ്പൽതുറ ഉണ്ടു.

൧൩ സമുദ്രത്തിൽ യുദ്ധം ചെയ്യുന്നതിന്നു ഭീരംകികൾ കെററിതയാറായി നിൽക്കുന്ന കപ്പലുകളെ ശണ്ടകപ്പലുകളെന്നു പറയുന്നു - സമുദ്രത്തിൽ ചെയ്യുന്നയുദ്ധം കപ്പൽ ശണ്ട എന്നു പറയുന്നു

൧൪ തൃക്കണ്ണാമലയിൽ നിന്നും നീ തെക്കെക്കരവാരം കപ്പൽ എറിപൊയാൽ എകദെശം രണ്ടുദിവസത്തിനകം ഖാലി എന്നദിക്കിൽ ചെന്നുചെരും

൧൫ ഖാലി ലങ്കദ്വീവിൽ തെക്കുമെക്കു മൂലയിലിരിക്കുന്നു

൧൬ ഖാലിക്കു വടക്കെ ലെക്കുക്കു മെക്കൊ കടൽക്കരെ വാരംഒരുനാൾ കപ്പൽഒട്ടത്തിൽ കൊളമ്പു ഇരിക്കുന്നു

൧൭ കൊളമ്പുദെശം ലങ്കദ്വീവിൽ പ്രധാന പട്ടണമാകുന്നു - അവിടെ തന്നെ ഗൌണർ മുതലായപ്രമാണമായുള്ളവരു പാക്കുന്നു

൧൮ ലങ്കക്കമദ്ധ്യെ മലപക്കങ്ങളായ ഉയന്ന ഭൂമിയിൽ കണ്ടിഎന്നപട്ടണമിരക്കുന്നു - ഇങ്ക്ലീഷുകാരരു ആ ദ്വീവിനെ പിടിക്കുന്നതിന്നു മുമ്പിൽ അവിടം പ്രധാനമായ പട്ടണമായിരുന്നു - രാജാവു അവിടെ പാൎത്തിരുന്നു - ഇപ്പൊൾലങ്ക ദ്വീവിൽ ഒള്ള ഇങ്ക്ലീഷുകാരരുടെ പട്ടാളങ്ങൾക്കു അവിടം മുഖ്യമായസ്ഥലമായിരിക്കുന്നു

൧൯ ലങ്ക ദ്വീവിൽ കണ്ടിയർ - സിംകളർ - ത

മിഴർ ഇങ്ങനെ മൂന്നവക ജനങ്ങകൾ വാസം ചെ
യ്യുന്നു

൮൦ കണ്ടിയർ ആ ദ്വീവിൽ മദ്ധ്യെഉള്ള മലക
ളില്ലും മലഓരങ്ങളിലും കുടിപാക്കുന്നു

൮൧ സിംകളർ ആ ദ്വീവിൽ തെക്കെ പാതിയിൽ
ഒള്ള കരഓരങ്ങളിൽ വാസംചെയ്യുന്നു

൮൨ തമിഴർവടപാതിയിൽ ഒള്ള കര ഓരങ്ങളിൽ
കുടി പാക്കുന്നു

൮൩ തമിഴർ ആദിയിൽ തമിഴനാട്ടിൽ നിന്നും
ലങ്ക ദ്വീവിൽവന്നു ഇപ്പഴുംകാപ്പിതൊട്ടങ്ങളിൽ വെ
ല ചെയ്യുന്നതിനായിട്ടു ആണ്ടുതൊറും തഞ്ചാവൂരു
തിരുനൽവെലി മുതലായ ദിക്കുകളിൽ നിന്നുംഅനെകം
കൂലിക്കാറരു അവിടെപൊകുന്നു

൮൪ കണ്ടിയരും സിങ്കളരും സിങ്കളർ ഭാഷയും
തമിഴർ തമിഴവാക്കും സംസാരിക്കുന്നു

൮൫ കണ്ടിയരും സിങ്കളരും ഹിന്തുമദക്കാറരുഅ
ല്ല — അവരു പൌതമൻ എന്നു ഒരുവിഗ്രഹത്തെവ
ന്ദിച്ചുവരുന്നതുകൂടാതെ പിന്നെയും ഒരു നൂതനവി
ഗ്രഹത്തെയും പണിഞ്ഞു വരുന്നു — അതു മനുഷ്യ
ന്റെ കൈപെരുവിരലിനു സമനായ ഒരുതുണ്ടു ആ
ന ദെന്തമായിരിക്കുന്നു — അതു പൌതമൻ എന്നവ
ന്റെപല്ലുഎന്നുപറയുന്നു — മരിച്ചുപൊയ ഒരുത്ത
ന്റെപല്ലിനുമുമ്പെ നമസ്കാരംചെയ്യുന്ന ഠരം ജന
ങ്ങൾഎത്രമൂഢന്മാരാകുന്നു

൮൬ എന്നാൽ ഒരുകാൎയ്യത്തിനു മാത്രം അവരു
ബുദ്ധി മാന്മാരായി കാണപ്പെടുന്നു — എന്തന്നാൽ
അവരിടെ ഇടയിൽ ജാതിഭെദം ഇല്ലാ

൮൭ സിങ്കളർ ഹിന്തുക്കളെപൊലെ ഉടുക്കുന്നി

ല്ലാ — പുരുഷന്മാരും സ്ത്രീകളും അരയിൽ മുണ്ടും ഉടുത്തു മീതെ ഒരുചട്ടയും ഇട്ടുകൊള്ളും — അവരു തലപ്പാവു വച്ചുകൊള്ളാതെ തലമുടിയെ ഉച്ചിയിൽ കൂട്ടികെട്ടി അതിൽ പുരുഷന്മാരു ശീപ്പും സ്ത്രീകൾ കൊണ്ടഉൗശിയും ചൊരുകിക്കൊള്ളുന്നു — അതിനാൽ അന്യദെശക്കാറരു അനെകം പ്രാവെശം പുരുഷരെ സ്ത്രീകളുന്നു തെററായിട്ടു സമുശയിച്ചുകൊള്ളുന്നു

൨൬ ലങ്കദ്വീവിൽ ആ നാട്ടുജനങ്ങൾ കൂടാതെ അനെകം ഇംഗ്ലീഷുകാററും അവരിടെസന്തതികളും അവക്കു മുമ്പിൽ ആ ദെശത്തിനെസ്വാധീനപ്പെടുത്തികൊണ്ടിരുന്ന പൊർത്തുക്കീസു കാററിടെ സന്തതിയുംപാക്കുന്നു

---

## ൰൧ാം അദ്ധ്യായം
## മാൽദ്വീവുകളെക്കുറിച്ചു

൧ കൊളുമ്പിന്നു തെക്കെമെക്കെ എകദെശം നാലു ദിവസത്തെ കപ്പലൊട്ടത്തിൽ മാലു ദ്വീവുകളെന്നു അനെകം ചെറിയ ദ്വീവുകൾഒണ്ടു

൨ നീ ഭൂമിപ്പടത്തെ നൊക്കിയാൽ ലാക്കാ ദ്വീവുകൾക്കു നെരു തെക്കെ മാലുദ്വീവുകൾ ഇരിക്കുന്നതു കാണാം — ആ ലാക്കാ ദ്വീവുകൾ മാലു ദ്വീവു കളിൽ നിന്നും എകദെശം രണ്ടുദിവസത്തെ കപ്പൽ ഓട്ടദൂരത്തിൽ ഇരിക്കുന്നു

൩ ഇതു എററവും ചെറിയ ദ്വീവുകളായിരിക്കുന്നു — ഇതിൽ വല്യദ്വീവിനെ ഒരുത്തൻ കാൽ നടയായിട്ടു ഒരു മണിനെരത്തിൽ ചുററിവരാം — അതിൽ അനെകംകല്ലും വെറും പാറകളാകുന്നു

൬ ൟ ദ്വീപുകളിൽ തെങ്ങുവൃക്ഷങ്ങൾ ഉണ്ടാകുന്നു അവിടെ ഉള്ള ജനങ്ങൾ വെളിച്ചെണ്ണ - കയറു - കിഴിഞ്ഞിൽ - കരുവാടു മുതലായ ശരക്കുകളെ ഹിന്തുദെശത്തും പിന്നാക്കുദെശത്തും അയച്ചു ആയതിന്നു പകരം അവിടങ്ങളിൽ ഉള്ള അരി - ശക്കര - മുതലായ ശരക്കുകളെ വാങ്ങിച്ചു കൊള്ളുന്നു

൭ അവിടത്തെ കുടിയാനവന്മാരു മഹമ്മതു മാൎഗ്ഗക്കാരായിരിക്കുന്നു - അവരു അനെകവൎഷത്തിന്നു മുമ്പിൽ ൟ ദ്വീപുകളിൽ വന്നു കുടിഏറിയ അറബികളുടെസന്തതികളാകുന്നു

൮ അവരു എല്ലാപെരും ഹിന്തുസ്ഥാനി ഭാഷ അറിയുന്നവരും സംസാരിക്കുന്നവരുമായിരിക്കുന്നു

൯ മാൽദ്വീപുകൾക്കു തെക്കുമെക്കു ഏകദെശം ൧൭ ദിവസത്തെ കപ്പൽ ഒട്ടദൂരത്തിൽ മൊരിസ്സു എന്നൊരു ദ്വീപുണ്ടു - അതിനെകുറിച്ചു ഇനിമെൽ ആഫ്രിക്കാ ഖണ്ഡത്തെകൊണ്ടു വിവരിക്കും പൊൾ പറകയും ചെയ്യും

---

## ൨൨ാം അദ്ധ്യായം

## അന്തമെൻ നക്കബാരം എന്ന ദ്വീപുകളെകുറിച്ചു

൧ ൺ ജെന്നപട്ടണത്തുനിന്നും കപ്പലിൽ കെറി നെരു കിഴക്കെചെന്നാൽ ഏകദെശം ൭ അല്ലെങ്കിൽ ൨ ദിവസത്തിനകം അന്തമെൻ എന്ന ചില ദ്വീപുകളിൽ ചെന്നു ചെരാം

൨ കറുപ്പുനിറം ഉള്ള ഒരുവക ജാതിക്കാരരു അവി

ടെങ്ങരിക്കുന്നു അവരുഎററവുംകുറുകിയതുംചെറിയതു മായദെഹവും ചുരുണ്ടമുടിയുംചപ്പിയമൂക്കുംതടിച്ചഉ തടും ഒള്ളവരായിരിക്കുന്നു - അവരു മഴുവനും നമ്മാ ണമായിപൂച്ചിമുതലായ്തുകടിക്കാതെ ഇരിക്കുന്നതിന്നു വെണ്ടി ദെഹത്തിൽ ചെറുഎട്ടത്തു തെച്ചുംകൊണ്ടു ഹിന്തുദെശത്തുപൊത്തുകളെപൊലെ നടക്കുന്നു

൩ അന്തമൻ ദ്വീവുകൾക്കു തെക്കെ ഒരുദിവസ ത്തെ കപ്പലൊട്ടത്തിൽ നക്കബാരം എന്നചില ദ്വീവു കളിരിക്കുന്നു

൪ ആ ദ്വീവുകളിൽഒള്ള ജനങ്ങൾ അന്തമെൻ ദ്വീ വിൽ ഒള്ള ജനങ്ങളെപൊലെയല്ല - അശെഷംവെ റെ ജാതികളായിരിക്കുന്നു - അവരു എററവും ദുഷ്ടജ നങ്ങളായിട്ടിരിക്കുന്നു - അവരു അവിടങ്ങളിൽ വ്യാ പാരത്തിനായിട്ടു പൊകുന്ന കപ്പൽക്കാറരെ അതതു സമയങ്ങളിൽ കൊന്നിരിക്കുന്നു

൫ തെങ്ങായും വെററിലയും കെററി ഹിന്തു ദെശത്തു കൊണ്ടു വരുന്നതിന്നായിട്ടു കപ്പല്ലുകളെ ആ ദ്വീവു കളിൽ കൊണ്ടു പൊകുന്നതൊണ്ട

---

## ൪൩ാം അദ്ധ്യായം

## ഇംഗ്ലാണ്ടുദെശത്തെക്കുറിച്ചു

൧ ഇംഗ്ലാണ്ടുദെശം യൂറൊപ്പു ഖണ്ഡത്തിലുള്ള ദെശങ്ങളിൽ ഒന്നാകുന്നു - അത യൂറൊപ്പു ഖണ്ഡത്തി ന്റെവടക്കുമെക്കെ വശത്തിരിക്കുന്നു

൨ ജെന്നപട്ടണത്തു നിന്നും ഇംഗ്ലാണ്ടുദെശത്തു പൊകുന്നതിന്നു രണ്ടുവഴിഉണ്ട

൩ ഒരുവഴി കടൽമാർഗ്ഗമായും കരവഴിയായും പൊ കുന്നു - ആയ്തിനെ ഒവർലാന്റൂട്ടു എന്നുപറയുന്നു

൪ മൂട്ടു എന്നതു ഇംഗ്ലീഷു വാക്കു അതിനുവഴിയെന്നു അൎത്ഥമാകുന്നു

൫ ഒവർലാന്റ മൂട്ടു വഴിപൊയാൽ തെക്കിനും അതിൽപിന്നെ കിഴക്കിനും നെരെകപ്പൽ യാത്രചെയ്യു ലങ്കയെ ചുററിപൊകണം

൬ ഒവർലാന്റ മൂട്ടുവഴിപൊകുന്നതിനു പുകകപ്പൽ നമുക്കു പ്രയൊജനമായിരിക്കുന്നു

൭ പുകക്കപ്പൽ പായും കാററും ഇല്ലന്നു വരികിലും പുകസൂത്രംകൊണ്ടു നടത്തപ്പെടുന്ന കപ്പലാകുന്നു

൮ വെള്ളം എററവും കൊതിക്കുംപൊൾ ഉഷ്ണം അതിനെ നീപ്പുക ആക്കുന്നു

൯ ആകാശവും വെള്ളവും കൂടിയതു നീപ്പുകയെന്നു പറയുന്നു

൧൦ ഉഷ്ണം വെള്ളത്തിലിരിക്കുന്ന ആകാശത്തെ എഴപ്പുന്നതു കൊണ്ടും ആ ആകാശം അതിനു ചുററിയൊള്ള ആകാശത്തെക്കാൾ അധികം കുറവായിരിക്കുന്നതുകൊണ്ടും അതുമീതെ പൊങ്ങുന്നു - ഇപ്രകാരം വെള്ളം തിളയ്ക്കു സമാനമാകുംപൊൾ നീപ്പുക അതിൽനിന്നും പുറപ്പെടുന്നതു നീ കാണുകയും ചെയ്യും

൧൧ ഇപ്രകാരംവെള്ളം തിളയ്ക്കുന്ന പാനയിൽനിന്നും അല്പംപൊലും കാററു ഇളകാതെ അതിനെ നല്ലതിന്മണ്ണം മൂടിക്കളഞ്ഞാൽ അതിലുള്ള ആവിയെ കൊള്ളുന്നതിനു തക്കസ്ഥലം ഇല്ലാത്തതുകൊണ്ടു ആ പാന തുണ്ടുതുണ്ടായി ഒടഞ്ഞുപൊകും

൧൨ തിളയ്ക്കുന്ന നീപ്പുകയുടെ ബലം ഇന്നപ്രകാരമെന്നു ഇതിനാൽ നീ അറിഞ്ഞുകൊള്ളാം

൧൩ യൂറൊപ്പു അമെറിക്കാ ഖണ്ഡത്തിലുള്ള ജ

നങ്ങൾ ഃരം പുകയിടെ ഉപയൊഗം കണ്ടുപിടിച്ചതി നാൽ വല്ല്യകപ്പല്ലുകളെ അതുകൊണ്ടു ഓട്ടിച്ചുബഹു നൂറുആളുകളൊ അല്ലങ്കിൽ കുതിരകളൊ ചെയ്യ്യക്കൂ ടാത്ത അനെകം കാൎയ്യങ്ങളെ ഃരം പുകയിടെ ഉപ യൊഗംകൊണ്ടു നടത്തുന്നു

൧൩ പുകക്കപ്പല്ലുകളിടെ ഇരുവശത്തും തുടുപ്പുച ക്രം എന്നു ഓരൊവല്ല്യ ഉരുളഇരിക്കുന്നു

൧൪ ഓരൊ ചക്രത്തിനു രണ്ടുവല്ല്യ ഇരുമ്പുവള യവും അതിന്റെ നടുവിൽ ഒന്നിൽ നിന്നു മറെറാ ന്നിനുചെൎത്തിട്ടുള്ള ഇരുമ്പുതണ്ടുകളും ഒണ്ടു

൧൫ തുടുപ്പുകൾ പടവിനെ വലിച്ചു നടത്തി യ്ക്കുന്നതു പൊലെ നീൎപ്പുകതന്റെ ബലംകൊണ്ടു ചക്രങ്ങളെ ചുഴററി അതില്ലുള്ള തണ്ടുകൾ വെള്ളത്തി നെഅടിച്ചുപുകക്കപ്പലിനെ നടത്തിയ്ക്കുന്നു

൧൬ കപ്പലിനെ എതുമാൎഗ്ഗത്തിൽ കൂടി എങ്കില്ലും നടത്തുന്നതും കാററു ഇല്ലങ്കില്ലും കപ്പൽ തടവില്ലാതെ ചുറുക്കായിട്ടു പൊവാൻ ചെയ്യ്യുന്നതും പുക സൂത്രമാ കയാൽ അതു അധിക പ്രയൊജനമായിരിക്കുന്നു

൧൭ പായ്ക്കപ്പൽ കാററിനുതക്കതായിട്ടു മാത്ത്രമെ ഓടും കാററില്ലങ്കിൽ ഓടുക ഇല്ലാ

൧൮ ഓവർല്ലാന്റ്റു വഴിപൊയാൽ പുക കപ്പൽ കിഴക്കുമുഖമായിട്ടും തെക്കുമുഖമായിട്ടും ലങ്കദ്വീപി നെ ചുററി ഖാലിക്കുവരികയും‌വെണം - അവിടെ ചെല്ലുന്നതിനു രണ്ടു മൂന്നു ദിവസം ചെല്ലും - പായ്ക്ക പ്പൽ പൊയാൽ രണ്ടു മൂന്നു ആഴ്ച്ചവട്ടം‌ചെല്ലും

൨൦ ഖാലിയിൽ നിന്നും പുകക്കപ്പൽ മെക്കിനും വടക്കിനും നെരായിട്ടു എകദെശം പത്തുദിവസത്തി ൽ എഡെനിൽചെന്നു ചെരും

൨൧ എഡെൻ അറബി കടൽ ഓരത്തിൽ എഹിബത്തുകടലിന്റെ മുഖപ്പിൽ ഇരിക്കുന്നു

൨൨ എഹിബത്തു കടൽ വലത്തു പക്കമൊള്ള അറബിയിനും ഇടത്തു വശമൊള്ള അബെസ്സ്യാ എഹിബത്തു എന്നദെശങ്ങളിനുംമദ്ധ്യെഒതുങ്ങിഓടുന്നഹിന്ദുസമുദ്രത്തിൽ ഒരു പങ്കുആകുന്നു - അറബി ദെശം എഷ്യാഖണ്ഡത്തിലും അബെസ്സ്യാ എഹിബത്തു എന്നദെശങ്ങൾ ആഫ്രിക്കാ ഖണ്ഡത്തിലുമിരിക്കുന്നു

൨൩ എഡെനിൽ നിന്നും പുകക്കപ്പൽ ആറു ദിവസത്തിനകം സൂവെസ എന്നദിക്കിൽപൊകും

൨൪ സൂവെസ എഹിബത്തു കടലിന്റെ വടക്കെ മുനയിൽ ഇരിക്കുന്നു

൨൫ ഠരം ഇടത്തിനെ സൂവെസ പൂസന്തി എന്നു വിളിക്കുന്നു

൨൬ പൂസന്തിഎന്നാൽ രണ്ടു ഇടങ്ങളെ ഒന്നായിട്ടു ചെൎക്കുന്ന ഒതുക്കം ആയഒരുതുണ്ടു നിലമാകുന്നു സൂവെസ പൂസന്തി-ആഫ്രിക്കാവെയും എഷ്യാവെയും ഒന്നായിട്ടുചെൎക്കുന്നു-അതു എകദെശം കുറക്കെ നാലുദിവസത്തെ വഴിദൂരമാകുന്നു

൨൭ സൂവെസപൂസന്തിക്കു തെക്കെ വശം എഹിബത്തുകടലും വടക്കുവശം മെദിത്തിരെന്ന്യാ എന്ന വെറെ ഒരുകടലും ഇരിക്കുന്നു

൨൮ സൂവെസിൽ നീ കപ്പൽവിട്ടു ഇറങ്ങി അവിടെ നിന്നും മെക്കു ൮൪ മയിൽ ദൂരത്തിൽ ഇരിക്കുന്ന കായിറൊപട്ടണത്തിനു കരവഴിയായിട്ടുയാത്രചെയ്യണം - സൂവെസിനും കായിറൊവിനും മദ്ധ്യെഒള്ള ഇടം മണൽവനാന്തരമാകുന്നു - യാത്രക്കാററു സൂവെസിൽനിന്നും കായിറൊ പട്ടണത്തിനു മിക്കതും ക

തിരവണ്ടികളിൽ കെറിപൊകുന്നു - അവിടെ ചെന്നു ചെരുന്നതിന്നു എകദെശം ൧൪ മണിനെരം ചെല്ലും

൮൯ കായിറൊ എഹിബത്തു ദെശത്തിന്റെ രാജധാനിയാകുന്നു - അതു നീലെന്ന ആററിന്റെ കരയിൽനിന്നും രണ്ടു മയിൽ ദൂരത്തിൽ ഇരിക്കുന്ന എററവും പ്രാബല്ല്യതയായ പൂൎവ്വീക പട്ടണമാകുന്നു

൯൦ ഭാക്ഷാ എന്ന മഹമ്മതുമാൎഗ്ഗ പ്രഭു എഹിബത്തുദെശത്തെ ആഴുന്നു

൯൧ നീൽ വല്ല്യ ആറാകുന്നു - അതു അബെസ്സ്യാ നാട്ടിൽ ആരംഭിച്ചു വടക്കെ എഹിബത്തു നാട്ടിന്നു അകത്തുക്കൂടി ഓടി മെദിത്തിറെന്ന്യാ എന്ന കടലിൽ വീഴുന്നു

൯൨ കായിറൊവിൽ നിന്നും വടക്കു മെക്കായിട്ടു പടവിൽ നീ ആദിയിൽ നീൽ എന്ന ആറുവഴിയായിട്ടും പിന്നീട്ടു കാലു വാവഴിയായിട്ടും യാത്രചെയ്യ്താൽ അലക്കുസന്ത്രിയാ പട്ടണത്തിന്നു വരും - അതു കായിറൊവിൽനിന്നും ൧൨൦ മയിൽ ദൂരമാകുന്നു - അവിടെ വരുന്നതിന്നു എകദെശം ൨൫ മണിനെരം ചെല്ലും

൯൩ അലക്കുസന്ത്രിയാപട്ടണം എഹിബത്തു ദെശത്തിന്റെ വടക്കുവശത്തും മെദിത്തിറെന്ന്യയാകടലിന്റെ തെക്കെ ഓരത്തിലും ഇരിക്കുന്നു

൯൪ മെദിത്തിറെന്ന്യാ കടൽ വടക്കെ വശത്തുള്ള യൂറൊപ്പ ഖണ്ഡത്തിലും തെക്കെയുള്ള ആഫ്രിക്കാ ഖണ്ഡത്തിലും മദ്ധ്യെ ഇരിക്കുന്നു

൯൫ മെദിത്തിറെന്ന്യാ എന്നു പറഞ്ഞാൽ നടുഭൂമി എന്നു അൎത്ഥമാകുന്നു - ഈ കടൽ യൂറൊപ്പ - ആഫ്രിക്കാ എന്നും രണ്ടുഖണ്ഡത്തിന്നും നടുവിൽ ഇരിക്കുന്നതിനാൽ മെദിത്തിറെന്ന്യാ കടലു എന്നുപറയുന്നു

൯൬ നീ അലക്കുസന്ത്രിയാ പട്ടണത്തിൽ വെറെ

ഒരു പുകക്കപ്പൽഎറിമെക്കെ മെലിസ്ഥാ - എന്ന ഒരു ദ്വീവിൽ ചെന്നചെരും അവിടെ പൊകുന്നതിനു മൂന്നു ദിവസംവെണ്ണം

൮൭ മെലിസ്ഥാ - മെദിത്തിറെസ്സ്യാ - കടലിൽഇരിക്കുന്നു - അതുഇംഗ്ലീഷു കാറരിടെതാകുന്നു

൮൮ മെലിസ്ഥാവിൽനിന്നും മെക്കൊട്ടു ചെന്നാൽഎഴദിവസത്തിൽ ജീബ്രാൽത്തറലിൽ ചെന്നു ചെരും

൮൯ ജീബ്രാൽത്തർ യൂറൊപ്പു ഖണ്ഡത്തിലുള്ളദെശങ്ങളിൽ ഒന്നായ സ്സ്പാന്ന്യാവിടെ തെക്കെ മൂലയിൽ ഒരു ഒറപ്പായ കൊട്ടഒള്ള ഇടം ആകുന്നു - ജീബ്രാൽത്തർ ഇംഗ്ലീഷു കാറരുടെ താകുന്നു

൯൦ ജീബ്രാൽത്തർ അരികെ യൂറൊപ്പും ആബ്രിക്കാവും അടുത്തുഇരിക്കുന്നു അതിനുനടുവിൽ ഒള്ളകടൽകുറുക്കെ - ൧൨ മയിൽദൂരംമാത്രം ഇരിക്കും

൯൧ ഈ കടലിന്റെ പങ്കു ജീബ്രാൽത്തർ കടൽവായ്ക്കാൽഎന്നുപറയുന്നു

൯൨ കടൽവായ്ക്കാൽ എന്നാൽ ഒരുകടലിൽ നിന്നും മറുകടലിൽ പൊകുന്നവഴിഎന്നും അല്ലെങ്കിൽ വായ്ക്കാലന്നും അൎത്ഥം ആകുന്നു

൯൩ നീ ജീബ്രാൽത്തർ - കടൽവായ്ക്കാൽ വഴിപൊയാൽ - അത്തിലാന്തിക്കു സമുദ്രമെന്ന വലിയ കടലിൽ ചെന്നു ചെരും

൯൪ അവിടെ ചെന്നുചെന്നഉടൻ പുകക്കപ്പൽ സ്സ്പാന്ന്യാ പൊൎത്തുക്കൽ പ്രാഞ്ചി എന്നാദെശങ്ങളുടെ മെക്കു വശത്തുകൂടി വടക്കു തിരിഞ്ഞു ജീബ്രാൽത്തർ വിട്ടു ആറു ദിവസത്തിനകം ഇംഗ്ലാണ്ടിൽ ചെന്നു ചെരും

## ൪൪ാം അദ്ധ്യായം

൧ ജെന്നാപട്ടണത്തു നിന്നും ഇംഗ്ലാണ്ടു ദെശത്തു പൊകുന്നതിനു രണ്ടുവഴിഉണ്ടു അതെക്കുറിച്ചു മുമ്പിൽ പറഞ്ഞിരിക്കുന്നു

൨ ഓവർലാന്റ റൂട്ടു എന്നും ഒരു വഴിയെക്കുറിച്ചും ഇതിനുമുമ്പിൽ പറഞ്ഞുതീർന്നു

൩ ഇപ്പൊൾ മററ വഴിയെ കുറിച്ചു പറയാം ഇതിനെ ജനങ്ങൾ ചിലപ്പൊൾ നെടും സമുദ്രപാദ എന്നു വിളിക്കുന്നു

൪ ററം വഴിപൊകണമെന്നുവരുകിൽ കപ്പൽജെന്നാപട്ടണത്തുനിന്നും തെക്കും കിഴക്കും ഓടി ലങ്കദ്വീവിനെ കടന്നു പിന്നെതെക്കു മെക്കായിട്ടു തിരിഞ്ഞു കെപ്പുഗുഡ്ഢൊപ്പിനു നെരായിട്ടുപൊകണം

൫ ആഫ്രിക്കാവിന്റെ തെക്കെ മുനയെ കെപ്പു ഗുഡ്ഢൊപ്പു എന്നു വിളിക്കുന്നു

൬ ഇവിടത്തിൽ കെപ്പുഢൗൻ എന്നു ഒരുപട്ടണം ഉണ്ടു - അതു ഇംഗ്ലീഷുകാററുടെതാകുന്നു

൭ ജെന്നാപട്ടണത്തുനിന്നും കപ്പൽകെറി കെപ്പുഗുഡ്ഢൊപ്പിൽ പൊകുന്നതിനു എകദെശം ൪൦ അല്ലെങ്കിൽ ൫൦ ദിവസംചെല്ലും

൮ കെപ്പുഗുഡ്ഢൊപ്പിനും കപ്പൽ എകദെശം൫ ആഴ്ചവട്ടം വടക്കെ ഓടിപിന്നീടു കിഴക്കൊട്ടു തിരിഞ്ഞു എകദെശം രണ്ടുആഴ്ചകാകം ഇംഗ്ലാണ്ടുദെശത്തുചെന്നുചെരും

൯ ഇംഗ്ലാണ്ടുദെശത്തു പൊകുന്നതിനു ഓവർലാന്റ റൂട്ടുവഴി എത്രകാലംചെല്ലും കെപ്പുഗുഡ്ഢൊപ്പുവഴി എത്രകാലംചെല്ലും

## ൪൫ാം അദ്ധ്യായം

൧ ഇംഗ്ലാന്ത പ്രാഞ്ചി ദെശത്തിന്ന അസാരം വടക്കെ വശത്തിലിരിക്കുന്ന ഒരു ദ്വീപു ആകുന്നു രണ്ടു ദെശത്തിന്നും നടുവിൽ കടലിരിക്കുന്നു - അതു എററവും അകലംകുറഞ്ഞ ഇടത്തു ൨൧ മയിൽദൂരമൊണ്ടു

൨ നാം ഈ ദെശത്തെ ഇംഗ്ലാൻറു എന്നും അതിലൊള്ള ജനങ്ങളെ ഇംഗ്ലീഷു കാററന്നും പൊതുവായിട്ടുവിളിക്കുന്നു - എന്നാൽ ഇതിൽ നാലുദെശങ്ങൾ ഒണ്ടു

൩ മന്തിയദെശം ഇംഗ്ലാൻറു - അത ആ ദ്വീവിൻറ തെക്കെവശത്തു ഇരിക്കുന്നു

൪ അതിൻെറ മെക്കുവശത്തു വെത്സഎന്ന ഒരു ചെറിയ ദെശം ഇരിക്കുന്നു

൫ അതിൻെറ വടക്കെ വശത്തു ഇസ്കാട്ടലാൻറു ദെശമിരിക്കുന്നു - അതു ഇംഗ്ലാൻറിനു എകദെശം അരപ്പങ്കു ഇരിക്കുന്നു

൬ ഇംഗ്ലാൻറ - സ്കാട്ടലാൻറ - വെത്സഎന്നും ഈ മൂന്നും ഒരുദ്വീവുആകുന്നു

൭ ഇംഗ്ലാൻറിന്നും മെക്കെ അയർലാൻറ എന്ന വെറെ ഒരു ദ്വീവുഇരിക്കുന്നു - ഇതു രണ്ടിന്നും നടുവെ ഒരു കടലൊണ്ടു - ആ കടലിൽ അധികം ഒതുങ്ങിയസ്ഥലം എകദെശം ൨൰ മയിൽ അകലം ആകുന്നു

൮ വെത്സ ജനങ്ങളെ വെത്സക്കാറവെന്നുവിളിക്കുന്നു

൯ സ്കാട്ടലാൻറിൽ ഒള്ള ജനങ്ങളെസ്കാച്ചു ക്കാററന്നുവിളിക്കുന്നു

൧൦ അയർലാൻറു ജനങ്ങളെ അയിരീഷ്കാറരെന്നു വിളിക്കുന്നു

൧൧ ഇംഗ്ലാൻറ സ്കാട്ടുലാൻറും വെത്സ ഇതു ഇത്രയും ഒന്നിച്ചുകൂട്ടി വല്ല്യബ്രിത്താന്യാ എന്നും വിളിക്കുന്നു

൧൨ ഇംഗ്ലീഷ - സ്കാച്ച - അയിറീഷ്കു - വെത്സരും നാലു ദെശക്കാറരെയും എകമായിട്ടു ബ്രിറ്റീഷ്കു ജനങ്ങളെന്ന ഒരു പെരായിട്ടു വിളിക്കുന്നു - അവരു എല്ലാപെരും ഇംഗ്ലീഷ്കുഭാഷ പൊതുവായിട്ടു സംസാരിക്കുന്നു - എന്നാൽ സ്കാട്ടുലാൻറ അയർലാൻറു വെത്സ എന്ന ദെശങ്ങളിൽ ശില സ്ഥലത്തുഒള്ളവരു തങ്ങളുടെ സ്വന്ത ഭാഷകൂടെ സംസാരിക്കുന്നു - അവക്കു ഇംഗ്ലീഷ്കു ഭാഷ അധികമായിട്ടു അറിഞ്ഞുകൂടാ

൧൩ ഇംഗ്ലാൻറു വടക്കെ മുനതുടങ്ങി തെക്കെ മുനവരെ കാൽനടയായിട്ടു എകദെശം ൨൫ ദിവസം വഴിദൂരവും അതിൻെറ കിഴക്കുവശത്തു നിന്നും മെക്കെ അററംവരെ അധിക വിസ്താരമായ സ്ഥലത്തിൽ എകദെശം ൨൦ ദിവസം വഴിദൂരവുമായിരിക്കുന്നു

൧൪ സ്കാട്ടുലാൻറ ഇംഗ്ലാൻറിനു എകദെശം അരപ്പങ്കു ഒണ്ടു

൧൫ അയർലാൻറു ഇംഗ്ലാൻറിനും പാതിയെക്കാൾ അല്പം അധികമായിരിക്കും

൧൬ വല്ല്യബ്രിത്താന്യ മുഴുവനും ദിക്കാൻനാടത്രെ വിസ്താരം വരുകയില്ലാ

൧൭ അതു ചെറിതായിരുന്നാലും ഭൂലൊകത്തിൽ ഒള്ള എല്ലാ ദെശങ്ങളെക്കാൾ അധികം ബലവും ഐശ്വര്യ്യവും ഒള്ള ഇടമാകുന്നു

൮൮ ഇംഗ്ലീഷുകാരു ധൈൎയ്യം ഉള്ള ആളുകളും എല്ലാവിധത്തിലും ഉള്ള വിദ്യകളിലും കൈത്തൊഴിൽകളിലും അധിക യുക്തി മാന്മാരുമായിരിക്കുന്നു - അവരുടെ ചരക്കുകൾ ലൊകത്തൊള്ള എല്ലാടത്തും ചെല്ലുന്നതു കൂടാതെയും മറുദെശങ്ങളിൽ ഒണ്ടാകുന്ന പല വസ്തുക്കളെ കപ്പലുകളിൽ കെററിതങ്ങളുടെ ദെശങ്ങളിലുംകൊണ്ടുപൊകുന്നു

൮൯ ഇപ്രകാരം പഞ്ഞു ശക്കര നീലക്കട്ടി മുതലായ ചരക്കുകൾ ഹിന്തുദെശത്തുനിന്നും ഇംഗ്ലണ്ടു ദെശത്തിന്നും കൊണ്ടുപൊകുന്നു

൯൦ ഇംഗ്ലീഷുകാരു തങ്ങളുടെ അധികാരത്തെ ലൊകത്തു ഒള്ള എല്ലാ ദെശങ്ങളിലും സ്ഥാപിച്ചിരിക്കുന്നു

൯൧ അവരു ഹിന്തുദെശത്തിലും എഷ്യാ വിലുള്ള മററുഇടങ്ങളിലും രാജ്യഭാരം ചെയ്തു വരുന്നതു കൂടാതെയും ആഫ്രിക്കാവിലും അമെരിക്കാവിലും അവൎക്കു സ്വന്തദെശങ്ങളുംഒണ്ടു - ആസ്ത്രെല്യാവും ന്യൂസീലാന്ദും സമുദ്രത്തിൽ പലഇടങ്ങളിൽ ഒള്ള അനെകം ചെറു ദ്വീപുകളുംകൂടെ അവരിടെവശത്തിലിരിക്കുന്നു

൯൨ എന്നാൽ തങ്ങളിടെ സ്വന്ത സാമൎത്ഥ്യം കൊണ്ടും യുക്തി കൊണ്ടും അവരു ഇത്ര ബലവും എജസ്സും സംഭാദിച്ചിട്ടില്ലാ - ഈശ്വരൻ തന്നെ അവയെഅവൎക്കു അനുഗ്രഹിച്ചു കൊടുത്തിരിക്കുന്നു

൯൩ എല്ലാത്തിലും അധികമായിട്ടു ദൈവം അവൎക്കു സുവിശെഷത്തിനെ അനുഗ്രഹിച്ചു കൊടുത്തിരിക്കുന്നു

൯൪ രണ്ടായിരം വരുഷത്തിനു മുമ്പിൽ ഹിന്തുദെശത്തു ജനങ്ങൾ ശാസ്ത്രങ്ങളിലും പഠിത്തത്തി

ലും കൈത്തൊഴിലിലും എററവും യുക്തി മാന്മാരന്നു പ്രഭല്യത പ്പെട്ടു വല്യ പട്ടണങ്ങളുടയ ആളുകളായിരുന്നപ്പൊൾ ഇംഗ്ലാൻറദെശക്കാററു എററവും അറിവില്ലാത്ത ആളുകളും ൟ നാട്ടിൽ ഒള്ളകാട്ടു ജനങ്ങളെപൊലെ കാലംകഴിച്ചു വിഗ്രഹങ്ങളെ വന്ദിച്ചു വന്നവരുമായിരുന്നു

൨-൭ മുമ്പിൽ അവരു ഇരുന്ന സ്ഥിതിക്കും ഇപ്പൊൾ ഇരിക്കുന്ന സ്ഥിതിക്കും ഒള്ളവല്യവിത്യാസ മുഖ്യമായിട്ടു വെദത്തിന്റെ ഗുണങ്ങൾ കൊണ്ടു ഒണ്ടായതാകുന്നു

---

൪ന്നാം അദ്ധ്യായം

൧ ബ്രിററിഷു രാജ്യത്തിന്റെ രാജധാനി ലണ്ടൻ പട്ടണമാകുന്നു

൨- ലൊകത്തിൽ ഒള്ള എല്ലാപട്ടണങ്ങളിലും ലണ്ടൻ പട്ടണം വല്യതാകുന്നു - അതുകടലിൽ നിന്നും എകദെശം ൭൦ മയിൽദൂരെ തെമിസ ആററിന്റെ ഇരുവശത്തും കെട്ടപ്പെട്ടിരിക്കുന്നു

൩- ലൊകത്തു എല്ലാടത്തും വ്യാപാര മാൎഗ്ഗമായി പൊകുന്ന കപ്പലുകൾ കൊണ്ടു ആയാറു സദാപ്പൊഴും നിറഞ്ഞിരിക്കുന്നു

൪ സ്കൊററലാന്റിൽ എഡിൻബെൎഗ്ഗ പ്രധാനപട്ടണമാകുന്നു - അതുകടലിന്റെ കിഴക്കെക്കരയിൽ കടലിൽനിന്നും എതാനം മയിൽദൂരത്തുള്ള ഉൾനാട്ടിൽ ഇരിക്കുന്നു

൫ ഡബ്ലിൻ അയർലാൻറുനാട്ടിൽ പ്രധാനപട്ടണമാകുന്നു - അതു ആ നാട്ടിന്റെ കിഴക്കെവശത്തു

അസാരം മദ്ധ്യെകടൽത്തുറയിൽ ഇരിക്കുന്നു

൬ ഇംഗ്ലാന്റു ഹിന്തു ദെശത്തെപ്പൊലെ ഉഷ്ണം ഒള്ളടമല്ല

൭ ഉഷ്ണകാലത്തു അവിടെ ഉഷ്ണമായിരിക്കുന്നതൊണ്ട - എങ്കിലും ആ ദെശത്തിന്റെ തണുപ്പും ചെളിപ്പും പൊകയില്ലാ മഴ അവിടെക്കൂടെക്കൂടെ പെയ്യുകൊണ്ടിരിക്കും

൮ മഴകാലത്തിൽ കുളുച്ചുആയിരിക്കുന്നതു കൂടാതെയും ഭൂമിഎല്ലാം ഒറഞ്ഞമഴ മൂടിയിരിക്കും കുളങ്ങളിലും ആറുകളിലും ഒള്ളവെള്ളം കട്ടിയായിപൊകും മരങ്ങളിൽ ഇലകളും ഇരിക്കയില്ലാ

൯ ഉറഞ്ഞമഴ എന്നാൽ കുളുച്ചുആയ കാററുകൊണ്ടു ഒറഞ്ഞു പൊകുന്ന കട്ടി വെള്ളം ആകുന്നു അതു കൽമഴയെ പൊലെ കട്ടികട്ടി ആയിരിക്കാതെ നല്ല വെച്ചു ആയ ഘനം ഇല്ലാത്ത ചെറിയ തുണ്ടുകളായിരിക്കും

൧൦ പഞ്ഞു അടിക്കും പൊൾ ആദിയിൽ ചെതറി തുണ്ടു തുണ്ടായിട്ടുപറന്നു പിന്നീട തറയിൽ വീഴുന്നതെ നീകാണാം

൧൧ ഒറഞ്ഞമഴയും ആയ്യുപൊലെ തന്നെ ഇരിക്കുന്നു അതുപെയ്യുകൂടുംപൊൾ ഭൂമിയിൽ വൃക്ഷങ്ങളും വീടുകളും എല്ലാം പഞ്ഞുകൊണ്ടു മൂടിപ്പൊയതു പൊലെകാണും

൧൨ കാററുഅല്പം ഉഷ്ണം ആകുംപൊൾ ഒറഞ്ഞമഴ ഉരുകിവെള്ളം ആയിട്ടുമാറിപ്പൊകും

൧൩ ഇംഗ്ലാന്റിൽ ഒള്ള കുഞ്ഞുങ്ങൾ ഒറഞ്ഞ മഴയെ ഉരുട്ടി എടുത്തു തമ്മിൽ എറിഞ്ഞു കളിക്കുന്നതിനു എററവും സന്തൊഷപ്പെടും

൧൪ വെള്ളത്തിന്റെ കട്ടിയുടെ മീതെ ജനങ്ങൾ ചക്കിചക്കിനടക്കുന്നതും അല്ലാതെ സ്കെറ്റീസു എന്ന മരജൊടു ഇട്ടുംകൊണ്ടു അതിന്മെല്ലും കളിക്കയും ചെയ്യും

൧൫ മരജൊടു എന്നാൽ തൊൽ പാപ്പാസിന്റെ അടിയിൽ ചെത്തിട്ടുള്ള ഒരു മരത്തുണ്ടാകുന്നു - ഇതിന്റെ അടിയിൽ ഘനം കുറഞ്ഞ ഇരുമ്പുതകട്ടിനെ ചെത്തുപെരുവിരലിൻ മീതെവളച്ചു വിട്ടിരിക്കും അതിന്മെണ്ണം ഉള്ള മരക്കട്ടകളിൽ തൊലുവാറുകളെ ഇട്ടുകാലിൽ ധരിച്ചുകൊള്ളും - അടിയിലിരിക്കുന്ന ഇരുമ്പുതകടു പാപ്പാസിനെക്കാൾ മെല്ല്യതാകയാൽ ആകട്ടയെ ധരിച്ചു കട്ടിവെള്ളത്തിന്റെ മീതെ കാലുഊന്നിനിൽക്കുന്നതു ആതിയിൽ പ്രയാസമായിരിക്കും - എന്നാൽ കുറയെ അഭ്യസിച്ചതിന്റെ ശെഷം കട്ടിവെള്ളത്തിന്റെ മീതെ ജനങ്ങൾ ചക്കികൊണ്ടുഎററവും ശ്രുതിയായിട്ടു നടന്നുപൊകയും ചെയ്യും

---

## ൪൫ാം അദ്ധ്യായം

൧ ഇംഗ്ലാന്റിൽ നെല്ലുവിളവില്ലാ - തെങ്ങും വാഴയും മാവും അവിടെ ഇല്ലാ

൨ എങ്കിലും അവിടെ അനെക വിധത്തിൽ ബഹു നല്ലപഴങ്ങളും അഴകുള്ള പുഷ്പങ്ങളും അധികം കൊതമ്പും മററും ധാന്യങ്ങളും ഉണ്ടു

൩ ഇതു കൂടാതെയും അവിടെ എററവും വലിതായ നല്ല ആടുമാടു കുതിരകളും ഉണ്ടു

൪ അവിടെ ഉള്ള ആടുകൾ ഈ നാട്ടിലുള്ള ആടുക

ളെപ്പൊലെത്തന്നെ — അതു നല്ല നീളമായ കമ്പിളിമൂടി നിറഞ്ഞിട്ടുള്ളതാകുന്നു

൫ ഇംഗ്ലാന്റിൽ ഒള്ള കുതിരകൾ മറ്റു എതു ദെശത്തു കുതിരകളെക്കാളും നല്ല ജാതിയാകുന്നു

൬ ഇംഗ്ലാന്റിൽ കുതിരകളെ വണ്ടികളിലും കലപ്പകളിലും പൂട്ടുന്നു — ഹിന്തു ദെശത്തുകാരനെപ്പൊലെ ഇംഗ്ലീഷുകാരരു വെലകൾക്കു എല്ലാം മാട്ടുകളെ ഉപയൊഗപ്പെടുത്തുന്നില്ലാ

൭ കൊതമ്പുറൊട്ടിയും മാട്ടുഎറച്ചിയും ആട്ടുഎറച്ചിയും മീനും അവിടെ മുഖ്യമായ ആഹാരമാകുന്നു

൮ ഇംഗ്ലാന്റിനെ ചുററി ഇരിക്കുന്ന കടലിലും അതിലുള്ള ആറുകളിലും മീൻ അധികം ഉണ്ടു

൯ അവിടെ ഒള്ള നദികളിൽ എല്ലാപ്പൊഴും വെള്ളം നിറഞ്ഞിരിക്കും — അതു ഹിന്തുദെശത്തു ഒള്ള ആറുകളെ പൊലെ വററിപൊകയില്ലാ

൧൦ ഇംഗ്ലാൻറിൽ പുലി ആന മുതലായ കാട്ടുമൃഗങ്ങളും തെളും വിഷപ്പാമ്പുകളും ഇല്ലാ

൧൧ ഇംഗ്ലാന്റിൽ കാടുകളുമില്ലാ — ചിലവനങ്ങൾമാത്രം ഒണ്ടു — അതു കപ്പലുകൾക്കു വെണ്ടുന്ന മരങ്ങൾ വച്ചു ഒണ്ടാക്കുന്ന സ്ഥലങ്ങളാകുന്നു

൧൨ ഇംഗ്ലീഷുകാരരു പൊതുവായിട്ടു നിലക്കരി എരിക്കുന്നു — നിലക്കരി തറയിൽനിന്നും വെട്ടി എടുക്കുന്നു — അതു കറുപ്പായിട്ടും കല്ലിനെപ്പൊലെയും ഇരിക്കുന്നു — എങ്കിലും അതിനെ ലഘുവായി തുണ്ടുതുണ്ടായിട്ടു ഒടെയ്ക്കാം — അതു വിറകുപൊലെ എരിഞ്ഞു അധികം കനൽ കൊടുക്കുന്നു

## ൧൦൪

൧൩ ഇംഗ്ലാന്റിൽ പൊന്നും വെള്ളിയും അധികമില്ലാ - വൈരക്കല്ലും മുത്തുകളും അവിടെകിട്ടുകയില്ലാ - എങ്കിലും അവിടെ നല്ലഇരുമ്പും തകരവും ചെമ്പും അധികം ഉണ്ടു

൧൪ ഇരുമ്പു ഇംഗ്ലീഷുകാറക്കു പൊന്നിനെക്കാൽ അധികം പ്രയൊജനമൊള്ളതാകുന്നു - എങ്ങനെ എന്നാൽ ഇരുമ്പും നിലക്കരിയും കൊണ്ടു പുകസൂത്ത്രങ്ങളെയും കൈത്തൊഴില്ലുകൾക്കു വെണ്ടുന്ന സകല സൂത്ത്രങ്ങളെയും ചെയ്യുന്നു - ൟ സൂത്ത്രങ്ങളെകൊണ്ടു കുറുമ്പു ആട്ടുമുടിയും ഹിന്തു ദെശത്തിൽനിന്നും അമെരിക്കാ ദെശത്തിൽ നിന്നും കൊണ്ടുവരുന്നപഞ്ഞിയും പലവിധ വസ്ത്രങ്ങളായിട്ടു നെയ്യു ആയ്യും മററും ചരക്കുകളും അന്ന്യ ദെശങ്ങളിൽ അയക്കുന്നു - ഈപ്രകാരം ഉള്ള വ്യാപാരംകൊണ്ടു ഇംഗ്ലാൻറുദെശം എററവും ഐശ്വയ്യ്യവും ബലവുമൊള്ളതായിരിക്കുന്നു

---

ഇതിൽപിന്നെ പ്രസിദ്ധംചെയ്യുന്ന പൊസ്തകത്തിൽഇംഗ്ലാണ്ടുമുതലായദെശങ്ങളെക്കുറിച്ചു ഇന്നും അധികമായിട്ടു ചൊല്ലുകയും ചെയ്യും

---

തിരുവനന്തപുരം സക്കാർ അച്ചുക്കൂടത്തിൽ
അച്ചടിക്കപ്പെട്ടതു
൧൦൩൦ മാണ്ടു

# പിഴതിരുത്തൽ

ഈ പൊസ്തകത്തിൽ ഇത്രാംകട്ടദാസിൽ ഇത്രാംവരിയിൽ ഇന്നത ഇന്നത പിഴ എന്നും തിരുത്തും ഇതിന കീഴ്പറയുന്നു

---

| പക്കം | വരി | പിഴ | തിരുത്തൽ |
|---|---|---|---|
| ൨൩ | ൨൫ | ശ്രീ | സ്ത്രീ |
| ൩൧ | ൧൯ | പാകിനെ | പങ്കിനെ |
| ൪൫ | ൧൬ | പങ്കായിരിക്കുന്നു | പങ്കയിരിക്കുന്നു |
| ൫൩ | ൫ | നല്ല | നെല്ല |
| ൫൬ | ൧൦ | ഉറപ്പൊട്ട | ഉറപ്പൊട്ട |
| ൬൪ | ൮ | ചന്ന | ചെന്ന |
| ൬൫ | ൧൦ | ഹിന്ദു | ഏ ഹിന്ദു |
| ൬൭ | ൧൪ | ക്രൂച്ചരാ | ക്രൂച്ചരം |
| ൬൭ | ൫ം ൬ | സൌഖ്യം | സ്വർഗ്ഗം |
| ൭൧ | ൧൪ | വടനാവിനു | പട്ടണാവിനു |
| ൮൧ ൨൧൦ | ൨൨ | പഞ്ചാബു | പഞ്ചാബി |
| ൮൪ | ൭ | പിരിക്കട്ടമിരിക്കുന്നു | പിരിക്കപ്പെട്ടമിരിക്കുന്നു |
| ൮൫ | ൧൪ | ഒരുശബ്ദ | ഒറച്ചശബ്ദ |
| ൯൬ | ൧൯ | ഗൗണർ | ഗൌണ്ണർ |
| ൯൫ | ൪ | മെടിത്തിറെസ്സ്യാ | മെടിത്തിറെന്ന്യാ |
| ൧൦൦ | ൨൪ | ഡൻബിലി | ഡബിലിൻ |

1922 g 6574.

c

# FIRST GEOGRAPHY.

ചെന്നപട്ടണംമുതലായ

പള്ളിക്കൂടങ്ങളിൽ

ഇംഗ്ലീഷു മലയാളം തമിഴ മുതലായിട്ടുള്ള

ഭാഷകൾ പഠിക്കുന്ന കുഞ്ഞുങ്ങൾക്കു

ഉപയൊഗത്തിനായിട്ടു

ഉണ്ടാക്കിയിട്ടുള്ള

ഭൂമിശാസ്ത്രം

ഒന്നാമത പുസ്തകം

K. UNIV. BIBL. TÜBINGEN

*Travancore Government Press.*

1855.